KOTTAYAM PUBLIC LIBRARY

M 900

Call No. RAM-D    Acc. No. 12856

Author രാമകൃഷ്ണ ... പിള്ള. ജി.

Title ദേവസേനാ

1186

12856

# ദേവസേനാ.

ഗ്രന്ഥകർത്താ

ജി. രാമകൃഷ്ണപിള്ള. എം. എ

പ്രസാധകർ

പി. കെ. മാധവൻപിള്ള & സൺസ്

ചന്ദ്രാപ്രെസ്സ്, ചാല, തിരുവനന്തപുരം.

NATIONAL BOOK STALL SPCS LTD. BR. KOTTAYAM

1122

ഒന്നാംപതിപ്പ കാപ്പി 500

Copy right] [Price Rs. 1

M900

ശ്രീ

# ദേവസേനാ.

---

## ഒന്നാം അദ്ധ്യായം.

അതിപുരാതനമായ ആൎയ്യാവൎത്തത്തിന്റെ വടക്കെ ഭാഗത്തുള്ള സമതലപ്രദേശങ്ങളും ഇടക്കാലത്തെ ഹിന്ദുസ്ഥാനവും വലിയ സാമ്രാജ്യങ്ങളുടെ ഇരിപ്പിടവും വിദേശികളുടെ ശ്രദ്ധയെ ആകൎഷിച്ച അനേക അത്ഭുതസംഭവങ്ങൾക്കു രംഗവും ആകുന്നു. ഉത്പത്തിസ്ഥാനത്തിലെ മഞ്ഞുരുകി വേനൽക്കാലത്തുപോലും വെള്ളപ്പൊക്കമുണ്ടാകാറുള്ള മഹാനദികളും ഫലപുഷ്ടിയുള്ള നിരപ്പായ ഭൂമികളും പ്രാചീനകാലംമുതൽതന്നെ, അനവധി ജനങ്ങളെ ഇൻഡ്യയിലേക്കു് ആകൎഷിച്ചുവന്നു. ഹിന്ദുസ്ഥാനത്തിന്റെ തുറന്ന സ്ഥിതി നിമിത്തം യുദ്ധവീരന്മാരായ വിദേശിയന്മാർക്കു് അവിടെ പ്രവേശിച്ചു് സാമ്രാജ്യം സ്ഥാപിക്കുന്ന കാൎയ്യം എളുപ്പമായിരുന്നു. എന്നാൽ ആ വിധം സ്ഥാപിക്കപ്പെട്ട സാമ്രാജ്യങ്ങൾ പലതും ഇപ്പോൾ വിസ്മൃതങ്ങളായിപ്പോയിട്ടുണ്ടു്. അവയുടെ സ്ഥാനം എവിടെയായിരുന്നു എന്നുപോലും നിശ്ചയിക്കാൻ ചരിത്രകാരന്മാൎക്കു് ഇപ്പോൾ നിവൃത്തിയില്ല. എന്തെന്നാൽ അവയിൽ ചിലതു് പ്രകൃതിക്ഷോഭം നിമിത്തം സമുദ്രത്താൽ ആക്രമിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ

സമുദ്രമഗ്നമായ ഒരു സാമ്രാജ്യത്തിൻെറ കഥയാണു് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം.

മഹാനായ അലക്സാണ്ടർ ചക്രവൎത്തിയുടെ ആക്രമണകാലത്തു് സിന്ധുനദിയുടെ ഗതി ഏതുഭാഗത്തുകൂടിയായിരുന്നു എന്നു് നമുക്കിപ്പോൾ നിശ്ചയിക്കാൻ ശക്യമല്ല. അക്കാലത്തു് പ്രസ്തുതനദി അതിൻെറ ഇപ്പോഴത്തെ മാൎഗ്ഗത്തിൽനിന്നും അനേകം നാഴികദൂരത്തുകൂടിയാണു് പ്രവഹിച്ചു കൊണ്ടിരുന്നതു്. ഇങ്ങനെ നദികൾക്കും ഭൂമിക്കും പ്രകൃതിക്ഷോഭം നിമിത്തമുണ്ടായ ഭ്രംശത്തിൻെറ രീതിയിൽ രമണകസാമ്രാജ്യത്തിനും ആഴികളിൽ മുങ്ങിപ്പോകുവാനുള്ള ദുൎവ്വിധി നേരിട്ടു.

സിന്ധുനദിയുടെ ഇപ്പോഴത്തെ പതനസ്ഥലത്തുനിന്നും എത്രയോ നാഴികദൂരത്തിൽ വ്യാപിച്ചു കിടന്നിരുന്ന ഒരു ഭൂപ്രദേശമാത്ര രമണകസാമ്രാജ്യം. ഇതിൻെറ രാജധാനിയായ രമണകനഗരം ചരിത്രപ്രസിദ്ധമായ പാടലീപുത്രത്തെക്കാൾ അതിപ്രാചീനവും സകല വിധമായ പരിഷ്ക്കാരങ്ങളുടെയും കേന്ദ്രസ്ഥാനവും ആയിരുന്നു. ഇവിടത്തെ ഭരണരീതി പ്രജായത്തമെന്നു പറയപ്പെട്ടിരുന്നുവെങ്കിലും മഹാജനസഭയാൽ തിരിഞ്ഞെടുക്കപ്പെട്ട ചക്രവൎത്തിയായിരുന്നു ഭരണം നടത്തിവന്നതു്. ഒരു ചക്രവൎത്തിയുടെ കാലശേഷം അദ്ദേഹത്തിൻെറ പുത്രന്മാൎക്കു് സിംഹാസനത്തിനു് യാതൊരവകാശവും ഉണ്ടായിരുന്നില്ല. നേരേ മറിച്ചു് പ്രജകളെ പ്രതിനിധീകരിക്കുന്ന മഹാസഭയ്ക്കു് ഇഷ്ടമുള്ള ഒരാളെ തിരിഞ്ഞെടുത്തു്

ചക്രവൎത്തിപദത്തിൽ വാഴിക്കയായിരുന്നു പതിവു്. ഇങ്ങനെ സാൎവ്വഭൌമപദം ലഭിച്ച ഒരു മഹാനായിരുന്നു അമരേന്ദ്രസിംഹൻ

അമരേന്ദ്രസിംഹന്റെ ഭരണം നാലുവൎഷവും ഒൻപതു മാസവും മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും ഇക്കാലം മുഴുവൻ സംഭവബഹുലമായ ഒന്നായിരുന്നു. ഗാന്ധാരയുദ്ധത്തിനു് ഒരു വിരാമം ഇട്ടതും രമണകത്തെ ആക്രമിച്ച കിരാതന്മാരെ ശിക്ഷിച്ചതും ക്ഷത്രകന്റെ കൈയ്യിൽനിന്നും കീലഖണ്ഡത്തെയും പഞ്ചനദത്തെയും അപഹരിച്ചതും ഒടുവിൽ പ്രൌഢയായ ദേവസേനാരാജ്ഞിയുടെ സംസ്ഥാനത്തെ ധ്വംസിച്ചതും ഈ മഹാനായിരുന്നു.

അമരേന്ദ്രസിംഹന്റെ സമരപ്രസ്ഥാനത്തിൽ അദ്ദേഹത്തിനു് നിരന്തരമായ വിജയത്തെ പ്രദാനം ചെയ്തതു് സൈനികനിയമത്തിലുള്ള അദ്ദേഹത്തിന്റെ നിഷ്കൃഷ്ടമായ ശ്രദ്ധ ഒന്നു മത്രമായിരുന്നു. കൎശമായ അദ്ദേഹത്തിന്റെ നിയമങ്ങൾ അതുപടി ഭടന്മാരുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ അമരേന്ദ്രൻ തന്റെ ഉപസേനാനികൾക്കു് ആജ്ഞകൊടുത്തിരുന്നു. ചൂതുകളി മദ്യപാനം തുടങ്ങിയ ദുരാചാരങ്ങൾ കൎശമാകും വണ്ണം നിരോധിക്കപ്പെട്ടിരുന്നു. തന്റെ ഭടന്മാർ വിനയശീലന്മാരും മിതവ്യയശാലികളും പരിശ്രമികളും ആയിരിക്കണമെന്നത്രേ അമരേന്ദ്രന്റെ പ്രതീക്ഷ. അവരുടെ കവചങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുക, ആയുധങ്ങൾക്കു് മൂൎച്ച കൂട്ടുക, അവരുടെ കഞ്ചുകാദികളെയും കുതിരകളെയും പെട്ടെന്നുള്ള

സേവനത്തിനു സജ്ജമാക്കി വയ്ക്കുക മുതലായ ജോലികൾ ഉദാസീനത കൂടാതെ ചെയ്യണമെന്നു് അദ്ദേഹം നിഷ്കർഷിച്ചു. യോദ്ധാക്കൾ ചാരിത്രശുദ്ധിയോടും സ്വബുദ്ധിയോടുംകൂടി തങ്ങളുടെ നിവേശസ്ഥാനങ്ങളിൽ ഒതുങ്ങിപാർത്തുകൊള്ളണമെന്നും കൃഷിസ്ഥലങ്ങളെ നശിപ്പിക്കാതെയും, മോഷ്ടിക്കാതെയും, പാവപ്പെട്ട കൃഷകന്മാരിൽനിന്നും ഒരു കഷണം ഉപ്പുപോലും അപഹരിക്കാതെയും ജീവിച്ചുകൊള്ളണമെന്നും ചക്രവർത്തി കല്പനകൊടുത്തു. "അവൎക്കു് കൊടുക്കുന്ന ശമ്പളം അവരുടെ ഉപജീവനത്തിനു മതിയാകും; പിന്നെ പണം സമ്പാദിക്കണമെങ്കിൽ_അതു ശത്രുക്കളിൽ നിന്നുവേണം, അല്ലാതെ നിർദ്ദോഷികളായ കുടിയാന്മാരിൽ നിന്നല്ല വേണ്ടതു്." എന്നദ്ദേഹം പറക പതിവായിരുന്നു. ഇങ്ങനെയുള്ള ചട്ടങ്ങളിൽ അമരേന്ദ്രസിംഹന്റെ കാഠിന്യത്തെ, അല്ല നിഷ്ഠുരതയെ തന്നെ വെളിപ്പെടുത്തുന്ന ഒരു ദൃഷ്ടാന്തം പറയാം. ഭടന്മാരിൽ ഒരുവൻ അയാളുടെ ആതിഥേയന്റെ ഭാര്യയെ വശീകരിച്ചു. അപരാധിയായ അവന്റെ ഓരോ പാദത്തെയും ഓരോ ആനയുടെ കാലിൽ കെട്ടി, ആ മൃഗങ്ങളെ വിപരീത ഭാഗങ്ങളിലേക്കു് ഓടിച്ചു. അങ്ങനെ അവന്റെ ശരീരം രണ്ടായിപിളൎന്നു് അവൻ മരിച്ചു. ഈ വിധമുള്ള ചില മാതൃകാശിക്ഷകൾ ഭടന്മാരുടെ ഇടയിൽ നന്മയെ ഉളവാക്കുന്ന ഒരു പരിഭ്രമത്തെ ജനിപ്പിച്ചു. അമരേന്ദ്രന്റെ ശിക്ഷകൾ അതിനിഷ്ഠുരങ്ങളായിരുന്നു; എങ്കിലും ഒന്നിലധികം തവണ അദ്ദേഹത്തിനു് അങ്ങനെ ശിക്ഷിക്കേണ്ട ആവശ്യം നേരിട്ടില്ല.

സ്വകീയമായ ആചാരം തന്നെ ചക്രവൎത്തിയുടെ നിയമങ്ങളെ സ്ഥിരീകരിച്ചു. തന്നിമിത്തം, ആജ്ഞാനുസരണശീലനും തദ്വാരാ ആജ്ഞാദാനാൎഹനും ആയ ഒരു നായകനെ ദ്വേഷബുദ്ധികളായ സൈനികന്മാർ അത്യന്തം ഭയപ്പെട്ടു.

സാമ്രാജ്യഭരണം കയ്യേററു് അല്പകാലം ചെന്നപ്പോൾ അമരേന്ദ്രസിംഹന്നു് ആദ്യമായി പടവെട്ടേണ്ടി വന്നതു് ഗാന്ധാരരാജാവായ വീരപാലനോടായിരുന്നു. രമണകത്തിലെ പുതിയ ചക്രവൎത്തിയുടെ സ്വഭാവത്തെയോ ബലത്തെയോ യുദ്ധസാമൎത്ഥ്യത്തെയോ മനസ്സിലാക്കാതെയായിരുന്നു വീരപാലൻ പൂൎവ്വവൈരത്തെ തുടൎന്നു് പടയ്ക്കു പുറപ്പെടുവാൻ ഒരുങ്ങിയതു്. ഗാന്ധാരനഗരിയുടെ തെക്കെഭാഗത്തുള്ള മലയിടുക്കുകളെയും സിന്ധുവിന്റെ പോഷകനദികളുടെ തീരങ്ങളെയും കാത്തുകിടന്നിരുന്ന ഗാന്ധാരസേന ആ സന്ദൎഭം നല്ലതെന്നു കരുതി ഒന്നാകെ ഇളകി അവരുടെ സ്ഥാനങ്ങളെ ഉപേക്ഷിച്ചു് നദികളെ തരണംചെയ്തു് വീരപാലന്റെ നേതൃത്വത്തിൽ തെക്കോട്ടുകടന്നു. ഈ വൃത്താന്തം ചാരന്മാർ മുഖേന അറിഞ്ഞ അമരേന്ദ്രസിംഹൻ ഒരു പ്രബലസൈന്യത്തോടുകൂടി വടക്കോട്ടു പ്രയാണംചെയ്തു് ശത്രുസൈന്യത്തെ നേരിട്ടു. അതിഭയങ്കരമെങ്കിലും സംശയാസ്പദമായ ഒരു യുദ്ധം നടന്നു. ദിവസാവസാനത്തോടുകൂടി മാത്രമേ അതു് അവസാനിച്ചുള്ളു. കഴിഞ്ഞ ഇരുപതു വൎഷങ്ങളായി രമണകസാമ്രാജ്യവും ഗാന്ധാരരാജ്യവും തമ്മിൽ ഇടവിടാതെ യുദ്ധം നടന്നുകൊണ്ടിരിക്കയായിരുന്നു. അന്നത്തെ

സമരമാകട്ടെ ഇരുകൂട്ടൎക്കും നിസ്സീമമായ അവശതയെ ഉളവാക്കി. അതിനാൽ ശാശ്വതമായും ഗുണകരമായും ഉള്ള ഒരു സന്ധി ചെയ്യാൻ രണ്ടുഭാഗത്തെ സേനാനികളും നിശ്ചയിച്ചു. സന്ധിക്കു് ആദ്യമായി അപേക്ഷിച്ചതു് വീരപാലനായിരുന്നു. ബുദ്ധിമാനായ അമരേന്ദ്രൻ ഈ അപേക്ഷയെ തന്റെ സേനയുടെ മുമ്പിൽ സമൎപ്പിച്ചു് അനുവാദം വാങ്ങിയ ഭാവത്തിൽ അംഗീകരിച്ചു് സ്ഥിരപ്പെടുത്തി. തന്നെയും സൈന്യത്തെയും ഗാന്ധാരനദിയുടെ തീരംവരെ നിർബാധം പിൻവാങ്ങാൻ അനുവദിക്കണമെന്നുള്ള നിബന്ധനയിന്മേൽ രണ്ടായിരം അശ്വഭടന്മാരെ രമണകചക്രവൎത്തിക്കു കൊടുത്തു കൊള്ളാമെന്നു് വീരപാലൻ സമ്മതിച്ചു. ഗാന്ധാരസേനയിൽ നിന്നും അഞ്ഞൂറുഭടന്മാർ രാത്രികാലത്തിൽ കൊള്ളയ്ക്കായി രമണകസൈനികന്മാരുടെ സ്കന്ധാവാരത്തിൽ കടന്നുവെന്നുള്ള കുററത്തിനു് അവരെ വധിക്കാൻ വീരപാലൻ കല്പിച്ചതിൽനിന്നു് ഈ ഉടമ്പടി എത്രമാത്രം പവിത്രമായി കരുതപ്പെട്ടിരുന്നു എന്നു വെളിവാകുന്നു. സന്ധിനിബന്ധനകളുടെ ഉറപ്പിനായി അമരേന്ദ്രസിംഹൻ ഗാന്ധാരസംഘത്തിലെ പ്രധാനപ്പെട്ട ചില പ്രഭുക്കന്മാരുടെ പുത്രന്മാരെയും പുത്രിമാരെയും ബന്ദികളായി പിടിച്ചു വച്ചിരുന്നതിൽ പ്രകടിപ്പിച്ച മുൻകരുതൽകൂടി ശത്രുപക്ഷത്തിന്റെ ഈ ശാന്തശീലത്തിനു് ഒരു പ്രധാന ഹേതുവായി കരുതപ്പെടാം. ഇവരിൽ യുവാക്കന്മാരെ ആയുധവിദ്യ അഭ്യസിപ്പിച്ചു് ചക്രവൎത്തിയുടെ അംഗരക്ഷകസേനയിൽ ചേർക്കുകയും യുവതികളെ കലാവിദ്യ

കളിൽ പ്രഗാദ്ഭകളാക്കി രമണകസേനയിലെ ചില പ്രധാന ഉദ്യോഗസ്ഥന്മാക്കു കല്യാണം കഴിച്ചുകൊടുക്കുകയും ചെയ്തു. ഇങ്ങനെ ഇരു സമുദായക്കാരും തമ്മിലുള്ള മൈത്രി ക്രമേണ ദൃഢതരമാക്കപ്പെട്ടു.

എന്നാൽ ഈ സന്ധിയിലെ പ്രധാന വ്യവസ്ഥ രേഖാരൂപത്തിൽ നിർദ്ദിഷ്ടമായില്ലെങ്കിലും പ്രവൃത്തിയാൽ പ്രകടമാക്കപ്പെട്ടു. എങ്ങനെയെന്നാൽ ചക്രവത്തി സ്വസൈന്യത്തെ "കൃത്തിപുര"ത്തിൽ നിന്നും തന്ത്രത്തിൽ പിൻവലിച്ചു് ആ മണ്ഡലത്തെ വീരപാലനായി വിട്ടുകൊടുത്തു. തന്റെ പുരുഷോചിതമായ ഈ വിവേചനം തനിക്കു് സുസ്ഥിരമായ ഗുണങ്ങളെ ഉളവാക്കുമെന്നു് ചക്രവത്തിക്കു ബോധ്യമായി. സമീപസ്ഥമായ പവ്വതപ്രദേശങ്ങളിലെ തസ്കരന്മാരുടെ അടിക്കടിയുള്ള ആക്രമണത്താൽ ഗൃഹങ്ങൾപോലും ഉപേക്ഷിച്ചു് വിദേശങ്ങളിൽ അഭയം പ്രാപിച്ചിരുന്ന കൃത്തിപുരത്തിലെ പ്രജകൾ വീണ്ടും സ്വരാജ്യത്തേക്കു തിരിച്ചുവന്നു് വാസമുറപ്പിച്ചു് കൃഷിവൃത്തിയിൽ ഏർപ്പെട്ടു. അങ്ങനെ ആ മണ്ഡലം ഗാന്ധാരരാജാവിന്റെ ഭരണത്തിൻ കീഴിൽ അഭിവൃദ്ധിയെ പ്രാപിച്ചു. നിഷ്ഠുരന്മാരായ തസ്കരന്മാരുടെ നിരന്തരാക്രമണത്താൽ മരുഭൂമിയായി കിടന്നിരുന്ന കൃത്തിപുരം അല്പകാലത്തിനുള്ളിൽ ഫലപുഷ്ടമാവുകയും വ്യവസായവദ്ധനത്താൽ ക്ഷേമകരമായിത്തീരുകയും ചെയ്തു. സിന്ധുവിന്റെ മറുകരയിലുള്ള രാജ്യങ്ങളുമായി വ്യാപാരബന്ധത്തിൽ ഏർപ്പെടുകയാൽ പ്രസ്തുത മണ്ഡലം ക്രമേണ പരിഷ്കാരകേന്ദ്രമായി ഭവിക്കയും

അവിടത്തെ ജനസമുദായം ഉറച്ച ഒരടിസ്ഥാനത്തിൽ പ്രബലതയെ പ്രാപിക്കയും ചെയ്തു. ഈ വിധത്തിൽ അധികകാലം കഴിയുന്നതിനു മുമ്പായി മണ്ഡലത്തെ ശത്രുബാധയിൽ നിന്നും രക്ഷിക്കാൻ പര്യാപ്തവും ശക്തിയുക്തവുമായ ഒരു സൈന്യവും കൃത്തിപുരത്തിൽ സ്ഥാപിക്കപ്പെട്ടു. അങ്ങനെ രമണകസാമ്രാജ്യത്തിൻെറ ഉത്തരപരിധിയിലെ ഒരു ദുർഗ്ഗത്തോടൊപ്പം ഈ മണ്ഡലം ഉത്തരദേശീയന്മാരായ ശത്രുക്കൾക്ക് നിരന്തരമായ ഭയത്തെ ജനിപ്പിച്ചുകൊണ്ടിരുന്നു. അമരേന്ദ്രസിംഹനുമായുള്ള മൈത്രിയെ കൃത്തിപുരവാസികൾ നിർവിഘ്നം പരിപാലിക്കയും ചെയ്തു.

---

## രണ്ടാമദ്ധ്യായം

അമരേന്ദ്രസിംഹൻെറ ശക്തിയുക്തവും സമുചിതവുമായ നയവിശേഷം രമണകസാമ്രാജ്യത്തിൻെറ ഉത്തരപരിധിയെ ശക്തിമത്താക്കിത്തീർത്തപ്പോൾ ബലൂചിസ്ഥാനത്തിലെ കിരാതന്മാർ അവരുടെ പഴയ സന്ധിവ്യവസ്ഥകളെ ലംഘിച്ച് സായുധന്മാരായി ഇളകി. അമരേന്ദ്രസിംഹൻെറ പൂർവ്വഗാമിയായ ചക്രവർത്തിയോട് ഇക്കൂട്ടർ മുമ്പുതന്നെ സന്ധിചെയ്ത് സമാധാനത്തിൽ കഴിഞ്ഞുകൂടുകയായിരുന്നു. കൃത്തിപുരത്തിൻെറ അസാ

ധാരണമായ അഭ്യുദയം അവരെ അസൂയാലുക്കളാക്കുകയും അതിന്റെ കാരണക്കാരനായ രമണകചക്രവർത്തിയെ ഒരു പാഠം പഠിപ്പിക്കണമെന്നു് അവർ നിശ്ചയിക്കയും ചെയ്കയാലാണു് നവമായ ഈ പ്രക്ഷോഭം ഉണ്ടായതു്. നാല്പതിനായിരം അശ്വഭടന്മാരും അതിലിരട്ടി പദാതിയും ചേൎന്ന ഒരു മഹാസേനയെ കിരാതനാഥൻ രണാങ്കണത്തിലേക്കു നയിച്ചു. സിന്ധുവിന്റെ അപ്രധാനമായ ചെറിയ പോഷകനദികളുടെ തീരങ്ങളിൽകൂടി കിരാതസൈന്യം തെക്കോട്ടു തിരിച്ചു. പ്രയാണമാൎഗ്ഗത്തിൽ നിസ്തുല്യമായ വിജയത്താൽ പരിലാളിതരായ അവർ കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ചുകൊണ്ടു് മദോന്മത്തരായി യാത്രതുടൎന്നു രമണകത്തിന്റെ പരിധികളിൽ കടന്നു് അനവധി ധനം കൊള്ളയിട്ടുകൊണ്ടു് മെല്ലെ പിൻതിരിഞ്ഞു.

കിരാതന്മാരുടെ ഈ പടപ്പുറപ്പാടും അപഹരണവും ഉടൻതന്നെ ചക്രവൎത്തിയോടറിയിക്കപ്പെട്ടു. സമരക്ഷമമായ ഒരു സൈന്യത്തെ ശേഖരിച്ചുകൊണ്ടു് അദ്ദേഹം നിശ്ശബ്ദനായും എന്നാൽ ശീഘ്രഗതിയായും പ്രസ്ഥാനം തുടങ്ങി. കിരാതന്മാരാകട്ടെ കൊള്ളയിട്ടു സമ്പാദിച്ച പണവും വിലയേറിയ സാധനങ്ങളും കൊണ്ടു് സിന്ധുനദിക്കരയിൽ എത്തി. ഇതിനിടയിൽ നദിയുടെ മറുകരയിലുള്ള വനപ്രദേശത്തിൽ അമരേന്ദ്രസിംഹൻ സേനയുമായി ഒളിച്ചു കിടക്കുകയായിരുന്നു. കിരാതസൈന്യം യാതൊരാപത്ശങ്കയും കൂടാതെ നദി കടന്നു നടന്നു തുടങ്ങി. സൈന്യത്തിൽ പകുതിഭാഗവും കടന്നുപോകു

ന്നതുവരെ അമരേന്ദ്രസിംഹൻ അനങ്ങിയില്ല. കിരാതന്മാരുടെ മാർഗ്ഗം ഒരു മലയിടുക്കിൽ ആയപ്പോൾ ആ പാതയുടെ അവസാനസ്ഥലത്തു മറഞ്ഞുകിടന്ന രമണകസൈന്യത്തിൻെറ ഒരു ഭാഗം അവിടെ സന്നദ്ധമായി നില്ക്കുന്നതിനു് അദ്ദേഹം കല്പിച്ചു. വളരെ വീതികുറഞ്ഞ ആ സ്ഥലത്തുനിന്നുകൊണ്ടു് കിരാതന്മാൎക്കു് ശത്രുവിനെ തള്ളി നീക്കാൻ കഴിഞ്ഞില്ല. അതിനാൽ അവർ ഇരുഭാഗത്തുമുള്ള കുന്നുകളിന്മേലേക്കു വലിഞ്ഞുകയറാൻ തുടങ്ങി. അപ്പൊഴേക്കും കുന്നിന്മുകളിൽ മലയിടുക്കിൻെറ രണ്ടുഭാഗത്തും ഒളിച്ചിരുന്ന രമണകഭടന്മാർ സായുധന്മാരായി പ്രത്യക്ഷപ്പെട്ടു. അതിനാൽ ആ മാൎഗ്ഗങ്ങളിൽ കൂടിയുള്ള രക്ഷയും അസാദ്ധ്യമെന്നു കണ്ടു് കിരാതന്മാർ തിരിയെ മലയിടുക്കിലേക്കിറങ്ങി. ഇതിനിടയിൽ അവരുടെ സൈന്യം മുഴുവൻ മലയിടുക്കിനുള്ളിലായി എന്നു കണ്ടപ്പോൾ അതിൻെറ മറുപുറത്തുള്ള പ്രവേശനദ്വാരത്തിൽ അമരേന്ദ്രസിംഹൻ ഒരു ഭാഗം സേനയുമായി നിലയുറപ്പിച്ചു. ഇങ്ങനെ നാലുപുറത്തും ശത്രുക്കളാൽ വളയപ്പെട്ട കിരാതന്മാർ സംഭ്രാന്തരായി മിഴിച്ചു മേല്പോട്ടു നോക്കിത്തുടങ്ങി.

ആശയററ ഈ പരിതസ്ഥിതിയിൽ കിരാതന്മാർ ചക്രവൎത്തിയുമായി സന്ധിചെയ്യാൻ തന്നെ തീൎച്ചയാക്കി. അവരുടെ ദൂതന്മാരെ അമരേന്ദ്രൻ തൻെറ കൂടാരത്തിൽ വച്ചു സ്വീകരിച്ചു. രമണകസാമ്രാജ്യത്തിൻെറ മഹിമയേയും സൈനികമായ ശിക്ഷണപാടവത്തെയും പ്രസ്പഷ്ടമാക്കുവാൻ പോരുന്ന സഘാഡംബരങ്ങളും അപ്പോൾ

അവിടെ പ്രദൎശിപ്പിക്കപ്പെട്ടു. യോധന്മാർ സായുധന്മാരായി അണിനിരന്നു് നിശ്ശബ്ദരായി നിന്നു. തങ്ങൾ തങ്ങൾക്കുള്ള സ്ഥാനവലിപ്പത്തെ കാണിക്കുന്ന അടയാളങ്ങളോടുകൂടി പ്രധാന സേനാനികൾ കുതിരപ്പുറത്തു കയറി സിംഹാസനത്തിന്റെ ഇരുപുറത്തും സ്ഥാനം പിടിച്ചു. സിംഹാസനത്തിന്റെ പിന്നിലായി ചക്രവൎത്തിയുടെയും അദ്ദേഹത്തിന്റെ മുൻഗാമികളുടെയും വന്യവിഗ്രഹങ്ങളും, രാജചിഹ്നമായ സ്വൎണ്ണസിംഹവിഗ്രഹവും വെള്ളിക്കുന്തങ്ങളിൽ ഘടിപ്പിച്ചു് ഉയൎത്തിപിടിക്കപ്പെട്ടിരുന്നു. അമരേന്ദ്രസിംഹൻ സിംഹാസനത്തിൽ ഉപവിഷ്ടനായപ്പോൾ അദ്ദേഹത്തിന്റെ പുരുഷോചിതമായ കാന്തിയും സാൎവഭൌമസമുചിതമായ പ്രഭാവവും അദ്ദേഹം മാനനാർഹനാണെന്നു് അപരിഷ്കൃതന്മാരായ ആ കിരാതന്മാരെ പഠിപ്പിച്ചു. ദൂതന്മാർ നിശ്ശബ്ദരായി ചക്രവൎത്തിയുടെ മുമ്പിൽ വീണു സാഷ്ടാംഗം നമസ്കരിച്ചു. എഴുന്നേററുനിന്നു് തങ്ങളുടെ നിവേദനങ്ങളെ സമൎപ്പിക്കുവാൻ അദ്ദേഹം അവരോടാജ്ഞാപിച്ചു. തങ്ങളുടെ വഞ്ചനത്തെ ലഘുവാക്കിയും, വീരകൃത്യങ്ങളെ പുകഴ്ത്തിയും ഭാഗ്യത്തിന്റെ അസ്ഥിരതയെ വിസ്തരിച്ചും അവർ ഏറെനേരം പ്രസംഗിച്ചു. ഒടുവിൽ രമണകസാമ്രാജ്യവുമായി തങ്ങൾ ചെയ്യാമെന്നു സമ്മതിച്ചിട്ടുള്ള സന്ധിക്കു പ്രതിഫലമായി ഒരു വലിയ തുക നാണയമായി കിട്ടണമെന്നും അവർ ദൈവവൈപരീത്യത്താൽ ആവശ്യപ്പെട്ടു. ചക്രവൎത്തിയുടെ മറുപടി കൎക്കശവും രാജോചിതവുമായിരുന്നു. അവരുടെ സന്ധിവാ

ദാനത്തെയും ധനവ്യവസ്ഥയേയും അദ്ദേഹം നിന്ദയോടും രോഷത്തോടുംകൂടി നിഷേധിച്ചു. യുദ്ധനിയമങ്ങളിലും സന്ധിനിയമങ്ങളിലും യാതൊരറിവുമില്ലാത്ത മൂഢന്മാരെന്നു് അധിക്ഷേപിച്ചശേഷം നിരുപാധികമായ കീഴടക്കത്തെ ആവശ്യപ്പെട്ടുകൊണ്ടു് അമരേന്ദ്രൻ അവരെ തന്റെ സന്നിധിയിൽ നിന്നും പിരിച്ചുവിട്ടു. ഗാന്ധാരന്മാൎക്കു് വിദൂരസ്ഥമായ ഒരു മണ്ഡലത്തെ അമരേന്ദ്രസിംഹൻ മനസ്സാലെ വിട്ടുകൊടുത്തു. എന്നാൽ വഞ്ചകന്മാരായ ഈ അപരിഷ്കൃതന്മാരെ അതുപോലെ വിശ്വസിക്കയോ അവൎക്കുമാപ്പുകൊടുക്കുകയോ ചെയ്യുന്നതു് ആപത്ക്കരമെന്നു ചക്രവൎത്തി നല്ലപോലെ അറിഞ്ഞിരുന്നു. അവരുടെ ഉദ്വാരമായ ശക്തി രമണകത്തിനു നിരന്തരമായ ഭീതിക്കു കാരണവും ആയിരുന്നു.

മേല്പറഞ്ഞ സന്ധിസഭ പിരിഞ്ഞ ക്ഷണത്തിൽ തന്നെ ചക്രവൎത്തിയുടെ സാന്നിധ്യം അത്യന്താപേക്ഷിതമെന്നു് രാജധാനിയിൽ നിന്നു് ഒരു ദൂതൻ വന്നറിയിക്കയാൽ അദ്ദേഹം അതിവേഗത്തിൽ അങ്ങോട്ടു തിരിച്ചു. കിരാതന്മാരെ വാളുകൊണ്ടോ പട്ടിണി മൂലമായിട്ടോ സംഹരിച്ചുകൊള്ളുവാൻ തന്റെ സേനാനികൾക്കു് കല്പന കൊടുത്തശേഷമാണു് അദ്ദേഹം രാജധാനിക്കുപോയതു്. എന്നാൽ സന്ധിനിൎദ്ദേശത്തെപ്പറ്റി ആലോചിക്കുവാനുള്ള സഭ കൂടിയപ്പോൾ മലയിടുക്കിന്റെ പാൎശ്വസ്ഥലങ്ങളിൽ നിന്നിരുന്ന സാമ്രാജ്യഭടന്മാർ തങ്ങളുടെ സ്ഥാനങ്ങളിൽ നിന്നു് ചലിക്കയും ഉദാസീനന്മാരായി അങ്ങുമിങ്ങും സഞ്ചരിക്കയും ചെയ്കയാൽ ആ തക്കംനോക്കി

പലവഴിയിൽ കൂടി പുറത്തു വന്ന കിരാതന്മാർ സന്ധിനിർദ്ദേശം വിഫലമെന്നു കണ്ടപ്പോൾ തങ്ങളുടെ കൂട്ടകാരെയും രക്ഷപ്പെടുത്തികൊണ്ടു് നേരെ വീണ്ടും രമണകത്തിൻെറ അതിർത്തിനോക്കിത്തന്നെ ദ്രുതഗതിയിൽ പ്രയാണം ചെയ്തു. യുദ്ധം നിശ്ശേഷം അവസാനിച്ചു എന്നു പ്രതീക്ഷിച്ചിരുന്ന അമരേന്ദ്രസിംഹൻ കിരാതന്മാർ രക്ഷപ്പെട്ടതിനെയും അവർ വീണ്ടും തൻെറ സാമ്രാജ്യാതിർത്തികളിൽ കടന്നു നാശങ്ങൾ ചെയ്യുന്നതിനെയും പററികേട്ടപ്പോൾ ഒന്നു് അമ്പരന്നു. എങ്കിലും അടുത്ത നിമിഷത്തിൽ അദ്ദേഹം തൻെറ സേനയെ ശത്രുവിൻെറ നേരെ നിയോഗിച്ചു. മൂന്നു ദിവസം കഴിഞ്ഞു് ചക്രവർത്തിതന്നെ ഒരു വമ്പിച്ച സൈന്യത്തോടുകൂടി യുദ്ധഭൂമിയിൽ എത്തി.

കിരാതന്മാരുടെ ലഘുപദാതികൾ രമണകത്തിൻെറ ഉത്തരപ്രാന്തത്തിലുള്ള മലകളുടെ മുകളിൽനിന്നു താഴ്വരയിലേയ്ക്കിറങ്ങി ചെറു സംഘങ്ങളായി പലയിടങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ അമരേന്ദ്രൻെറയും സേനാനികളുടെയും ശ്രമം അവരെ കണ്ടുപിടിച്ചു് തടുത്തു യുദ്ധം ചെയ്തു് ഓടിക്കുക എന്നുള്ളതായിരുന്നു. ഈ വിധം ക്രമംകെട്ട ഒരു സംഗരപരമ്പരയ്ക്കും പുറമെ പ്രസ്താവയോഗ്യമായ മൂന്നു് ഉഗ്ര സമരങ്ങളും ഇക്കാലത്തു നടന്നു. ഇവ മൂന്നിലും ഇരുകൂട്ടക്കാരും പ്രാണഭയമില്ലാതെ ധീരധീരം പോരാടി—വിജയം അസ്ഥിരമായിരുന്നു. ആദ്യത്തെ യുദ്ധത്തിൽ രമണകസാമ്രാജ്യംതന്നെ തകർന്നുപോകത്തക്ക ഒരു പ്രഹരമാണു് സാമ്രാജ്യസേനക്ക

കിട്ടിയതു്. വനാന്തരത്തിൽ നീളെ ഒളിച്ചിരുന്ന തന്ത്രശാലികളായ ആ മ്ലേച്ഛന്മാർ സായാഹ്നത്തിലെ മങ്ങിയ വെളിച്ചത്തിൽ സാമ്രാജ്യസേനയുടെ മേൽ ചാടിവീണു. അവരുടെ ആക്രമണത്തിൻെറ തൈക്ഷ്ണ്യം ദുർന്നിവാരമായിരുന്നു. എന്നാൽ ഒടുവിൽ വളരെ അധികം രക്തം ചിന്തിയശേഷം ചക്രവർത്തിയുടെ പ്രശാന്തമായ ധീരത അദ്ദേഹത്തിൻെറ സൈന്യത്തെ വീണ്ടും ദൃഢമാക്കി ഒരു വിധത്തിൽ തൻെറ അഭിമാനം വീണ്ടെടുത്തു. രണ്ടാമത്തെ യുദ്ധത്തിൽ കിരാതന്മാൎക്കു് സാമ്രാജ്യത്തിനുള്ളിൽ അധിക ദൂരം പുരോഗമിക്കാൻ സാധിച്ചു. എന്നാൽ മാറാതെ അവരുടെ പിന്നിൽ തന്നെ സഞ്ചരിച്ചുകൊണ്ടിരുന്ന അമരേന്ദ്രസിംഹൻ തനിക്കനുകൂലമായ സ്ഥലവും സമയവും കരിച്ചുകൊണ്ടു് അവരോടേൽക്കുകയും പരിഹരിക്കാൻ പാടില്ലാത്ത വിധം ഭയങ്കര നഷ്ടത്തോടുകൂടി അവരെ തോല്പിക്കുയും ചെയ്തു. പലായനം മാത്രം രക്ഷാമാൎഗ്ഗമായി കണ്ട ശേഷിച്ചുകിരാതന്മാർ മൂന്നാമത്തെ സമരത്തിൽ ഉന്മൂലനം ചെയ്യപ്പെടുകയും സാമ്രാജ്യം ശത്രുമുക്തമാകുയും ചെയ്തു.

അന്ധവിശ്വാസത്തിൻെറ മാതാവു് ഭയമാകുന്നു, തന്നിമിത്തം ഓരോ പുതിയ ആപത്തും സംത്രസ്തരായ മർത്ത്യന്മാരെ അവരുടെ അദൃശ്യശത്രുക്കളുടെ കോപനിവാരണാൎത്ഥം പ്രാൎത്ഥിക്കുന്നതിന്നായി നിർബന്ധിക്കുന്നു. ആ പ്രജായത്തസാമ്രാജ്യത്തിൻെറ മുഖ്യമായ പ്രത്യാശ അമരേന്ദ്രസിംഹൻെറ ധൈൎയ്യത്തിലും കൎമ്മശക്തിയിലും നിക്ഷിപ്തമായിരുന്നുവെങ്കിലും രാജധാനിയുടെ ഉദ്ഗാര

ത്തിൽ മ്ലേച്ഛന്മാരുടെ സാന്നിധ്യത്തെ നിമിഷംപ്രതി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ആ സന്ദർഭത്തിൽ പൊതുജനങ്ങളുടെ സംഭ്രാന്തി അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്നതിനാൽ ഭാവിയെ സംബന്ധിച്ചു് ദൈവജ്ഞന്മാരോടു് ആലോചിക്കുവാൻ തന്നെ മഹാസഭ ആജ്ഞാപിച്ചു. മതസംബന്ധിയായ ആദരവിനെ മുൻനിർത്തിയോ, നയത്തെ പുരസ്കരിച്ചോ എന്നറിവാൻ പാടില്ല ചക്രവർത്തിപോലും സ്വാഗതാർഹമായ ഈ ഉപായത്തെ പ്രശംസിച്ചു. എന്നു മാത്രമല്ല അക്കാര്യത്തിൽ മാന്ദ്യം പ്രകടിപ്പിച്ച മഹാസഭയെ അദ്ദേഹം കുററപ്പെടുത്തുകയും ഈശ്വരന്മാരെ തൃപ്തിപ്പെടുത്തുവാൻ പണമോ ആളോ പശുവോ എന്തുവേണമെങ്കിലും കൊടുക്കാമെന്നു് സമ്മതിക്കയും ചെയ്തു. ഔദാര്യപൂർവമായ ഈ വാഗ്ദാനം അചഞ്ചലമായിരുന്നുവെങ്കിലും രമണകത്തിലെ പൌരന്മാരുടെ പാപത്തിനു് യാതൊരു മനുഷ്യജീവികളും അയാളുടെ രക്തംകൊണ്ടു പരിഹാരം ചെയ്യേണ്ടിവന്നില്ല. ദൈവജ്ഞന്മാർ നിർദ്ദോഷമായ ചില മതാചാരങ്ങളെ മാത്രമേ നിർദ്ദേശിക്കയുണ്ടായുള്ളു. വെള്ളവസ്ത്രം ധരിച്ച പുരോഹിതന്മാരുടെ ഘോഷയാത്രയും രാജധാനിയിലേയും പരിസരപ്രദേശത്തിലേയും പുണ്യാഹകർമ്മവും മററു ചില പെരുയാഗങ്ങളും മാത്രമാണു് ദൈവജ്ഞന്മാർ നിശ്ചയിച്ച പരിഹാരം. എന്തു കാരണത്താലായാലും അമരേന്ദ്രസിംഹൻസമരത്തിൽ പരിപൂർണ്ണമായവിജയം നേടി സാമ്രാജ്യത്തെ രക്ഷിച്ചുഎന്നുള്ളതുനിർവിവാദമത്രെ.

# മൂന്നാമദ്ധ്യായം

എന്നാൽ, മാതൃകാപ്രാകാരങ്ങളെ സംബന്ധിച്ച് എത്രമാത്രം വിശ്വാസം അവലംബിച്ചാലും ഭൂതകാലത്തിലെ പരിചയവും ഭാവിയെ സംബന്ധിച്ച ഭയവും ബലവത്തും ശാശ്വതവുമായ ഒരു പ്രാകാരത്താൽ രാജധാനിയിലെ ദുർഗ്ഗത്തെ സുരക്ഷിതമാക്കുവാൻ രമണകത്തിലെ പൌരന്മാരെ പ്രേരിപ്പിച്ചു. രമണകത്തിലെ പഴയ കോട്ടമതിൽ പതിമൂന്നു മയിൽ ചുററളവുള്ളതായിരുന്നു. രമണകത്തിൻെറ ആരംഭകാലത്ത് അതു വെറും ഒരു നഗരസംസ്ഥാനം മാത്രമായിരുന്നു. നഗരത്തിൻെറ രക്ഷയ്ക്കായി പൌരന്മാരെല്ലാവരും കൂടി ആക്കാലത്തു കെട്ടിച്ച കോട്ടയായിരുന്നു ഇതു്. എന്നാൽ, എത്രയും ചെറുതായ ഒരു നഗരസംസ്ഥാനത്തിനു് ഇത്രയും വിപുലമായ ഒരു ദുർഗ്ഗത്തിൻെറ ആവശ്യമെന്തെന്നു വായനക്കാർ ചോദിക്കുമായിരിക്കും. അതിനുത്തരം പറവാൻ ഏറ്റവും വൈഷമ്യവും ഇല്ല. രമണകം നഗരസംസ്ഥാനമായിരുന്ന കാലത്തു് അതിനു ചുററും സ്വതന്ത്രമായി ചില ചെറിയ രാജ്യങ്ങൾ ഉണ്ടായിരുന്നു. ആ രാജ്യക്കാർ കൂടക്കൂടെ അന്യോന്യം ആക്രമണങ്ങൾ നടത്തിവന്നു. ഇങ്ങനെയുള്ള ആക്രമണങ്ങൾ പലപ്പോഴും രമണകത്തിൻെറ നേരെയും ഉണ്ടായിട്ടുണ്ടു്. ഒരു രാജ്യത്തെ ആക്രമിക്കുന്ന ശത്രുവിൻെറ ആദ്യത്തെ പ്രവൃത്തി കൃഷിസ്ഥലങ്ങൾ നശിപ്പിക്കയാണല്ലോ. കൃഷി ഭൂമികൾ നശിക്കുമ്പോൾ മനുഷ്യരുടെയും കന്നുകാലികളുടെയും ആഹാരവും

മുടങ്ങും. ഇങ്ങനെയുള്ള വൈഷമ്യങ്ങൾ നേരിടാതിരിക്കാൻ വേണ്ടിയാണു് ചുററുമുള്ള കൃഷിഭൂമികളെയും ഉൾപ്പെടുത്തി രമണകത്തിലെ ദുർഗ്ഗം ഇത്രയും വിസ്തൃതമായി നിർമ്മിക്കപ്പെട്ടതു്. സംസ്ഥാനം ക്രമേണ വളർന്നു് ഒരു വിപുല സാമ്രാജ്യമായിത്തീൎന്നപ്പോഴും പഴയ ദുർഗ്ഗംതന്നെ അഭംഗുരമായി നിലകൊള്ളുകയായിരുന്നു.

അമരേന്ദ്രസിംഹനാൽ വിരചിതമായ ദുർഗ്ഗം അൻപതു ചതുരശ്രമൈൽ സ്ഥലത്തെ ഉൾക്കൊണ്ടിരുന്നതായി പറയപ്പെടുന്നു. കിരാതന്മാരുടെ ആക്രമണമാണു് ഈ പുതിയ ദുർഗ്ഗത്തിന്റെ നിർമ്മിതിക്കു പ്രധാനകാരണം. എന്നാൽ രമണകസാമ്രാജ്യത്തിന്റെ പുരാതനമായ സുവർണ്ണകാലത്തു് ഈ വിധം ഒരു ദുർഗ്ഗത്തിന്റെ നിർമ്മാണം മഹാസഭയുടെ ശ്രദ്ധയെ ആകർഷിച്ചില്ല. എന്തെന്നാൽ അന്നു വിശ്വവിശ്രുതമായിരുന്ന സാമ്രാജ്യസേനയുടെ ദുർജ്ജയത്വത്തിൽ ജനങ്ങൾക്കു പരിപൂർണ്ണമായ വിശ്വാസം ഉണ്ടായിരുന്നു. സാമ്രാജ്യത്തെ രക്ഷിക്കാൻ പ്രസ്തുതമഹാസേനയാകുന്ന ഒരു ദുർഗ്ഗം ഇരിക്കെ മറെറാരു ദുർഗ്ഗത്തിന്റെ ആവശ്യം ജനങ്ങൾ കണ്ടിരുന്നില്ല. സാമ്രാജ്യപരിധിയെ തീണ്ടുവാൻപോലും ഒരു ശത്രുവിനു് അന്നു ധൈൎയ്യമുണ്ടായില്ല. എന്നിരിക്കെ രാജധാനിയെ സമീപിക്കുക എന്ന കാര്യം സ്വപ്നത്തിൽപോലും ചിന്താവിഷയവുമായില്ല. പ്രസ്തുത കഥാകാലത്താകട്ടെ സാമ്രാജ്യസേനയുടെ വീൎയ്യം ളുലോം മൌനമായി പോയ അതിന്റെ ലക്ഷ്യമായിട്ടത്രേ നൂതനമായ ദുർഗ്ഗനിർമ്മാണത്തിന്റെ ആലോചനയു

ണ്ടായതു്. അമരേന്ദ്രസിംഹന്റെ ആത്മവീൎയ്യം ഒന്നുമാത്രമായിരുന്നു സാമ്രാജ്യത്തിന്റെ നട്ടെല്ലായി നിന്നിരുന്നതു്.

ഗാന്ധാരന്മാരുടെയും കിരാതന്മാരുടെയും മേലുള്ള വിജയം സാമ്രാജ്യസൈന്യത്തിന്റെ പഴയ വീൎയ്യമഹിമയെ പുനരുദ്ധരിച്ചു. അമരേന്ദ്രന്റെ അടുത്ത ഉദ്യമം കീലഖണ്ഡത്തെയും പഞ്ചനദത്തെയും അപഹരിച്ചു് അവിടെ രാജാധികാരം നടത്തിക്കൊണ്ടിരുന്ന സ്വേച്ഛാധിപതികളെ അമച്ചചെയ്വാനായിരുന്നു. രമണകസാമ്രാജ്യത്തിലെ സൎവ്വാധിപതിയായി അമരേന്ദ്രസിംഹനെ മഹാസഭ അംഗീകരിച്ചുവെങ്കിലും മേല്പറഞ്ഞ മണ്ഡലങ്ങളിലെ സ്വേച്ഛാധിപന്മാർ അദ്ദേഹത്തിന്റെ അധികാരത്തെ ഗണിക്കാതെ വിഹരിക്കയായിരുന്നു. ഇവരുടെ ഒരു ചരിത്രസംഗ്രഹം താഴെ ചേൎക്കുന്നു.

രമണകചക്രവൎത്തിയുടെ കീഴിൽ പഞ്ചനദത്തിലെ ഭരണാധികാരിയായി നിയമിക്കപ്പെട്ടിരുന്ന പാശുപതൻ തന്റെ ശത്രുവായി മറെറാരവകാശിയെ വധിച്ചശേഷം രമണകചക്രവൎത്തിയെന്ന സ്ഥാനം സ്വയംസ്വീകരിച്ചു. അദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തിൽ സഹായിച്ച ഭടന്മാൎക്കു് സാധുജനങ്ങളെ കൊള്ളയിട്ടു ധനം സമ്പാദിക്കണമെന്നുള്ള ആശയുണ്ടായിരുന്നു. എന്നാൽ നീതിനിഷ്ഠനായ പാശുപതൻ അതിലേക്കനുവദിച്ചില്ല. ഭടന്മാരുടെ നിഗൂഢമായ വൈരത്തിന്നെതിരായി അദ്ദേഹം ഏഴു സംവത്സരം ഭരണം നടത്തി. തങ്ങളുടെ ആഗ്രഹപൂൎത്തിക്കു പ്രതിബന്ധമായിനിന്ന നായകു

ന്നെ ഒടുവിൽ തക്കതായ ഒരു സന്ദർഭം നോക്കി ഭടന്മാർ വധിച്ചു. പാണ്ഡുചതന്റെ മിത്രവും മണ്ഡലഭരണത്തിൽ ഭാഗഭാക്കും ആയ വിജയനായിരുന്നു അടുത്തതായി സ്ഥാനാരോഹണം ചെയ്തതു്. പലവിധമായ യോഗ്യതകളും തികഞ്ഞ ഈ രാജകുമാരൻ ക്രൂരനും സ്ത്രീലമ്പടനും ആയിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ഭരണം അല്പവും ശോഭനമായിരുന്നില്ല. മദ്യപാനത്തിലും സ്ത്രീസേവയിലും മുഴുകിക്കിടന്ന ഇദ്ദേഹം വ്യഭിചാരിണികളായ ചില സ്ത്രീകളുടെ അസൂയാലുക്കളായ ഭത്താക്കന്മാരാൽ വധിക്കപ്പെട്ടു. ഇങ്ങനെ ധീരന്മാരായ പല രാജകുമാരന്മാരുടേയും വധത്തിനുശേഷം പഞ്ചാനദത്തിലെ ചെങ്കോൽ ഒരു സ്ത്രീയുടെ ഹസ്തങ്ങളിലാണു് അകപ്പെട്ടതു്. ഈ സ്ത്രീ ഭാഗ്യഹീനനായ വിജയന്റെ മാതാവായ വിജയാദേവിയായിരുന്നു. തന്ത്രജ്ഞയും മഹാധനവതിയും ആയ ഇവർ ക്ഷത്രകൻ എന്ന ഒരുവനെ പഞ്ചനദത്തിലെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കാൻ ശക്തയായി. ഈ ക്ഷത്രകനും രമണകചക്രവത്തിയെന്ന നാമം സ്വയം സ്വീകരിച്ചു. വിജയാദേവിയാകട്ടെ ചക്രവത്തിയുടെ മേലുള്ള സ്വാധീന ശക്തിമൂലം യഥാർത്ഥഭരണകർത്രിയായി. അവർ തന്റെ പേരുവച്ചുനാണയങ്ങൾ അടിച്ചു പ്രചരിപ്പിക്കയും ചക്രവത്തിനിയെന്ന നാമധേയം സ്വീകരിക്കയും ചെയ്തു. അവളുടെ അധികാരം അസ്തമിച്ചതു് സ്വജീവാവസാനത്തോടുകൂടി മാത്രമായിരുന്നു. അതിനു പെട്ടെന്നുണ്ടായ കാരണം ക്ഷത്രകന്റെ കൃതഘ്നതയുമായിരുന്നു.

വിജയദേവിയുടെ പ്രേരണയാൽ താൻ രാജകീയ ചിഹ്നങ്ങൾ സ്വീകരിച്ചുകാലത്തു് ക്ഷത്രകൻ കീലഖണ്ഡത്തിലെ ഭരണാധികാരി ആയിരുന്നു. ക്രൂരകർമ്മങ്ങളിൽ ആസക്തിയോടുകൂടിയ ഒരു സൈന്യത്തിന്റെ അടിമയും അധീശനുമായി അദ്ദേഹം അഞ്ചുവർഷം രാജ്യം ഭരിച്ചു. ഇക്കാലമെല്ലാം അദ്ദേഹം തന്റെ സൈനികന്മാരെ ഭയപ്പെടുകയും അവർ അദ്ദേഹത്തെ മനസാ നിന്ദിക്കയും ചെയ്തു. അമരേന്ദ്രസിംഹന്റെ ധീരതയും ഭാഗ്യവും ഒടുവിൽ പഞ്ചനദത്തിന്റെ മോചനത്തിനുള്ള മാർഗ്ഗത്തെയും തെളിച്ചു. തന്റെ ദയനീയമായ അവസ്ഥയെപ്പററിയും ദുർമദാന്ധന്മാരായ സ്വഭടന്മാരുടെ അക്രമങ്ങളെ സംബന്ധിച്ചും ക്ഷത്രകൻ അമരേന്ദ്രസിംഹനു് ഗൂഢമായ ഒരു സന്ദേശം അയച്ചു. ആപത്കരമായ ആ അവസ്ഥയിൽ നിന്നും തന്നെ രക്ഷിക്കുന്നതിനായി അമരേന്ദ്രസിംഹൻ സേനയുമായി ഉടൻ പഞ്ചനദത്തിലേക്കു വന്നുചേരണമെന്നും ക്ഷത്രകൻ സന്ദേശത്തിൽ അപേക്ഷിച്ചിരുന്നു. ഈ രഹസ്യസന്ദേശം സംബന്ധിച്ചു് എന്തെങ്കിലും അറിവു് ഭടന്മാർക്കു കിട്ടിയിരുന്നെങ്കിൽ ക്ഷത്രകന്റെ കഥ അപ്പോൾ തന്നെ കഴിയുമായിരുന്നു. ഈ സന്ദേശം ലഭിച്ചു നിമിഷത്തിൽ തന്നെ അമരേന്ദ്രസിംഹൻ ഒരു വമ്പിച്ചു സേനയുമായി പഞ്ചനദത്തിലേക്കു തിരിച്ചു. ചക്രവർത്തി സമീപിച്ചു എന്നറിഞ്ഞപ്പോൾ യുദ്ധത്തിനു സന്നദ്ധനെന്ന ഭാവത്തിൽ ക്ഷത്രകൻ തന്റെ സേനയെ അണിനിരത്തി യുദ്ധം തുടങ്ങിയാലുടൻ കൂട്ടുകാരുമായി താൻ ചക്രവർത്തിയുടെ പക്ഷത്തിലേക്കു പോന്നുകൊള്ളാമെന്നും ക്ഷത്ര

കൻ അമരേന്ദ്രസിംഹനെ ഗൂഢമായി അറിയിച്ചു. അതനുസരിച്ചു് സമരം തുടങ്ങിയ ഉടൻതന്നെ അദ്ദേഹം ചില വിശ്വസ്തന്മാരായ സ്നേഹിതന്മാരോടുകൂടി അമരേന്ദ്രനെ അഭയം പ്രാപിക്കയും ചെയ്തു. നായകനില്ലാതെ അമ്പരന്നുനിന്ന പഞ്ചനദസന്ത രമണകസൈന്യത്താൽ നിശ്ശേഷം വെട്ടിനുറുക്കപ്പെട്ടു. ഈ വിധത്തിൽ അമരേന്ദ്രസിംഹന്റെ ആധിപത്യം കീലഖണ്ഡത്തിലും പഞ്ചനദത്തിലുംകൂടി സ്ഥാപിക്കപ്പെട്ടു.

അമരേന്ദ്രസിംഹന്റെ സ്ഥാനാരോഹണത്തിനു മുമ്പുതന്നെ ഹസ്തിപുരമെന്ന ചെറുമണ്ഡലത്തിലെ പൌരന്മാർ അന്ന്യസഹായം കൂടാതെ പഞ്ചനദത്തിനെതിരായി പടകൂട്ടി. ഏഴുമാസത്തെ നിരന്തരമായ നിരോധനത്തിനുശേഷം രണശൂരന്മാരും നിഷ്ഠുരന്മാരുമായ പഞ്ചനദഭടന്മാർ ഹസ്തിപുരത്തിലെ ബലമേറിയ ദുർഗ്ഗത്തെ തകർത്തു് നഗരത്തിനുള്ളിൽ പ്രവേശിച്ചു് നിരവധി ധനം കൊള്ളയിട്ടുകൊണ്ടുപോയി. അമരേന്ദ്രസിംഹൻ പഞ്ചനദത്തോടു യുദ്ധം തുടങ്ങിയ സന്ദർഭത്തിൽ ഹസ്തിപുരത്തിലെ പ്രജകൾ തങ്ങൾക്കു കഴിവുള്ള സഹായമെല്ലാം ചക്രവത്തിക്കു ചെയ്തുകൊടുത്തു. അതുകൊണ്ടുള്ള സന്തോഷംനിമിത്തം അമരേന്ദ്രൻ ഹസ്തിപുരത്തെ മുൻപോലെ ഒരു സ്വതന്ത്രമണ്ഡലമാക്കി അവിടെ ജനപ്രതിനിധിയായ ഒരദ്ധ്യക്ഷനെയും നിയമിച്ചു. ആ മണ്ഡലത്തിന്റെ രക്ഷയ്ക്കുവേണ്ടി പ്രബലമായ ഒരു സൈന്യത്തെയും അവിടെ സ്ഥാപിച്ചു.

എന്നാൽ ലവപുരം എന്ന മണ്ഡലം ചക്രവത്തിയുടെ മേൽക്കോയ്മക്കെതിരായി സൈന്യശേഖരം ചെയ്കയുണ്ടായി. പ്രസ്തുതമണ്ഡലത്തിലെ ധീരന്മാരായ പൌരന്മാർ രണനിപുണനായ തങ്ങളുടെ ഭരണാധികാരിയുടെ നേതൃത്വത്തിൽ വമ്പിച്ച സാമ്രാജ്യസേനയെ എതിർക്കാൻ മണ്ഡലപരിധിയിൽ സന്നദ്ധരായിനിന്നു. പല യുദ്ധക്കളങ്ങളിലും മഹാവീരന്മാരായ ശത്രുക്കളെ പലായനം ചെയ്യിച്ച പ്രതാപശാലിയായ തന്റെ നേരെ ഒരു പെരുമണ്ഡലത്തിലെ പൌരാവലി ആയുധം എടുത്തതോർത്ത് അമരേന്ദ്രസിംഹൻ രോഷാക്രാന്തനായി. അതിർത്തിസ്ഥലത്തുവച്ചുണ്ടായ യുദ്ധത്തിൽ ലവപുരത്തിലെ സേന നിശ്ശേഷം പരാജിതമാക്കപ്പെട്ടു. ചക്രവത്തി ലവപുരത്തെ തന്റെ സാമ്രാജ്യത്തോടു ചേർത്ത് അവിടത്തെ ഭരണകർത്താവായി തന്റെ ഒരു സേനാനിയെയും നിയമിച്ചു. അങ്ങനെ ലവപുരത്തിന്റെ സ്വാതന്ത്ര്യവും ഭഗ്നമായി.

---

## നാലാമദ്ധ്യായം

1

ക്ഷത്രകനെയും അദ്ദേഹത്തിന്റെ രാജ്യത്തെയും കൈവശപ്പെടുത്തിയശേഷം അമരേന്ദ്രസിംഹൻ തന്റെ ശ്രദ്ധ പതിപ്പിച്ചതു്, "താരാ" എന്നറിയപ്പെടുന്ന മഹാസംസ്ഥാനത്തിലേക്കായിരുന്നു. പ്രകൃതിയിലധികം മനു

ഭൂമിയായിരുന്ന ഈ രാജ്യം 'ദേവസേനാ' എന്നു സുപ്രസിദ്ധയായ മഹാരാജ്ഞിയുടെ വകയായിരുന്നു. സാമ്രാജ്യഭരണം അതിപ്രശസ്തമാകുംവണ്ണം നടത്തിയ അനേകം മഹിളാമണികളുടെ കഥ നാം ചരിത്രങ്ങളിൽ കാണുന്നുണ്ടു്. അപ്രകാരം സുപ്രശസ്തകളായ വനിതാമണികൾ ആധുനികകാലത്തും വിരളമല്ല. എന്നാൽ താരാ സംസ്ഥാനത്തിലെ മഹാരാജ്ഞിയായ ദേവസേനയുമായി താരതമ്യപ്പെടുത്തുമ്പോൾ ചരിത്ര പ്രസിദ്ധകളായ മററു മഹതികളെല്ലാം എത്രയോ താണപടിയിൽ മാത്രമേ നില്ക്കുന്നുള്ളു എന്നു കാണാം. പുരാണ പ്രസിദ്ധമായ ചന്ദ്രവംശത്തിലാണു് തന്റെ ഉത്പത്തിയെന്നു് ദേവസേന അഭിമാനിച്ചു. സൌന്ദര്യത്തിലും ചാരിത്ത്രത്തിലും അവർ ദമയന്തി തുടങ്ങിയ ഭാരതീയ രാജകുമാരികളോടു് കിടയാണെന്നു പറയപ്പെടുന്നു. അവർസ്ത്രീവർഗ്ഗത്തിൽവച്ചു് ഏററവും സുന്ദരിയും ധൈര്യവതിയും ആണെന്നു് അക്കാലത്തു് ഭാരതംമുഴുവൻ പ്രസിദ്ധമായിരുന്നു. ദേവസേനയുടെവണ്ണംകുറച്ചായിരുന്നു. പല്ലുകൾമുത്തുപോലെവെളുത്തതും വിശാലമായനീലനേത്രങ്ങൾ അസാധാരണജ്യോതിസ്സിനിരിപ്പിടവും ആയിരുന്നു. ഈ ഉഗ്രതേജസ്സിന്റെ തൈക്ഷ്ണ്യത്തെ ശാന്തമാക്കമാറു് മനം മയക്കുന്ന ഒരുമാധുരിമയുംഅവളുടെ നേത്രങ്ങളിൽകുടികൊണ്ടിരുന്നു. ഉറച്ചതെങ്കിലും അവളുടെ സ്വരം ശ്രുതിസുഖത്തെ പ്രദാനംചെയ്തു. പഠനത്താൽ പരിപുഷ്ടമായിരുന്നു അവളുടെ ഗ്രഹണശക്തി. സംസ്കൃതം തുടങ്ങിയ പല ഭാഷകളിലും അവർ നൈപുണ്യം സമ്പാദിച്ചിരുന്നു. അവർ

തൻെറ ഉപയോഗത്തിനായി ഭാരതീയചരിത്രത്തിൻെറ ഒരു ചുരുക്കം എഴുതിച്ച് മററഗ്രന്ഥങ്ങളുടെ കൂട്ടത്തിൽസൂക്ഷിച്ചു. പണ്ഡിതന്മാരുടെ സഹായത്തോടുകൂടി മഹാകവികളുടെ കാവ്യങ്ങൾ വായിച്ച് താരതമ്യവിവേചനം ചെയ്യുന്നതിൽ അവൾ അത്യന്തം താല്പൎയ്യം പ്രകടിപ്പിച്ചു.

ഈ വിധം വിദഗ്ദ്ധയായ ആ തരുണീരത്നം ഭൎത്താവായി വരിച്ചതു് അനിരുദ്ധൻ എന്ന ഒരു തരുണനെ ആയിരുന്നു. അപ്രസിദ്ധമായ ഒരു സ്ഥിതിയിൽനിന്നും ക്രമേണ ഉയൎന്ന് ഒടുവിൽ താരാസംസ്ഥാനത്തിൻെറയും സമീപസ്ഥങ്ങളായ മററു ചില മണ്ഡലങ്ങളുടെയും ആധിപത്യം കൈക്കലാക്കിയ ഒരു വീരനായിരുന്നു അനിരുദ്ധൻ. ഇങ്ങനെ ദേവസേനയ്ക്കു് ഒരു വീരപുരുഷൻെറ നിത്യസഹചാരിണിയായിത്തീരുവാൻ ഭാഗ്യമുണ്ടായി. സമരാങ്കണത്തിൽ നിന്നും മോചനം ലഭിക്കുന്ന സന്ദൎഭങ്ങളിൽ അനിരുദ്ധൻ നായാട്ടിൽ നിസ്സീമമായ അഭിരുചിപ്രകടിപ്പിച്ചു: മണൽക്കാട്ടിലെ ഘോരമൃഗങ്ങളായ സിംഹം പുലി കരടി മുതലായവയെ പിൻതുടൎന്നു വേട്ടയാടുന്നതു് അദ്ദേഹത്തിൻെറ മുഖ്യമായ ഒരു വ്യായാമമത്രെ. വിപത്കരമായ ഈ വിനോദത്തിൽ ഭൎത്താവിൻെറതിൽ നിന്നും ഏതുംകുറവുവരാത്ത ഒരു താത്പൎയ്യമാണ് ദേവസേനപ്രദൎശിപ്പിച്ചതു്. ഏതു് ആയാസത്തേയും സഹിക്കത്തക്കവിധത്തിൽ അവൾ തൻെറ ശരീരത്തെ പരിശീലിപ്പിക്കയും മററുവാഹനങ്ങളിൽ കയറിയുള്ള സഞ്ചാരത്തെ വെറുക്കുകയും, സൈനിക വേഷത്തിൽ കുതിരപ്പുറത്തുകയറി സവാരിചെയ്കയും ചിലപ്പോൾ കാൽനടയായി തൻെറ സൈ

 12856

ന്യത്തെയും നയിച്ചുകൊണ്ടു് ബഹുദൂരം സഞ്ചരിക്കയും ചെയ്തുവന്നു. അവളുടെ നിസ്തുലമായ ബുദ്ധിശക്തിയും മനഃസാന്നിദ്ധ്യവുമാണു് അനിരുദ്ധന്റെ വിജയത്തിനുള്ള പ്രധാന കാരണം എന്നു പറയപ്പെടുന്നു. മാളവത്തിലെ മഹാരാജാവിന്റെ നേരെയുള്ള യുദ്ധത്തിൽ അവൾക്കു ലഭിച്ച വിജയമത്രെ അവരുടെ കീർത്തിക്കും പ്രതാപത്തിനും അടിസ്ഥാനമായിത്തീർന്നതു്. അവരാൽ നയിക്കപ്പെട്ട സൈന്യങ്ങളും രക്ഷിക്കപ്പെട്ട മണ്ഡലങ്ങളും അവരുടെയല്ലാതെ മററാരുടെയും ആധിപത്യത്തെ അംഗീകരിച്ചില്ല. അമരേന്ദ്രസിംഹനു മുമ്പായി രമണകസാമ്രാജ്യം ഭരിച്ചിരുന്ന ചക്രവർത്തി ഈ ദമ്പതികളെ മാനിക്കുകയും അവരെ സാമ്രാജ്യരക്ഷയ്ക്കു് അനിവാര്യമായ ഘടകങ്ങളായി ഗണിക്കുകയും ചെയ്തിരുന്നു.

ഒരിക്കൽ കൊള്ളക്കാരായ ഗാന്ധാരന്മാരുടെ നേരെ വിജയകരമായ ഒരു സംഗരവും കഴിഞ്ഞു് അനിരുദ്ധൻ രാജപുത്രസ്ഥാനത്തിന്റെ വടക്കുഭാഗത്തുള്ള "ഉമേശപുരം" എന്ന നഗരത്തിൽ എത്തി. സംഗ്രാമഭൂമിയിൽ അജയ്യനായ ആ രാജകുമാരൻ അവിടെ വച്ചു് ഗാർഹികമായ വഞ്ചനയുടെ ഫലമായി വധിക്കപ്പെട്ടു. അദ്ദേഹത്തിനു് ഏററവും പ്രിയപ്പെട്ട വിനോദമായ നായാട്ടു് തന്നെ ആയിരുന്നു. അതിനുള്ള കാരണം അനിരുദ്ധന്റെ ഭാഗിനേയനായ മാതംഗൻ നായാട്ടിൽ സ്വമാതുലനെ മുന്നിട്ടു് തന്റെ കുന്തം പ്രയോഗിച്ചു. ഈ അനാദരത്തെ അനിരുദ്ധൻ ശാസിച്ചിട്ടും ധിക്കാരിയായ ഭാഗിനേയൻ വീണ്ടും അപ്രകാരം ചെയ്തു. ഇതിനു ശിക്ഷയായി

അദ്ദേഹം മാതംഗന്റെ കുതിരയെ അപഹരിച്ചു. ഇതു് ഒരപമാനമായിട്ടാണു് വീരന്മാരുടെ ഇടയിൽ കരുതപ്പെട്ടിരുന്നതു്. അശ്വാപഹരണത്തിനു പുറമേ അല്പകാലത്തേക്കു് മാതംഗനെ തടവിൽ പാൎപ്പിക്കുവാനും കൂടി രാജാവു കല്പിച്ചു. മാതംഗന്റെ അപരാധം അചിരേണ വിസ്മൃതമായെങ്കിലും അതിനു നൽകപ്പെട്ട ശിക്ഷ പ്രതിനവമായ പുഷ്ടിയോടുകൂടി അയാളുടെ ഹൃദയത്തിൽ കുടികൊണ്ടിരുന്നു. മാതുലനോടു പ്രതികാരം അനുഷ്ഠിക്കാൻ സന്ദർഭം കാത്തുകൊണ്ടിരുന്ന സാഹസിയായ ആ യുവാവു് തന്റെ ചില കൂട്ടുകാരുടെ സഹായത്തോടുകൂടി ഒരു സത്ക്കാരസദസ്സിൽ വച്ചു് അനിരുദ്ധനെ വധിച്ചു. രാജാവിന്റെ പുത്രനായ വീരദത്തനും പിതാവോടുകൂടി ത്തന്നെ കൊല്ലപ്പെട്ടു. എന്നാൽ ഈ സാഹസകൃത്യം കൊണ്ടു് മാതംഗനു് തന്റെ പകവീട്ടുവാൻ മാത്രമേ സാധിച്ചുള്ളൂ. മഹാരാജപദത്തെ സ്വയം സ്വീകരിപ്പാൻ അവസരം ലഭിക്കുന്നതിനു മുമ്പായിത്തന്നെ ദേവസേന സ്വപ്രിയതമന്റെ സ്മരണക്കുവേണ്ടി മാതംഗനെ ബലികഴിച്ചു.

ഭൎത്താവിന്റെ അതിവിശ്വസ്തന്മാരായ ചില സ്നേഹിതന്മാരുടെ തുണയോടുകൂടി ദേവസേന ഒഴിഞ്ഞുകിടന്ന സിംഹാസനത്തിൽ ആരൂഢയായി. പുരുഷോചിതമായ രാജ്യതന്ത്ര കൌശലത്തോടുകൂടി രാജ്യഭരണം ആരംഭിച്ചു. അനിരുദ്ധനെ താരാസംസ്ഥാനത്തിലെ കിരീടപതിയായി രമണകത്തിലെ മഹാസഭ മുമ്പുതന്നെ അംഗീകരിച്ചിരുന്നു എന്ന കഥ വായനക്കാർ ഓൎക്കണം.

ഈ പദവി അനിതരധനമാത്രം ' വ്യക്തിപരമായി പ്രദാനം ചെയ്യപ്പെട്ടതുമായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ മരണത്തോടുകൂടി ആ പദവിയും അവസാനിച്ചു എന്നാണു് ഊഹിക്കപ്പെടേണ്ടതു്. എന്നാൽ അദ്ദേഹത്തിന്റെ സമരതത്പരയായ വിധവ മഹാസഭയെ തീരെ അവഗണിക്കയും ഈ അനാദരത്തെ ശിക്ഷിക്കാൻ അവളുടെ നേരെ അയയ്ക്കപ്പെട്ട ഒരു സേനാനിയെ നിശ്ശേഷം തോല്പിച്ചു പലായനം ചെയ്യിക്കയും ചെയ്തു. സ്ത്രീഭരണത്തെ കൂടക്കൂടെ സംഭ്രമിപ്പിക്കുന്ന ചെറിയ വ്യസനങ്ങളൊന്നും കൂടാതെതന്നെ ദേവസേനയുടെ ഉറച്ച ഭരണം രാജ്യതന്ത്രത്തിന്റെ ഏററവും വിവേകയുക്തമായ സിദ്ധാന്തത്താൽ നയിക്കപ്പെട്ടു. മാപ്പു കൊടുക്കേണ്ടതാവശ്യമെന്നു കാണുന്ന സന്ദർഭങ്ങളിൽ തന്റെ പരിഭവത്തെ ശാന്തമാക്കുവാൻ അവർക്കു കഴിഞ്ഞു. ശിക്ഷിക്കേണ്ട ആവശ്യം നേരിടുന്ന അവസരത്തിൽ കാരുണ്യത്തെ പാടേ വിസ്മരിക്കാനും അവർക്കു ത്രാണിയുണ്ടായിരുന്നു. അവരുടെ മിതവ്യയശീലം ധനലോഭമായി വ്യാഖ്യാനിക്കപ്പെട്ടു; എങ്കിലും സമുചിതമായ സന്ദർഭത്തിൽ അവർ തന്റെ മഹത്വത്തെയും ഔദാര്യത്തെയും പ്രകടമാക്കി. സമീപസ്ഥങ്ങളായ ഗൂർജ്ജരം കോസലം മുതലായ സംസ്ഥാനങ്ങൾ ദേവസേനാമഹാരാജ്ഞിയുടെ വൈരത്തെ ഭയപ്പെടുകയും അവരുടെ മൈത്രിയെ കാംക്ഷിക്കയും ചെയ്തു. സിംഹാസനാരോഹണാനന്തരം ദേവസേന തന്റെ രാജ്യവിസ്തൃതിയെ വർദ്ധിപ്പിച്ചു കൂട്ടത്തിൽ ഫലപുഷ്ടിയുള്ള ഒട്ടനേകം പ്രദേശങ്ങൾ

ഉൾപ്പെട്ടിരുന്നു. അമരേന്ദ്രസിംഹൻെറ മുൻഗാമിയായ കുലശേഖരചക്രവൎത്തി ദേവസേനയുടെ സാമൎത്ഥ്യത്തെ അഭിനന്ദിക്കയും താൻ ഗാന്ധാരയുദ്ധത്തെ തുടൎന്നുകൊണ്ടുപോകവെ അവർ സാമ്രാജ്യത്തിൻെറ മഹിമയെ പാലിക്കുമെന്നുള്ള നിശ്ചയത്താൽ തൃപ്തനാകയും ചെയ്തു. എന്നാൽ ദേവസേനയുടെ പെരുമാററം സന്നിദ്ധാവസ്ഥയെ സൂചിപ്പിക്കുന്നതായിരുന്നു. സാമ്രാജ്യത്തിനെതിരായി ഒരു സ്വതന്ത്രരാജ്യം സ്ഥാപിക്കാൻ അവൾക്കാഗ്രഹം ഇല്ലായിരുന്നു എന്നു പറഞ്ഞുകൂടാ. രമണകരാജാക്കന്മാരുടെ പൊതുവേയുള്ള ജീവിതരീതിയോടു പൌരസ്ത്യരാജമന്ദിരങ്ങളിലെ ആഡംബരത്തെ കൂടി യോജിപ്പിച്ചുകൊണ്ടായിരുന്നു ദേവസേന തൻെറ ചൎയ്യയെ പരിഷ്കരിച്ചതു്. പുരാതന പൌരസ്ത്യ സാൎവഭൌമന്മാൎക്കു ലഭിച്ചിരുന്ന ആരാധനത്തെ അവർ സ്വപ്രജകളിൽ നിന്നും കാംക്ഷിക്കയും ആദാനം ചെയ്കയും ചെയ്തു. അവർ തൻെറ മൂന്നു പുത്രന്മാൎക്കും ഉന്നതമായ വിദ്യാഭ്യാസത്തെ പ്രദാനം ചെയ്കയും ചക്രവൎത്തിചിഹ്നങ്ങളോടുകൂടി അവരെ സൈന്യങ്ങളുടെ മുമ്പാകെ പ്രദൎശിപ്പിക്കയും ചെയ്തു. തനിക്കായിട്ടു് അവർ താരാസംസ്ഥാനത്തിലെ കിരീടവും പൌരസ്ത്യമഹാരാജ്ഞിയെന്നുള്ള പദവിയും മാത്രം പ്രത്യേകം സൂക്ഷിച്ചു.

അമരേന്ദ്രസിംഹൻ സിന്ധുദേശത്തിൽ കടന്നപ്പോൾ ആ ഭാഗത്തുള്ള മണ്ഡലങ്ങളുടെ സ്ഥിതി പാടേ ഒന്നു മാറി. ദേവസേനയുടെ നയവിശേഷത്താലും പ്രതാപത്താലും കീലഖണ്ഡം പഞ്ചനദം കുന്തിപുരം,

ഗാന്ധാരം മുതലായ സംസ്ഥാനങ്ങൾ രമണകചക്രവത്തി യുടെ മേൽക്കോയ്മയെ ഉപേക്ഷിച്ച് താരാരാജ്ഞിയുടെ ആധിപത്യത്തെ അംഗീകരിപ്പാൻ തയ്യാറായി കലാപങ്ങൾക്കു വട്ടംകൂട്ടുകയായിരുന്നു. ഈ വിവരം അത്ര പരസ്യമാകാഞ്ഞതിനാൽ അതു് ചക്രവത്തിയുടെ ചെവിയിൽ എത്തിയില്ലെന്നേ ഉള്ളൂ. അമരേന്ദ്രസിംഹൻ സേനയുമായി എത്തിയ വൃത്താന്തമറിഞ്ഞപ്പോൾ മേല്പറഞ്ഞ മണ്ഡലങ്ങളിലെ നാഥന്മാർ സ്വാമിഭക്തിദ്യോതകമായ വിക്രിയകളെ കാട്ടിത്തുടങ്ങി. കൃത്തിപുരത്തിലെ ഭരണാധികാരി വിലയേറിയ കാഴ്ചദ്രവ്യങ്ങളുമായി പരിവാരങ്ങളോടുകൂടി പുറപ്പെട്ടു് ചക്രവത്തിയുടെ ശിബിരത്തിൽ എത്തി തന്റെ ആദരത്തെ പ്രകടമാക്കി. പുറകെ ഗാന്ധാരരാജവായ വീരപാലൻ പൊന്നണിഞ്ഞ ആനപ്പുറത്തു കയറി പടകളോടുകൂടി ദുന്ദുഭിതുടങ്ങിയ സമരവാദ്യങ്ങൾ മുഴക്കിക്കൊണ്ടു് അമരേന്ദ്രസിംഹന്റെ പടകുടിയിൽ കടന്നു് അനർഘങ്ങളായ അനവധിരത്നങ്ങളും സ്വർണ്ണഭാരവും കാഴ്ചവച്ചു നമസ്കരിച്ചു. ദേവദസനയോടുള്ള തങ്ങളുടെ ആനുകൂല്യം ചക്രവത്തി അറിഞ്ഞിരിക്കുമെന്നുള്ള ഭയംനിമിത്തം കീലഖണ്ഡത്തിലെ പൌരാവലി സംഭ്രമിച്ച് തങ്ങളുടെ നാഥനോടൊരുമിച്ച് പ്രധാന നഗരം വിട്ടു് ഒളിച്ചോടി. ഇതിനുള്ള കാരണമറിയാതെ അദ്ഭുതാവിഷ്ടനായിത്തീൎന്ന അമരേന്ദ്രസിംഹൻ ദൂതന്മാരെ അയച്ച് അവരെ തിരിച്ചുവരുത്തി കരുണാപുരസ്സരം മാനിച്ചു. അപ്രതീക്ഷിതമായ ഈ കൃപാവിശേഷത്താൽ സമാശ്വസ്തരായ കീലഖണ്ഡനിവാസികൾ താരാരാജ്ഞിയെ

സംബന്ധിച്ചു തങ്ങളുടെ ചിന്തപോലും ഉപേക്ഷിച്ചു. ഇങ്ങനെ അല്പദിവസങ്ങൾക്കുള്ളിൽ സിന്ധുവിൻെറ ഇരുകരയിലുമുള്ള സകല മണ്ഡലങ്ങളും ചക്രവൎത്തിയുടെ അഭിലാഷപൂൎത്തിക്കു വേണ്ടതുചെയ്യുവാൻ സന്നദ്ധതപ്രദൎശിപ്പിച്ചു.

തൻെറ രാജധാനിയിൽനിന്നും ആറുനാഴിക അകലത്തെങ്കിലും അണയുവാൻ അമരേന്ദ്രസിംഹനെ അനുവദിച്ചിരുന്നെങ്കിൽ ദേവസേനയ്ക്കു ലോകത്താൽ ദത്തമായ ആ പ്രഖ്യാതിക്കു് അവർ അനൎഹയായിത്തീരുമായിരുന്നു. താരാസംസ്ഥാനത്തിൻെറ വിധി രണ്ടുയുദ്ധങ്ങൾ കൊണ്ടു് തീൎച്ചപ്പെട്ടു. ഈ രണ്ടുയുദ്ധങ്ങളും മിക്കവാറും ഒരേ തോതിൽ തന്നെ. സംപ്രവൃത്തമായതിനാൽ സ്ഥലഭേദം ഒന്നുകൊണ്ടല്ലാതെ നമുക്കവയെ തിരിച്ചറിവാൻ പ്രയാസമത്രെ. രണ്ടു സമരങ്ങളിലും മഹാരാജ്ഞിതൻെറ സാന്നിദ്ധ്യത്താൽ ഭടന്മാരെ ഉത്സാഹിപ്പിക്കയും സന്ദർഭം നോക്കി സേനാനികൾക്കു് ഉചിതമായ ആജ്ഞകൾ നൽകുകയും ചെയ്തു. ദേവസേനയുടെ അതിവിപുലമായ സൈന്യം വില്ലാളികളും കുതിരപ്പടയാളികളും ചേൎന്നു ഒന്നായിരുന്നു. ഇരുമ്പുചട്ടയിട്ട ഈ സാദിഭടന്മാരുടെ നിര, ഫലമേറിയ ഒന്നു തന്നെ എന്നുള്ളതിൽ സംശയമില്ല. അമരേന്ദ്രസിംഹന്റെ ലഘുസാദിസംഘം രാജ്ഞിയുടെ അശ്വസൈന്യത്തിൻെറ സമ്മൎദ്ദത്തെ തടുക്കാൻ ശക്തമായില്ല. അവർ, യഥാൎത്ഥത്തിലോ കപടമായിട്ടോ എന്നറിഞ്ഞുകൂടാ, താറുമാറായി പലായനം ചെയ്കയും, രാജ്ഞിയുടെ അശ്വഭടന്മാരെ കൊണ്ടു തങ്ങളെ അനുധാവനം ചെയ്യിക്കയും ഇതിനിടയിൽ പെട്ടെന്നു തിരിഞ്ഞു് പല തവണ അവരോടു

പൊരുതുകയും ഈ ഉപായത്താൽ ഒടുവിൽ ആ ഭാരമേറിയ സാദിസേനയെ തോല്പിക്കയും ചെയ്തു. ഇതിനിടയിൽ വില്ലാളികൾ, അവരുടെ ആവനാഴിയിലെ അമ്പുകൾ എല്ലാം ഒടുങ്ങിയപ്പോൾ നിരായുധന്മാരായിത്തീരുകയാൽ രമണക ഭടന്മാരുടെ ഖഡ്ഗങ്ങൾക്കു വേഗത്തിൽ ഇരയായി ഭവിച്ചു. മുമ്പു പല യുദ്ധങ്ങളിലും പരീക്ഷിച്ചു അജയ്യന്മാരെന്നു ഗണിക്കപ്പെട്ടിരുന്ന ഈ ഖഡ്ഗികൾ ദേവസേനയുടെ ധന്വികളെ വേട്ടയാടുവാൻ അമരേന്ദ്രസിംഹനാൽ പ്രത്യേകം നിയുക്തരായിരുന്നു. ദ്വിതീയ യുദ്ധത്തിൽ പരാജിതയായ മഹാരാജ്ഞി മൂന്നാമതൊരു സേനയെ ശേഖരിക്കുന്ന കാര്യം വിഷമമെന്നു കണ്ടു. അവളുടെ ആധിപത്യത്തെ അംഗീകരിച്ച പല ദേശങ്ങളും ചക്രവർത്തിയുടെ ആജ്ഞയ്ക്കധീനമായി. അനിരുദ്ധന്റെ വിധവയുടെ അന്ത്യമായ അഭയസ്ഥാനം താരാനഗരത്തിലെ ദുർഗ്ഗം ഒന്നുമാത്രമായിരുന്നു. അതിവേഗത്തിൽ രാജ്ഞി തന്റെ ദുർഗ്ഗത്തിനുള്ളിൽ പ്രവേശിച്ചു ശത്രുവിന്റെ നിരോധനത്തെ തടുക്കാൻവേണ്ട സകല സന്നാഹങ്ങളും കൂട്ടി ധൈര്യസമേതം കാത്തുനിന്നു. തന്റെ ഭരണത്തിന്റെ അന്ത്യ നിമിഷം ജീവിതത്തിന്റെയും അവസാന നിമിഷമായിരിക്കും എന്നു അപ്രമേയപ്രഭാവയായ ആ യോഷാരത്നം ശപഥം ചെയ്കയും ചെയ്തു.

# അഞ്ചാമധ്യായം

രാജപുത്രസ്ഥാനത്തിലെ മരുവായമണൽക്കാട്ടിനുള്ളിൽ സൈകതസമുദ്രത്തിൽ അങ്ങിങ്ങായി കൃഷിചെയ്യപ്പെട്ട ചില പ്രദേശങ്ങൾ ദ്വീപങ്ങളെന്നപോലെ പൊങ്ങിക്കാണാം. ഈ പ്രദേശങ്ങളിൽ ഏറിയ കൂറും താലവനങ്ങളാണു്. ഇവിടങ്ങളിലെ വായു പരിശുദ്ധമായിരുന്നു. വില തീരാത്ത ചില ഉറവകളാൽ സേചനം ചെയ്യപ്പെട്ട ഭൂമി ഫലങ്ങളേയും ധാന്യങ്ങളേയും വിളയിക്കുവാൻ പര്യാപ്തവുമായിരുന്നു. ഈ വിധം അപൂർവമായ ആനുകൂല്യങ്ങളാൽ അനുഗൃഹീതമായ പ്രസ്തുത പ്രദേശം ഭാരതഖണ്ഡത്തിന്റെ നാനാഭാഗങ്ങളിൽ പെട്ട വ്യാപാരികളുടെ കേന്ദ്രമായിത്തീർന്നു. എന്നു പറഞ്ഞാൽ അതിൽ അത്ഭുതത്തിനവകാശമില്ല. ഇങ്ങനെ താരാനഗരം അതിവേഗത്തിൽ ധർമ്മസമൃദ്ധമായ ഒരു സ്വതന്ത്ര ജനപദമായിത്തീർന്നു. പരസ്പരമുള്ള വ്യാപാരലാഭം നിമിത്തം രമണകത്തെയും ഭാരതത്തെയും മൈത്രീബന്ധത്തിൽ ഘടിപ്പിക്കാൻ കാരണമായിത്തീർന്ന ഈ, ചെറിയ ജനപദം അതിന്റെ വിനീതമായ ഔദാസീന്യത്തിൽ തുടർന്നുകൊള്ളുവാൻ അനുവദിക്കപ്പെട്ടു. താരകചക്രവർത്തി രമണകത്തിലെ സിംഹാസനത്തെ അലങ്കരിച്ച ആ കാലഘട്ടത്തിൽ താരാനഗരം സാമ്രാജ്യത്തോടു ചേർക്കപ്പെടുകയും അനന്തരം നൂറാമ്പതു വർഷക്കാലത്തേക്കു് അതു് മാന്യമായ ഒരു പുത്രികാസംസ്ഥാനമെന്ന നിലയിൽ വളർന്നുവരികയും ചെയ്തു. ഈ സമാധാന കാലത്തിലായിരുന്നു ധനികന്മാരായ താരാദേശീയന്മാർ തങ്ങളുടെ

നഗരിയിൽ ശില്പവിശിഷ്ടങ്ങളായ ദേവാലയങ്ങളും അരമനകളും ഗോപുരങ്ങളും പണിയിച്ചതു്. അനിരുദ്ധൻെറയും ദേവസേനയുടെയും ഉന്നമനം പ്രസ്തുത ജനപദത്തിനു് നവമായ ഒരു ചൈതന്യത്തെ പ്രദാനംചെയ്തതുപോലെ തോന്നിച്ചു. അതിനെ തുടൎന്നു് താരാസംസ്ഥാനം രമണകത്തിനു് ഒരു പ്രതിദ്വന്ദ്വിയായിത്തന്നെ പ്രത്യക്ഷപ്പെട്ടു. എന്നാൽ ഈ മത്സരം ആപത്കരമായിത്തീൎന്നതാനും. തത്ഫലമായി സുദീൎഘകാലത്തേക്കു അഭ്യുദയത്തെ പ്രാപിക്കേണ്ട ഐശ്വൎയ്യം ഒരു നിമിഷനേരത്തെ വിഖ്യാതിക്കുവേണ്ടി ബലികൊടുക്കപ്പെട്ടു.

മണലാരണ്യത്തിൽ കൂടി താരാമാൎഗ്ഗത്തിലേക്കുള്ള അദ്ദേഹത്തിൻെറ പ്രയാണത്തിനിടയിൽ അമരേന്ദ്രൻ വനതസ്കരന്മാരാൽ നിരന്തരം ഉപദ്രവിക്കപ്പെട്ടു. കൎമ്മകുശലന്മാരും നിൎഭയന്മാരും ആയ ആ മണലാരണ്യനിവാസികളുടെ അവസരം നോക്കിയുള്ള പ്രഹരത്തിൽനിന്നും തൻെറ ഭടന്മാരെയും പടക്കോപ്പുകളെയും നിശ്ശിഷ്ടം കാത്തുകൊള്ളുവാൻ ചക്രവൎത്തിക്കു എല്ലായ്പോഴും കഴിഞ്ഞില്ല. രമണകസേനയുടെ മന്ദഗതിയിലുള്ള അനുധാവനത്തെ ഒഴിക്കുവാൻ തസ്കരന്മാൎക്കു് ഏതും വിഷമമുണ്ടായില്ല. താരയിലെ ദുൎഗ്ഗനിരോധം വളരെ വിഷമമേറിയതും അതിപ്രധാനവുമായിരുന്നു. നിരന്തരമായ വീൎയ്യത്തോടുകൂടി തൻെറ ഭടന്മാരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്ന അമരേന്ദ്രസിംഹനാകട്ടെ ഒരു ശരമേററു് ക്ഷതദേഹനായി. ചക്രവൎത്തി തൻെറ ഒരു ലേഖനത്തിൽ ഇങ്ങനെ എഴുതുന്നു, ഒരബല

യോടു ഞാൻ പോരാടുന്നതിനെ പററി രമണകത്തിലെ പൌരന്മാർ നിന്ദാസൂചകമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നു. ദേവസേനയുടെ മനഃസാന്നിധ്യത്തെയോ ശക്തിയെയോ സംബന്ധിച്ചു് അവക്കു യാതൊരറിവുമില്ല. പാഷാണങ്ങൾ, അസ്ത്രങ്ങൾ ഇത്യാദിയായ പൌരശസ്ത്രങ്ങൾപോലും ഉൾപ്പെടുന്ന അവളുടെ സമരസന്നാഹം അവണ്ണനീയമത്രെ. പ്രാകാരത്തിൽ സവ്വത്ര രണ്ടോമൂന്നോ വീതം ശിലാപ്രക്ഷേപണയന്ത്രങ്ങൾ ഘടിപ്പിച്ചിട്ടുണ്ടു്. അവളുടെ സമരയന്ത്രങ്ങളിൽ നിന്നും കൂടക്കൂടെ അഗ്നിവഷം ചെയ്യപ്പെടുന്നു. ശിക്ഷയെപ്പററിയുള്ള ഭയം അവളെ ആശയററ ഒരു ധീരതക്കു വശംവദയാക്കിയിരിക്കുന്നു. എങ്കിലും രമണകത്തിലെ പാലനശീലന്മാരായ ഈശ്വരന്മാരിൽ ഞാൻ എൻ്റെ വിശ്വാസത്തെ സമപ്പിക്കുന്നു. ഇതു പയ്യന്തം എൻ്റെ യത്നങ്ങളെ വിജയത്തിലേക്കു നയിച്ചതു് അവരാണല്ലോ." എന്നാലും ഈശ്വരന്മാരുടെ പാലനത്തിലും നിരോധത്തിൻ്റെ പയ്യവസാനത്തിലും ശങ്കാസ്പൃഷ്ടമായ അമരേന്ദ്രസിംഹൻ അനുകൂലമായ ഒരു കീഴടക്കത്തിനുവേണ്ട നിർദ്ദേശങ്ങളെ ദൂതന്മാർ മുഖേന രാജ്ഞിയെ അറിയിച്ചു. ഈ നിർദ്ദേശങ്ങളെ സ്വീകരിക്കുന്നപക്ഷം താൻ മടങ്ങിപ്പൊയ്ക്കൊള്ളാമെന്നും നഗരത്തിലെ പൌരന്മാരുടെ മുമ്പുള്ള അവകാശങ്ങൾക്കു യാതൊരു ഭംഗവും വരുത്തുന്നതല്ലെന്നും ചക്രവത്തി വാഗ്ദാനം ചെയ്തു. സാർവഭൌമൻ്റെ ഈ അഭിപ്രായത്തെ രാജ്ഞി ശൌര്യത്തോടെ തിരസ്കരിക്കയും അദ്ദേഹത്തെ അധിക്ഷേപിക്കയും ചെയ്തു.

അല്പകാലത്തിനുള്ളിൽ ആഹാരക്ഷാമം നിമിത്തം രമണകസേന മടങ്ങിപ്പോകുമെന്നായിരുന്നു ദേവസേന

യുടെ ധൈൎയ്യം. ഇതുകൂടാതെയും ഗുൎജ്ജരം സൌരാഷ്ട്രം തുടങ്ങിയ തന്റെ ബന്ധുരാജ്യങ്ങളും എല്ലാററിനും മേലായ കോസലത്തിലെ മഹാരാജാവും തന്നെ, സഹായിക്കുമെന്നും അവൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഭാഗ്യവും അമരേന്ദ്രസിംഹന്റെ നിരന്തരപരിശ്രമവും സകലവിധ പ്രതിബന്ധങ്ങളെയും തകൎത്തു. കോസലേന്ദ്രനായ സുദൎശനന്റെ പെട്ടെന്നുള്ള മരണം അവിടെനിന്നും പ്രതീക്ഷിക്കപ്പെട്ടിരുന്ന സഹായത്തെ വിളംബപ്പെടുത്തി. താരാനഗരത്തെ രക്ഷിപ്പിക്കാൻ മററു പലയിടത്തും നിന്നുണ്ടായ ശ്രമങ്ങൾ ബലംകൊണ്ടോ പണംകൊണ്ടോ നിവാരണം ചെയ്യപ്പെട്ടു. രമണകത്തിന്റെ ബന്ധുമണ്ഡലങ്ങളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ ലോപംകൂടാതെ ചക്രവൎത്തിയുടെ പാളയസ്ഥലത്തു കൊണ്ടുവന്നു സംഭരിക്കപ്പെട്ടു. ഇതിനെല്ലാററിനും പുറമേ ചക്രവൎത്തിയുടെ ഒരു സേനാനി കുറെ ഭടന്മാരുമായി അദ്ദേഹത്തെ സഹായിക്കാൻ വന്നു ചേരുകയും ചെയ്തു. അപ്പോഴായിരുന്നു ദേവസേനാ പലായനം ചെയ്വാൻ തീൎച്ചപ്പെടുത്തിയതു്. അവൾ തന്റെ ഒട്ടകങ്ങളിൽ ഏററവും വേഗമുള്ള ഒന്നിന്മേൽ കയറി സിന്ധുനദിയുടെ കരയിൽ എത്തിയപ്പോഴേക്കും അവളെ അനുധാവനം ചെയ്ത രമണകത്തിലെ അശ്വഭടന്മാരും അവിടെ ചെന്നുചേൎന്നു. ഉത്തരക്ഷണത്തിൽ ബന്ധനസ്ഥയാക്കപ്പെട്ട രാജ്ഞി ചക്രവൎത്തിയുടെ തിരുമുമ്പിൽ നയിക്കപ്പെട്ടു. താരാനഗരം വേഗത്തിൽ കീഴടങ്ങുകയും അമരേന്ദ്രന്റെ കാരുണ്യത്തിനു പാത്രീഭവിക്കയും ചെയ്തു. ആയുധങ്ങളും കുതിരകളും ഒട്ടകങ്ങളും നിരവധി സുവൎണ്ണ

ഭാരങ്ങളും വെള്ളിയും പട്ടാംബരങ്ങളും അനർഘരത്നങ്ങളും ജേതാവിന്റെ മുമ്പിൽ ആനയിക്കപ്പെട്ടു. അറുനൂറുവില്ലാളികളെ മാത്രം നഗരത്തെ കാത്തുകൊള്ളുവാൻ നിയോഗിച്ചശേഷം അമരേന്ദ്രസിംഹൻ സൈന്യവുമായി ഉമേശപുരത്തിൽ പ്രവേശിച്ചു. അവിടെവച്ച് അദ്ദേഹം സമ്മാനാർഹന്മാൎക്ക് വേണ്ട സമ്മാനങ്ങൾ കൊടുക്കുകയും ശിക്ഷാർഹന്മാരെ ശിക്ഷിക്കയും ചെയ്തു.

ദേവസേനാമഹാരാജ്ഞി അമരേന്ദ്രസിംഹന്റെ മുമ്പിൽ ആനയിക്കപ്പെട്ടപ്പോൾ രമണകമഹാചക്രവത്തികൾക്കെതിരായി കലാപമുണ്ടാക്കാൻ അവൾ എങ്ങനെ ധൈര്യപ്പെട്ടു എന്ന് അദ്ദേഹം കഠിനസ്വരത്തിൽ ചോദിച്ചു. രാജ്ഞിയുടെ ഉത്തരം ആദരവും സ്ഥൈര്യവും കലൎന്ന ഒന്നായിരുന്നു. അവൾ ഇങ്ങനെ പറഞ്ഞു: "അവിടത്തെ പിൻഗാമികളെ ആരെയും രമണകമഹാചക്രവത്തികളായി കരുതുവാൻ എന്റെ ഹൃദയം അനുവദിക്കുന്നില്ല. അവിടത്തെ മാത്രമേ ഞാൻ എന്റെ ജേതാവും രാജാവുമായി അംഗീകരിക്കുന്നുള്ളൂ." എന്നാൽ ഒരു സ്ത്രീയുടെ മനസ്സാന്നിദ്ധ്യം വെറും കൃത്രിമമായിട്ടുള്ള ഒന്നാണ്; അതുപോലെതന്നെ പലപ്പൊഴും അസ്ഥിരവും ആകുന്നു. അപരാധവിചാരണ നടന്നയവസരത്തിൽ ദേവസേനയുടെ ധൈര്യം അവളെ ഉപേക്ഷിച്ചു. അവളെ ഉടൻ തന്നെ വധിക്കണമെന്നുള്ള ഭടന്മാരുടെ ക്രോധത്തോടുകൂടിയ ഗജ്ജനങ്ങൾ കേട്ട് രാജ്ഞി വിറച്ചു; എന്നുതന്നെയല്ല സ്വപ്രയശസ്സിനെയും മിത്രങ്ങളെയും ബലികഴിച്ചിട്ട് വെറും ഹീനമായ രീതിയിൽ അവൾ തന്റെ ജീവനെ

വിലയ്ക്കുവാങ്ങി. തൻെറ മിത്രങ്ങളുടെ ഉപദേശം കൊണ്ടാണു് ഇത്രയും ശൗൎയ്യത്തോടുകൂടി താൻ ചക്രവൎത്തിയെ എതിൎത്തതെന്നു് അവർ അറിയിച്ചു; അങ്ങനെ ക്രൂരനായ അമരേന്ദ്രസിംഹൻെറ പ്രതികാരത്തെ ദേവസേനാ ആ സാധുക്കളുടെ ശിരസ്സിലേക്കു പതിപ്പിച്ചു. നിരപരാധികളായ അനേകംപേർ അന്നു് ഘാതകൻെറ കുഠാരത്തിനിരയായി. അക്കൂട്ടത്തിൽ ദേവസേനായുടെ ഗുരുവായ ഒരു മഹാപണ്ഡിതനും ഉൾപ്പെട്ടിരുന്നു. അക്ഷരഹീനനായി നിഷ്ഠുരഹൃദയനായുള്ള ഒരു ഭടനുണ്ടോ ബുദ്ധിമഹാത്മ്യത്തെയും പാണ്ഡിത്യത്തെയും മാനിക്കുന്നു. എന്നാൽ ഈ യോഗ്യതകൾ ആ പണ്ഡിതവൎയ്യൻെറ ആത്മശാന്തിയെ ഉന്നമിപ്പിക്കുവാൻ പൎയ്യാപ്തങ്ങളായി.

വിജയശ്രീ സമാശ്ലിഷ്ടനായ അമരേന്ദ്രസിംഹൻ തൻെറ രാജധാനിയിലേക്കുള്ള മാൎഗ്ഗത്തിൽ രമണകസാമ്രാജ്യപരിധിയെ തരണംചെയ്തപ്പോൾതന്നെ വീണ്ടും താരാനഗരത്തിലെ നൂതനമായ ഉപജാപത്തെപ്പററി അദ്ദേഹത്തിനു് അറിവുകിട്ടി. നഗരത്തിൻെറ രക്ഷയ്ക്കായി തന്നാൽ നിയമിക്കപ്പെട്ടിരുന്ന ഭരണാധികാരിയെയും ഭടന്മാരെയുംപൌരന്മാർവധിക്കയും ലഹളക്കൊടി ഉയൎത്തുകയും ചെയ്തു എന്നായിരുന്നു ആ വൎത്തമാനം. ഒരു ക്ഷണനേരംപോലും നില്ക്കാതെ അമരേന്ദ്രൻ നേരെ താരാനഗരത്തിലേക്കുതന്നെ രണ്ടാമതും സേനയെ നയിച്ചു. തങ്ങളുടെ അവിവേകത്തിൻെറ ഫലമായി താരാനഗരവാസികൾ പിന്നീടനുഭവിച്ച പരമദുരിതങ്ങൾ അവൎണ്ണനീയങ്ങളത്രേ. വൃദ്ധന്മാരും സ്ത്രീകളും ശിശുക്കളും നിൎദ്ദോഷി

കളായ കൎഷകരുടെ സമൂഹവും അന്നു ബലിജന്തുക്കളെ പ്പോലെ വെട്ടിനുറുക്കപ്പെട്ടതായി അമരേന്ദ്രസിംഹൻ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. നഗരം നിശ്ശേഷം നശിപ്പിക്കപ്പെട്ടു. ആ സ്ഥാനത്തു് ഒരു ദേവാലയം പണിചെയ്യിക്കണമെന്നായിരുന്നു ചക്രവൎത്തിയുടെ ആദ്യത്തെ വിചാരം. എന്നാൽ അനന്തരാലോചനയുടെ ഫലമായി ആ നഗരത്തിൽ ശേഷിച്ച പൌരന്മാരുടെ പേരിൽ അദ്ദേഹത്തിനു കാരുണ്യം തോന്നുകയാൽ അവിടെ വീണ്ടും ഗൃഹങ്ങൾ നിൎമ്മിച്ചുകൊള്ളുവാൻ അവൎക്കു് അദ്ദേഹം അനുമതി നൽകി. സൃഷ്ടിക്രിയ സംഹാരത്തെക്കാൾ തുലോം വിഷമമേറിയ ഒന്നാണു്. വ്യാപാരം വ്യവസായം കലകൾ എന്നിവയുടെ വാസസ്ഥാനമായിരുന്ന ആ മനോഹരനഗരം ക്രമേണ അപ്രധാനമായ ഒരു പട്ടണമായി അധഃപതിച്ചു്. ഒടുവിൽ ഒരു നിസ്സാരഗ്രാമമായി പരിണമിച്ചു.

മനുഷ്യന്റെ നിസ്സീമമായ അഭ്യുദയം അവനെ മത്തനാക്കുന്നു. മദം ഹൃദയത്തിൽ വിഹരിക്കുമ്പോൾ അവന്റെ വിവേകം അസ്തമിക്കുന്നു. വിവേകം അസ്തമിക്കുമ്പോൾ താൻ എന്താണു ചെയ്യുന്നതെന്നു് അവനു തന്നെ ബോധം ഉണ്ടാകുന്നില്ല. പിന്നീടു് അവന്റെ കൎമ്മങ്ങൾക്കു് അവൻ യാതൊരു പരിധിയും കല്പിക്കുന്നതുമില്ല. നീചപദവിയിൽനിന്നും അസാധാരണ ഭാഗ്യത്തിലേക്കുയരുന്ന തൊണ്ണൂറെറാൻപതു ശതമാനം ആളുകളുടെയും സ്ഥിതി ഇപ്രകാരമാണു്. ഇങ്ങനെയുള്ളവർ അക്ഷരഹീനന്മാരുംകൂടി ആയാലുള്ള കഥ പിന്നെ

ഭേദിക്കാനാവില്ല. ഇതിനുത്തമദൃഷ്ടാന്തം അമരേന്ദ്ര സിംഹൻ തന്നെയാണു്. ജഗന്നിയന്താവായ സൎവ്വശക്തൻ കൎമ്മസാക്ഷിയാണെന്നുള്ള കഥ ആരറിയുന്നു.?

---

## ആറാമദ്ധ്യായം

ഇനി നമ്മുടെ കഥാരംഗം ഒരു പുതിയ ദേശത്തേയ്ക്കു മാറുന്നു. സൌരാഷ്ട്രത്തിലെ വല്ലഭിനഗരം ചരിത്രപ്രസിദ്ധമാണല്ലോ. അമരേന്ദ്രസിംഹനും ദേവസേനയുമായുള്ള യുദ്ധം നടന്നുകൊണ്ടിരുന്നകാലത്തു് വല്ലഭിയിലെ ഒരു ധനികനായ വൎത്തകൻ സൌരാഷ്ട്രത്തിൽ രാജ്യാധികാരം സ്ഥാപിക്കുവാനുള്ള തീവ്രശ്രമം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. വാമദേവൻ എന്ന പേരിൽ അറിയപ്പെട്ട ഈ വൎത്തകശ്രേഷ്ഠൻ ഉത്തരഭാരതത്തിലെ വിപണികളുമായി നിരന്തരം വാണിജ്യം നടത്തിക്കൊണ്ടിരുന്ന കാലത്തു് കൂടക്കൂടെ താരാനഗരത്തിലും വിശ്രമിച്ചുവന്നു. താൻ അനിരുദ്ധൻെറയും ദേവസേനയുടെയും ആത്മമിത്രമാണെന്നു് ശ്ലാഘിക്കാറുണ്ടായിരുന്ന ഈ ധനവാനായ വ്യാപാരി താരാനഗരത്തിൻെറ അധഃപതനത്തോടുകൂടി ദേവസേനയുടെ പക്ഷം പിടിച്ചു കലാപം ആരംഭിച്ചു. ഈയാൾ സൌരാഷ്ട്രത്തിലെ ജനസഞ്ചയത്തെ ഇളക്കി തൻെറ പതാകയിൻകീഴിലാക്കി വല്ലഭിയിലെ അരമന

യിൽ പ്രവേശിച്ചു് സ്വയം ചക്രവൎത്തിപദം കയ്യേററു. അനന്തരം തൻെറ നാമത്തിൽ നാണയങ്ങൾ അടിച്ചു പ്രസിദ്ധപ്പെടുത്തുക വിളംബരങ്ങൾ പ്രഖ്യാപനം ചെയ്ക മുതലായ രാജോചിതസംരംഭങ്ങളിൽ വ്യാപൃതനായി. ഇതിനിടയിൽ അയാൾ ഒരു വലിയ സൈന്യത്തെയും ശേഖരിച്ചു. എന്നാൽ അമരേന്ദ്രൻെറ പടയിൽ പഴകിയ വീരന്മാരോടു് ഈ ദുർബലമായ സൈന്യം ഒരു കിടയായിരുന്നില്ല. ചക്രവൎത്തി തൻെറ സൈന്യവുമായി വല്ലഭിയിൽ കടന്നക്ഷണത്തിൽ തന്നെ വാമദേവൻെറ ഭടന്മാർ പലായനം ചെയ്യിക്കപ്പെട്ടു. ഉദ്ധതനായ ആ വ്യാപാരിയെ തടവുകാരനായി പിടിച്ചു ഉടൻ തന്നെ അയാളുടെ ശിരച്ഛേദവും ചെയ്യപ്പെട്ടു. ഇങ്ങനെ മൂന്നു വൎഷംകൊണ്ടു് സാമ്രാജ്യം ഒട്ടാകെ സമാധാനം പ്രചരപ്പിച്ച അമരേന്ദ്രസിംഹൻ തനിക്കും മഹാസഭയ്ക്കും മംഗളാശംസ ചെയ്യത്തക്കവിധത്തിൽ പൂൎണ്ണമായ വിജയത്താൽ സമാശ്ലിഷ്ടനായി രമണകനഗരത്തിൽ എത്തി.

ആഹ്ലാദഭരിതരായ പൌരന്മാർ ചക്രവൎത്തിയുടെ വിജയസൂചകമായി സകലവിധ രാജകീയാഡംബരങ്ങളോടും കൂടി അദ്ദേഹത്തെ സ്വൎണ്ണശിബികയിൽ വഹിച്ചുകൊണ്ടു് നഗരത്തിൽ ഒരു ഘോഷയാത്ര ചെയ്വാൻ നിശ്ചയിച്ചു. ഈ വിധമുള്ള ജൈത്രയാത്ര രമണകത്തിൽ അന്നു് ആദ്യമായിട്ടല്ല നടത്തുന്നതു്. അതിനുമുമ്പും ജേതാക്കളായ പല ചക്രവൎത്തികൾക്കും ഈ ബഹുമാനത്തെ മഹാസഭ നൽകിയിട്ടുണ്ടു്. എന്നാൽ രമണകത്തിൻെറ സംസ്ഥാപനത്തിനുശേഷം, അമരേന്ദ്ര

സിംഹനെ ആദരിച്ച പ്രവത്തിക്കപ്പെട്ട ഘോഷയാത്രയ്ക്കു തുല്യമായി മറെറാന്നു് ഉണ്ടായിട്ടില്ല. പ്രസ്തുതമായ ആഘോഷം ഉദ്ഘാടനം ചെയ്യപ്പെട്ടതു് ഇരുപതു ഗജ വീരന്മാരുടെയും നാലു വ്യാഘ്രങ്ങളുടെയും ഭൂഖണ്ഡ ത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ശേഖരിക്കപ്പെട്ട ഇരുനൂറിൽപരം അത്ഭുതജന്തുക്കളുടെയും പ്രദശ്നത്തോടു കൂടി ആയിരുന്നു. രംഗസ്ഥലത്തിലെ നിഷ്ഠുരമായ വിനോ ദസമരത്തിൽ പ്രവീണന്മാരായ ആയിരത്തിഅറുനൂറു മല്ലന്മാർ ഈ മൃഗങ്ങളെ പിൻതുടന്നു. ഭാരതഭൂമിയിലെ ധനവും പരാജിതമാക്കപ്പെട്ട അധഃവധി വഗ്ഗക്കാരുടെ ആയുധങ്ങളും കൊടിക്കൂറകളും ദേവസേനയുടെ സുവണ്ണ താലങ്ങളും വിലയേറിയ വസ്ത്രങ്ങളും ഈ ഘോഷയാത്ര യിൽ പ്രദശിതങ്ങളായി. ഭൂഖണ്ഡത്തിന്റെ പലഭാഗ ങ്ങളെ ഭരിക്കുന്ന കിരീടപതികളുടെ പ്രതിനിധികൾ രമ ണാകചക്രവത്തിയുടെ പ്രതാപത്തെയും യശസ്സിനെയും പ്രകടമാക്കത്തക്ക വിധത്തിൽ ഘോഷയാത്രയുടെ പുരോ ഭാഗത്തു സന്നിഹിതരായിരുന്നു. തനിക്കു ലഭിച്ച ഉപ ഹാരങ്ങളും വിശിഷ്യ തന്നോടു കൃതജ്ഞത പ്രകടിപ്പിച്ച അനേകം നഗരങ്ങളിലെ പൌരന്മാർ കാഴ്ചവച്ച സുവണ്ണ മകുടങ്ങളും ചക്രവത്തിയാൽ പ്രദശിപ്പിക്കപ്പെട്ടു. വിമന സ്സുകളായി ഈ ഘോഷയാത്രയെ അനുഗമിച്ച നനാവഗ്ഗ ത്തിൽപെട്ട ഒരു സംഘം തടവുകാർ അമരേന്ദ്രസിംഹന്റെ അനവധി വിജയങ്ങൾക്കു സാക്ഷ്യം വഹിച്ചു. ഓരോ വഗ്ഗക്കാരും അവരവരുടെ പ്രത്യേകമായ ലിഖിതരേഖക ളാൽ തിരിച്ചറിയപ്പെട്ടു. ഗാന്ധാരന്മാരുടെ ഇടയിൽ

നിന്നും ബന്ധിക്കപ്പെട്ട യുദ്ധവിദേശീയകളായ പത്തുയുവതികൾ ആ ഘോഷയാത്രയ്ക്കിടയിൽ നൂതനമായ ഒരു കാഴ്ചയായിരുന്നു. എന്നാൽ കാണികളുടെ ദൃഷ്ടികൾ പ്രധാനമായി പതിച്ചതു് ക്ഷത്രകന്റെയും ദേവസേനാമഹാരാജ്ഞിയുടെയും നേരെ ആയിരുന്നു. ക്ഷത്രകൻ തന്റെ പുത്രനോടൊന്നിച്ചു് രാജകീയ വേഷത്തിൽതന്നെയാണു ചക്രവർത്തിയുടെ ശിബികയെ പിൻതുടർന്നതു്. ദേവസേനയുടെ മനോഹരമായ രൂപം സുവർണ്ണശൃംഖലയാൽ ബദ്ധമായിരുന്നു. അവളുടെ സുന്ദരമായ കണ്ഠനാളത്തെ വലയം ചെയ്തിരുന്ന ശൃംഖല ഒരടിമയാൽ വഹിക്കപ്പെട്ടിരുന്നു. ദേവസേന സർവ്വാഭരണ വിഭൂഷിതയുമായിരുന്നു. അനിരുദ്ധന്റെ വകയായ ഒരു മോഹനാശ്വം ശിബികയുടെ പിന്നാലെ നടത്തപ്പെട്ടു. മഹാസഭയിലെ ബഹുമാന്യന്മാരായ അംഗങ്ങളും സൈന്യവും ശിബികയെ ചുററി നിന്നിരുന്നു. പ്രസ്പഷ്ടമായ ആനന്ദവും അത്ഭുതവും കൃതജ്ഞതയും പൌരന്മാരുടെ ആരവപൂരത്തിൽ പ്രകടമായി. എന്നാൽ ക്ഷത്രകന്റെ ദർശനം മഹാസഭയുടെ സംതൃപ്തിയിൽ ഒരു കാളിമ കലർത്തി. എന്തെന്നാൽ അദ്ദേഹം രമണകത്തിലെ ഒരു പൌരനായിരുന്നു. അങ്ങനെയുള്ള ഒരു മാന്യനെ ചക്രവർത്തി പരസ്യമായി അപമാനിച്ചതിനാലുണ്ടായ അന്തഃക്ഷോഭത്തെ അമർത്തുവാൻ സഭാംഗങ്ങൾ ശക്തരായില്ല.

എന്നാൽ രമണക ചക്രവർത്തിയുടെ പ്രൌഢിയെ പ്രകടമാക്കുവാൻ വേണ്ടി തന്റെ പ്രതിദ്വന്ദ്വികളുടെ നേരെ ഈ വിധം അവജ്ഞ കാട്ടിയെങ്കിലും അമരേന്ദ്ര

സിംഹൻ അവരോടു് അത്യുദാരമായ കാരുണ്യത്തോടു കൂടിയാണു പെരുമാറിയതു്. സാധാരണമായി ഘോഷയാത്ര കഴിഞ്ഞാൽ ബന്ധനസ്ഥരായ രാജാക്കന്മാരെ തടവിൽ പാർപ്പിക്കുന്ന പതിവാണുണ്ടായിരുന്നതു്. എന്നാൽ പ്രസ്തുത രാജന്യന്മാരെ സുഖമായ ഒരു ജീവിതം നയിക്കുവാൻ തന്നെ ചക്രവർത്തി അനുവദിച്ചു. ദേവസേനയുടെ വാസത്തിനു് മനോഹരമായ ഒരു അരമനയും വേണ്ടുന്ന ഉപകരണങ്ങളും നൽകപ്പെട്ടു. അങ്ങിനെ താരാസംസ്ഥാനത്തിലെ മഹാരാജ്ഞി സാധാരണ ഒരു സ്ത്രീയുടെ നിലയിലേക്കു താഴ്ത്തപ്പെട്ടു. ക്ഷത്രകനും അദ്ദേഹത്തിന്റെ പുത്രനും അവരുടെ പഴയ പദവിയിൽ തന്നെ മാനിക്കപ്പെട്ടു് രാജധാനിക്കു സമീപത്തുള്ള മനോഹരമായ ഒരു കുന്നിന്മേൽ അവർ രമ്യമായ ഒരു സൌധം പണിയിക്കയും പണിപൂർത്തിയായപ്പോൾ ചക്രവർത്തിയെ അവിടേക്കു ക്ഷണിച്ചു സൽക്കരിക്കയും ചെയ്തു. അരമനയിൽ പ്രവേശിച്ച ക്ഷണത്തിൽ തന്നെ തന്റെ അതിഥേയന്മാരുടെ ചരിത്രത്തെ കുറിക്കുന്ന ഒരു ചിത്രം കണ്ടു് അമരേന്ദ്രസിംഹൻ അത്ഭുതപ്പെട്ടു. പഞ്ചനദത്തിലെ കിരീടവും ചെങ്കോലും അവർ ചക്രവർത്തിക്കു കൊടുത്തു് അതിനെ തൃക്കയ്യിൽനിന്നും തിരിയെ വാങ്ങുന്നതായിട്ടാണു് അതിൽ ചിത്രീകരിച്ചിരുന്നതു്. അവരിൽ പിതാവു് അല്പകാലത്തിനുശേഷം രമണകസംസ്ഥാനത്തിൽതന്നെയുള്ള ലക്ഷണവതി എന്ന മണ്ഡലത്തിലെ ഭരണാധികാരിയായി നിയമിക്കപ്പെട്ടു. എന്നു മാത്രമല്ല ചക്രവർത്തിയുടെ ഒരാപ്തമിത്രമായി ക്ഷത്രകൻ സ്വീകരിക്ക

പ്പെടുകയും ചെയ്തു. വിദേശ മണ്ഡലങ്ങളെ ഭരിക്കുന്നതിനേക്കാൾ സംസ്ഥാനത്തിനകത്തുള്ള ഒരു ഭൂഭാഗത്തെ ഭരിക്കുന്നതല്ലയോ നല്ലതെന്നു് അവരുടെ നർമ്മസല്ലാപത്തിനിടയിൽ ചക്രവർത്തി ക്ഷേത്രജ്ഞനോടു ചോദിക്കാറുണ്ടായിരുന്നു. സ്ഥാനത്യാഗം ചെയ്ത ഈ രാജാവിന്റെ പുത്രൻ വളരെക്കാലം മഹാസഭയിലെ ഒരംഗമായിരിക്കയും അമരേന്ദ്രന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭവിക്കയും ചെയ്തു.

അമരേന്ദ്രസിംഹന്റെ ജൈത്രഘോഷം അതിദീർഘവും വിവിധപരിപാടികൾ അടങ്ങിയതും ആയിരുന്നതിനാൽ അതവസാനിച്ചപ്പോൾ രാത്രി ഏകദേശം പത്തു നാഴികയിരുട്ടി. അതിനുശേഷം മാത്രമേ ചക്രവർത്തിക്കു് അരമനയിൽ പ്രവേശിക്കുവാൻ സാധിച്ചുള്ളൂ. നാടകം കായികാഭ്യാസം, നായാട്ടു്, മല്ലയുദ്ധം മുതലായ പല മാതിരി പരിപാടികളാൽ പ്രസ്തുത ആഘോഷം ക്രമത്തിലധികം ദീർഘിച്ചുപോയി. സൈന്യത്തിനും ജനസമൂഹത്തിനും ലോഭം കൂടാതെ ധനം വിതരണം ചെയ്യപ്പെട്ടു. ഇതു കൂടാതെ നഗരത്തിലെ പല ധർമ്മസ്ഥാപനങ്ങൾക്കും ചക്രവർത്തി ഉദാരമായ സംഭാവനകൾ ചെയ്തു. ഭാരതഖണ്ഡത്തിൽനിന്നും ലഭിച്ച സംഖ്യാതീതമായ ധനത്തിൽ ഭൂരിഭാഗവും രമണകത്തിലെ പരദൈവങ്ങൾക്കായി സമർപ്പിച്ചു. നഗരത്തിലെ സകല ദേവാലയങ്ങളും രാജേന്ദ്രസിംഹനാൽ കാഴ്ചവയ്ക്കപ്പെട്ട സുവർണ്ണരത്നാദികളാൽ നിതരാം ഭാസുരമായിത്തീർന്നു. സ്വർണ്ണപ്രതിഷ്ഠയുള്ള ക്ഷേത്രത്തിനു മാത്രം പതിനയ്യായിരം റാത്തൽ സ്വർണ്ണം

ലഭിച്ചു. ഈ പറഞ്ഞ ക്ഷേത്രം ചക്രവൎത്തിയുടെ വിജയസൂചകമായ ഘോഷയാത്രയ്ക്കുശേഷം അദ്ദേഹം തന്നെ പണികഴിപ്പിച്ചു സൂൎയ്യപ്രതിഷ്ഠ നടത്തിയ ഒന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവു് ഈ ക്ഷേത്രത്തിലെ ഒരു പരിചാരിക ആയിരുന്നു. പ്രഭാതനിലയമായ ആ ദേവനോടും അമരേന്ദ്രസിംഹനു് ബാല്യംമുതൽ തന്നെ ഒരു ഭക്തി ജനിച്ചിരുന്നു. തന്റെ ഉന്നമനത്തിന്റെ ഓരോ പടിയും ഭരണത്തിന്നിടയിൽ ലഭിച്ച ഓരോ വിജയവും ചക്രവൎത്തിയുടെ അന്ധവിശ്വാസത്തെ കൃതജ്ഞതയാകുന്ന പ്രാകാരത്താൽ സുരക്ഷിതമാക്കി.

അമരേന്ദ്രസിംഹന്റെ ഭുജദണ്ഡം വിദേശികളും സ്വദേശികളുമായ ശത്രുക്കളെ അമൎത്തി. അദ്ദേഹത്തിന്റെ സ്തുത്യൎഹമായ കാൎക്കശ്യംനിമിത്തം, നിയമലംഘനം ഗൂഢാലോചന, കൃത്രിമതന്ത്രങ്ങൾ, പീഡാകരമായ ഭരണം എന്നിവ സാമ്രാജ്യത്തിലൊട്ടാകെ ഉന്മൂലനം ചെയ്യപ്പെട്ടു. എന്നാൽ ദൌഷ്ട്യത്തിന്റെ വൎദ്ധനം അതിന്റെ പ്രശമനത്തെക്കാൾ എത്രമാത്രം വേഗത്തിലാണു് സംഭവിക്കുന്നതെന്നുള്ള വസ്തുത നാം ഗാഢമായി ചിന്തിക്കുന്നതായാൽ സംഗരപ്രിയനായ അമരേന്ദ്രസിംഹന്റെ ഭരണകാലത്തിൽ അപൂൎവ്വമായി മാത്രം സിദ്ധിക്കപ്പെട്ട സമാധാനശാന്തമായ ചുരുങ്ങിയ കാലഘട്ടങ്ങൾ മേല്പറഞ്ഞ ദൌഷ്ട്യങ്ങളെ നിൎമ്മാൎജ്ജനം ചെയ്യുന്നതിനു മതിയായ ദൈൎഘ്യത്തെ പ്രദാനം ചെയ്തില്ല. നാണയശുദ്ധിയെ പുനരുദ്ധരിക്കാൻ അദ്ദേഹം ചെയ്ത ശ്രമംപോലും ഒരു കലാപത്തെ ഉളവാക്കി. ചക്രവൎത്തിക്കു് ഇതുമൂലം ഉണ്ടായ

അസഹ്യത അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ പ്രസ്പഷ്ടമാക്കപ്പെട്ടിട്ടുണ്ടു്. "തീൎച്ചയായും എന്റെ ജീവിതം മുഴുവൻ യുദ്ധംകൊണ്ടു കഴിയണമെന്നാണു് ഈശ്വരന്മാരുടെ നിശ്ചയം. ദുൎഗ്ഗത്തിനുള്ളിൽ മുളച്ച ഒരു രാജദ്രോഹം ഗൌരവമേറിയ ഒരു അന്തച്ഛിദ്രത്തെ ഉത്പാദിപ്പിച്ചു. ധനകാൎയ്യാലയത്തിൽ ഞാൻ തന്നെ നിയമിച്ച ഒരടിമ കമ്മട്ടത്തിലെ ജോലിക്കാരെ ഇളക്കിവിട്ടു് ലഹളയാരംഭിച്ചിരിക്കുന്നു. ഏതായാലും അവൎക്കു ഞാൻ ഒരമൎച്ചവരുത്തി. എന്നാൽ എന്റെ ഭടന്മാരിൽ ഏഴായിരം പേർ എനിക്കു നഷ്ടമായി" ഈ വസ്തുതയെ സ്ഥിരീകരിക്കുന്ന മററു ചില ലേഖകന്മാർ ചക്രവൎത്തിയുടെ ഘോഷയാത്ര കഴിഞ്ഞ ഉടൻ തന്നെയാണു് ഈ കലാപമുണ്ടായതെന്നു പറയുന്നു. ജോലിക്കാർ നാണയങ്ങളെ ദുഷിപ്പിച്ചു എന്നും അമഡേരസ്സൻ അവയെ തിരിയെ ഖജനാവിൽ സ്വീകരിച്ചുകൊണ്ടു് പൊതുജനങ്ങൾക്കു നല്ല നാണയം കൊടുത്തു് അവരുടെ ആദരത്തിനു പാത്രമായി എന്നും ഈ ലേഖകന്മാർ പറയുന്നു.

---

## ഏഴാമദ്ധ്യായം

ഈ ഉപാഖ്യാനത്തിന്റെ കാരണവും ഉദ്ദേശവും എന്തെങ്കിലും ആയിരിക്കട്ടെ, അമഡേരസ്സൻ തന്റെ വിജയത്തെ അതിനിഷ്ഠുരമായി വിനിയോഗിച്ചു എന്നുള്ള

തിൽ സംശയമില്ല. പ്രകൃത്യാതന്നെ അദ്ദേഹം കഠിന ഹൃദയനായിരുന്നു. ഒരു കർഷകനും യോദ്ധാവുമായ അദ്ദേഹത്തിന്റെ സിരകൾ അനുതാപത്തിന്റെ മൃദുവായ സ്വീകരിക്കാൻ പര്യാപ്തങ്ങളായിരുന്നില്ല. തത്ഫലമായി യാതൊരു ചാഞ്ചല്യവും കൂടാതെ ഏതു ദണ്ഡനത്തെയും മരണത്തെയും കണ്ടുകൊണ്ടുനില്ക്കാൻ അദ്ദേഹത്തിനു ധൈര്യമുണ്ടായിരുന്നു. ശൈശവം മുതൽതന്നെ ആയുധപ്രയോഗത്തിൽ അഭ്യാസം സിദ്ധിച്ച ചക്രവർത്തിക്കു ഒരു മനുഷ്യന്റെ ജീവനെപ്പററി വലിയ വിലയൊന്നും തോന്നിയിരുന്നില്ല. അതിനാൽ ഒരു നിസ്സാരമായ കുററത്തെപ്പോലും സൈനികമായ ദണ്ഡനംകൊണ്ടു് അദ്ദേഹം ശിക്ഷിച്ചു. ഈ നിയമത്തെ തന്നെ അദ്ദേഹം രാജ്യഭരണവിഷയത്തിലും സംക്രമിപ്പിച്ചു. നീതിപരിപാലനത്തിൽ ചക്രവർത്തി ചിലപ്പോൾ അന്ധനും ക്രോധാകുലനും ആയി തീരാറുണ്ടായിരുന്നു. തന്റെയും രാജ്യത്തിന്റെയും രക്ഷയ്ക്കു് വിഘാതം വരുമെന്നുകണ്ടാൽ ചട്ടങ്ങളെപ്പോലും വിസ്മരിച്ചു് അപരാധിയെ തന്റെ ഇംഗിതംപോലെ ദണ്ഡിക്കാൻ ചക്രവർത്തിക്കു യാതൊരു സങ്കോചവും ഉണ്ടായിരുന്നില്ല. രാജ്യനിയമത്താൽ ദത്തമായ അധികാരത്തോടുകൂടിയ മഹാസഭയ്ക്കു് രമണകചക്രവർത്തിയുടെ കർമ്മങ്ങളെ നിയമനം ചെയ്യുന്നതിനു് അവകാശമുണ്ടായിരുന്നു. എന്നാൽ അമരേന്ദ്രസിംഹനാകട്ടെ തന്റെ ഖഡ്ഗത്തിന്റെ അധികാരത്തെയല്ലാതെ മറെറാന്നിനേയും ഗണിച്ചില്ല.

നാണയക്കുഴപ്പത്തിനു കാരണക്കാരായ കമ്മട്ടത്തിലെ ജോലിക്കാൎക്കു മരണദണ്ഡനം തന്നെയാണു ചക്രവൎത്തി വിധിച്ചതു്. അവരെല്ലാവരും ഉടൻതന്നെ ഘാതകൻെറ കഠാരത്തിനു് ഇരയാവുകയും ചെയ്തു. നിരന്തരമായ സമരത്തിനുശേഷം അല്പകാലത്തേക്കു് അമരേന്ദ്രൻ തൻെറ അരമനയിൽ വിശ്രമിക്കാൻ തന്നെ തീൎച്ചപ്പെടുത്തി. രമണകത്തിലെ നേത്രമോഹനമായ രാജമന്ദിരത്തിൽ രത്നഖചിതമായ ഒരു സുവൎണ്ണസിംഹാസനത്തിൽ അമരേന്ദ്രസിംഹൻ ഇരിക്കയായിരുന്നു. നേരം രണ്ടു നാഴിക ഇരുട്ടിയിരിക്കും. കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാരെല്ലാം അവരുടെ പണികഴിഞ്ഞു് ഗൃഹങ്ങളിലേക്കു മടങ്ങി. തവണക്കാർ മാത്രം പള്ളിക്കുറുപ്പുവരെ കാത്തുനില്ക്കേണ്ടവരാകയാൽ ജാഗരൂകന്മാരായി തങ്ങളുടെ സ്ഥാനങ്ങളിൽ തന്നെ കാണപ്പെട്ടു. പള്ളിയറവാതുക്കൽ കാത്തുനിന്ന കിങ്കരൻ ഒരു ലേഖനവുംകൊണ്ടു് അകത്തു പ്രവേശിച്ചു് അത്യാദരപൂൎവം അതിനെ തൃക്കൈയ്യിൽ അൎപ്പണംചെയ്തു. ചക്രവൎത്തി അതു ശ്രദ്ധയോടുകൂടി വായിച്ചശേഷം ഇങ്ങനെ ചോദിച്ചു.

"ഈ സങ്കടവുംകൊണ്ടുവന്ന ആൾ എവിടെ?"

കിങ്ക:—"കാത്തു നില്ക്കുന്നു."

ചക്ര:—"അയാളെ വിളിക്കുക."

കിങ്കരൻ പെട്ടെന്നു മറഞ്ഞു് അഞ്ചു നിമിഷത്തിനുള്ളിൽ വിലയേറിയ വസ്ത്രങ്ങൾ ധരിച്ച ഒരു വ്യാപാരിയുമായി തിരിച്ചെത്തി. വ്യാപാരി സിംഹാസനത്തിന്റെ മുമ്പിൽ സാഷ്ടാംഗം പ്രണാമം ചെയ്തശേഷം എഴ

നേററു് വിനീതനായി ഒതുങ്ങിനിന്നു. ചക്രവത്തി ചോദിച്ചു:—

"നിങ്ങൾക്കു് എന്തു സങ്കടമാണു് അറിയിക്കാനുള്ളതു്"

വ്യാപാ:—"സേനാനിയായ ഭദ്രസേനൻ അടിയൻെറ പക്കൽനിന്നും പതിനായിരം സുവൎണ്ണനാണ്യങ്ങൾ അപഹരിച്ചിരിക്കുന്നു."

ചക്ര:—ആരു് ഭദ്രസേനനോ? രമണകസാമ്രാജ്യത്തിലെ പ്രധാനപ്പെട്ട ഒരു ഉദ്യോഗസ്ഥൻനഗരത്തിലെ ധനികനായ ഒരു വ്യാപാരിയുടെ പക്കൽനിന്നും ധനം അപഹരിച്ചു എന്നോ. അതും സേനാനികളിൽ പ്രധാനിയായ ഭദ്രസേനൻ! ഇതു് അത്ഭുതകരമായിരിക്കുന്നു. യുദ്ധാങ്കണങ്ങളിൽനിന്നു ലഭിച്ച ധനത്തിൽ ഒരു വലിയ ഭാഗം ഭദ്രസേനനു നാം കൊടുത്തതിൻെറ ഫലമായിരിക്കും ഇതു്. ആരായാലും സൈനികനിയമത്തെ ലംഘിക്കുന്നവൻ വധ്യനാണു്. ഇതിനെപ്പററി വേണ്ട അന്വേഷണം നടത്തി അപരാധിയെ ശിക്ഷിക്കുന്നുണ്ടു്. നിങ്ങൾക്കു് ഇപ്പോൾ പോകാം."

അമരേന്ദ്രസിംഹൻെറ ഈ കല്പനകേട്ടു് സമാശ്വസ്തനായ വ്യാപാരി വീണ്ടും നമസ്കരിച്ചുശേഷം പള്ളിയറയിൽനിന്നും പുറത്തു കടന്നു. ചക്രവത്തി നിദ്രയ്ക്കായി മണിമഞ്ചത്തെ ശരണംപ്രാപിച്ചു.

ഭദ്രസേനൻ രമണകസേനയിലെ അതിപ്രധാനനായ ഒരു സേനാനിയും പ്രശസ്തനായ ഒരു യോദ്ധാവും ആയിരുന്നു. പലയുദ്ധങ്ങളിലും അദ്ദേഹം ചക്രവർത്തിക്കു പിൻതുണയായിനിന്നു് രമണകത്തിന്റെ അഭിമാനത്തെ സംരക്ഷിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള ഒരുദ്യോഗസ്ഥനെ ബന്ധിക്കുന്ന കാര്യത്തെ പററിയുള്ള ചിന്ത അമരേന്ദ്രസിംഹന്റെ സൈ്വരനിദ്രയ്ക്കു ഭംഗം വരുത്തി. വളരെ നേരം പള്ളിമെത്തയിൽ കിടന്നു് ഉരുണ്ടശേഷം തിരുമേനി സ്വപ്നസമാക്രാന്തമായ ഒരു നിദ്രയിൽ ലയിച്ചു.

ഭദ്രസേനന്റെ പേരിൽ ആരോപിക്കപ്പെട്ട അപരാധത്തെ സംബന്ധിച്ച വാർത്ത അടുത്തദിവസം തന്നെ ആ സേനാനിയുടെ ചെവിയിൽ എത്തി. അപരാധിയെ ശിക്ഷിക്കുന്നതാണെന്നുള്ള ചക്രവർത്തിയുടെ കല്പനയെ പററിയും അദ്ദേഹം അറിഞ്ഞു. അമരേന്ദ്രസിംഹൻ ഒരിക്കലും വ്യർത്ഥമായി ഒന്നും കല്പിക്കുന്ന ആളല്ലെന്നു് ഭദ്രസേനനു നല്ലപോലെ അറിയാമായിരുന്നു. അതിനാൽ വിളംബമെന്യേ തനിക്കു് ഘാതകന്റെ കുഠാരത്തെ സ്വാഗതം ചെയ്യേണ്ടിവരുമെന്നും അദ്ദേഹം ഉറച്ചു. എന്നാൽ തന്റെ പ്രതീക്ഷയ്ക്കനുസരിച്ചു് ചക്രവർത്തിയിൽ നിന്നും യാതൊരാഹ്വാനവും അന്നുണ്ടായില്ല. എങ്കിലും അതിനു കാലതാമസം ഉണ്ടാകുമെന്നു് ഭദ്രസേനൻ കരുതിയില്ല. പ്രാണഭീതി അദ്ദേഹത്തെ ആശയറ്റു ധീരതയ്ക്കു വശംവദനാക്കി. തനിക്കു തുണയായി കുറെ മിത്രങ്ങളെ സമ്പാദിക്കണമെന്നദ്ദേഹം നിശ്ചയിച്ചു.

അതിലേക്കു് തക്കആളുകൾ ആരാണെന്നുള്ള ചിന്ത ഭദ്രസേനൻെറ മസ്തിഷ്കത്തെ ബാധിച്ചു. സൈന്യത്തിൽ തന്നെ അദ്ദേഹം പല ആളുകളെയും കുറിച്ചു. എങ്കിലും തൻെറ ഉദ്ദേശസിദ്ധിക്കു പ്രധാനായുധമായി അദ്ദേഹം കണ്ടതു് സ്ഥാനഭ്രഷ്ടയായ താരാനഗരത്തിലെ മഹാരാജ്ഞിയെ ആയിരുന്നു. നഷ്ടപ്പെട്ട തൻെറ സിംഹാസനത്തെ വീണ്ടെടുക്കാമെന്നുള്ള ആശ ദേവസേനയെ പ്രലോഭിപ്പിക്കാൻ ഒരു പ്രധാനമാർഗ്ഗമാണെന്നും ഭദ്രസേനൻ കണ്ടു. അതിനാൽ രാജ്ഞിയെ സന്ദർശിക്കുവാൻ തന്നെ അദ്ദേഹം നിശ്ചയിച്ചു.

പകലുപോലുള്ള നിലാവു്. താമ്രവതീനദിക്കരയിലുള്ള ദേവസേനയുടെ രമ്യഹർമ്മ്യം അഭിനവസുധാലേപനത്താലെന്നപോലെ ധവളമായി പ്രശോഭിച്ചു. സൌധത്തിനുള്ളിലും ചന്ദ്രശാലകളിലും കത്തിക്കൊണ്ടിരുന്ന വെള്ളിവിളക്കുകളിലെ ദീപപ്രഭ നാനാദിക്കിലും വ്യാപിച്ചു് വളപ്പിലെ വൃക്ഷച്ഛായകളെയും ഭാസമാനമാക്കി. ഹർമ്മ്യത്തിൻെറ മുൻഭാഗത്തുള്ള നടക്കാവിൽകൂടി കറുത്തമൂടുപടത്താൽ ദേഹം മറച്ചു ഒരു രൂപം മാളികയുടെ പുരോഭാഗത്തേക്കു നടക്കുകയായിരുന്നു. ആ രൂപം നേരെ ചെന്നു് സൌധത്തിലെ പ്രധാനശാലയിൽ പ്രവേശിച്ചുക്ഷണത്തിൽ മൂടുപടം മാററി. അവിടെ കാത്തുനിന്ന കിങ്കരൻ ആഗതനെ അറിഞ്ഞപ്പോൾ വിനീതനായി താണുതൊഴുതു.

"എനിക്കു് ദേവസേനാമഹാരാജ്ഞിയെ കാണേണം. നിങ്ങൾ അകത്തുപോയി അനുവാദം വാങ്ങിവരണം.

ആരാണു വന്നിരിക്കുന്നതെന്നു നിങ്ങൾക്കു മനസ്സിലാ
യല്ലോ."

"ഉത്തരവ്" എന്നു പറഞ്ഞുകൊണ്ടു് കിങ്കരൻ വേഗത്തിൽ അകത്തേക്കു മറഞ്ഞു. അല്പം കഴിഞ്ഞു് അയാൾ വീണ്ടും പ്രത്യക്ഷനായി. ആഗതനെ അകത്തേക്കുകൂട്ടിക്കൊണ്ടുപോയി. അതിവിശാലമായ ആ മണ്ഡപത്തെ തരണം ചെയ്തു് അവർ ചിത്രപ്പണികൊണ്ടു് അലംകൃതമായ ഒരു കോണിപ്പടി കയറി ഹർമ്മ്യത്തിന്റെ രണ്ടാം നിലയിലുള്ള ഒരിടനാഴിയിൽ എത്തി. അവിടെനിന്നു ഏകദേശം ഇരുനൂറു ഗജം നീളമുള്ള ഇടുങ്ങിയ ആ പന്ഥാവിൽ കൂടി വീണ്ടും പുരോഗമനം ചെയ്തിട്ടു് ഒടുവിൽ അവർ മറ്റൊരു കോണിപ്പടിയുടെ ചുവട്ടിൽ ചെന്നുചേർന്നു. ഈ പടവുകളുടെ മദ്ധ്യഭാഗത്തുകൂടി ഏകദേശം നാലടി വീതിവരുന്ന രത്നക്കംബളം കോവേണിയുടെ മുകളിലത്തെ അന്തംവരെ വിരിച്ചു് അതിന്റെ ഇരുപുറവും പട്ടുനാടചേർത്തു് രജതകീലങ്ങൾ ഇറക്കി ഉറപ്പിച്ചിരുന്നു. ഈ പടവുകൾ കയറി അതിന്റെ മറുഭാഗത്തു് എത്തിയപ്പോൾ അതിമനോഹരമായ ഒരു മണിയറയുടെ മുമ്പിലാണു നില്ക്കുന്നതെന്നു് അവർ കണ്ടു. മണിയറയുടെ വാതൽ വിലയേറിയ യവനികയാൽ മറയ്ക്കപ്പെട്ടിരുന്നു. മുറിയ്ക്കുള്ളിൽ നിന്നും അഷ്ടഗന്ധം പനിനീർ, കസ്തൂരി തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെ പരിമളം അവരുടെ നാസാരന്ധ്രത്തെ സ്വാഗതം ചെയ്തു. വാതുക്കൽ കാൽപെരുമാററം കേട്ടപ്പോൾ "അകത്തുവരാം എന്നൊരു സ്വരം ശ്രവണമധുരമാകുംവണ്ണം

മുറിക്കുള്ളിൽനിന്നുംപുറപ്പെട്ടു. ആഗതൻ യവനികനീക്കി ഉള്ളിൽ പ്രവേശിച്ചു. ആ മണിയറയാകട്ടെ ഇന്ദ്രിയങ്ങൾക്ക് ആനന്ദപ്രദമാകുംവണ്ണം അലംകരിക്കപ്പെട്ടിരുന്നു. മേശ, കട്ടിൽ, കസാല തുടങ്ങിയസാമാനങ്ങൾ എല്ലാംതന്നെ ദന്തത്തിൽ ചെയ്തു്, സ്വർണ്ണത്താൽ ലോഹപ്പണി ചെയ്തതായിരുന്നു. ഇവയെല്ലാം നയനാനന്ദകമായി കാണികളുടെ കണ്ണുകൾക്ക് പീയൂഷവർഷം ചെയ്തതു് ദൈർഘ്യത്തിലും വിസ്തൃതിയിലും സീമയെ അതിലംഘിച്ച ഒരു പര്യങ്കമായിരുന്നു. ഹംസതൂലികാമൃദുലമായ ശയ്യയാൽ അലംകൃതമായ ആ പര്യങ്കത്തിൽ ലാവണ്യാകരമായ ഒരു വനിതാമണി ഇരിക്കുന്നതു കാണപ്പെട്ടു. അവളെ കണ്ടപ്പോൾ ഭദ്രസേനൻ (ആഗതൻ രമണകസേനയുടെ നായകനായ ഭദ്രസേനനാണെന്നു് ഇനി പ്രത്യേകം പറയേണ്ടതില്ലല്ലോ) വിനയത്തോടെ താണുവണങ്ങി. തന്നെ തടവുകാരിയാക്കിപ്പിടിച്ചപ്പോഴും ചക്രവർത്തിയുടെ ജൈത്രഘോഷവേളയിലും ഭദ്രസേനന്റെ മുഖത്തു പ്രത്യക്ഷമായിരുന്ന ധാർഷ്ട്യം ഇപ്പോൾ നിശ്ശേഷം മറഞ്ഞിരിക്കുന്നതായി ദേവസേന കണ്ടു. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ അന്തരംഗത്തെ ബാധിച്ചിട്ടുള്ളതായി തോന്നിയ ഒരു കാതര്യവും മുഖത്തു നിഴലിച്ചു കാണപ്പെട്ടു. ഭദ്രസേനൻ ഏതോ ആപദ്ദശയിൽ പെട്ടിരിക്കയാണെന്നു് പ്രസ്തുത ലക്ഷണങ്ങളിൽനിന്നും ദേവസേന മനസ്സിലാക്കി. അദ്ദേഹത്തെ പീഡിപ്പിക്കുന്ന സങ്കടം എന്തെന്നറിവാനുള്ള ആശയും ദേവിയുടെ ഹൃദയത്തിൽ അലതല്ലി. തന്റെ പ്രഭാവത്തിനു് ഊനം

വരാതെയും എന്നാൽ ഭദ്രസേനൻെറ മേൽ പൂർണ്ണമായ മൈത്രീഭാവത്തെ പ്രകടമാക്കുന്ന വിധത്തിലും ദേവസേനാ പ്രസന്നമുഖിയായി ഇങ്ങനെ ചോദ്യം ചെയ്തു:—

"മാന്യരെ! ഭാഗ്യഹീനയായ ഈ സ്ഥാനഭ്രഷ്ടയെ അന്വേഷിച്ചു പുറപ്പെട്ടതിൻെറ ഉദ്ദേശമെന്താ? ഈ ശക്തിഹീനമായ സ്ഥിതിയിലും താങ്കൾക്കുവേണ്ടി കഴിയുന്നതു ചെയ്വാൻ ഞാൻ സന്നദ്ധയാണു്. ഒന്നുംമറച്ചു വെയ്ക്കാതെ പറയാം."

ഭ:—"ദേവി, മനുഷ്യൻെറ വിവേകം അസ്തമിക്കുന്നതു് അവനു് അസാധാരണ ഭാഗ്യം വരുന്ന സന്ദർഭത്തിലാണു്. ആ വിവേകം വീണ്ടും അവൻെറ ഹൃദയത്തിൽ കടക്കുന്നതു് അവനു് അത്യാപത്തു് നേരിടുന്ന അവസരത്തിലുമാകുന്നു. ഇപ്പോൾ എൻെറ അനുഭവം എന്നെ പഠിപ്പിക്കുന്നതു് ഇങ്ങനെയാണു്. അതിനാലത്രെ ഞാൻ ഇപ്പോൾ അവിടത്തെ സന്നിധാനത്തെ അഭയം പ്രാപിക്കാൻ തുടങ്ങുന്നതു്."

ദേവ:—"ഭദ്രസേനാ, താങ്കൾ എന്താണു പറയുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. മഹാപ്രതാപശാലിയായ രമണകചക്രവർത്തിയുടെ വിശ്വസ്തസേനാനിയായി താങ്കൾക്കു് അധഃപതിച്ച ഈ അബലയെ അഭയം പ്രാപിക്കേണ്ടിവന്നതിനുള്ള കാരണം എന്തെന്നറിയുന്നില്ല. വിശദമായി പറഞ്ഞാൽ എൻെറ ശക്തിക്കെത്തിയ പരിഹാരം ഞാൻ ചെയ്യാം.

# എട്ടാമദ്ധ്യായം

ഭദ്രസേനൻ സന്താപപാരവശ്യത്തോടെ ദേവസേനയുടെ മുഖത്തുനോക്കി. രാജ്ഞിയോട് എന്താണു പറയേണ്ടതെന്ന് അദ്ദേഹത്തിനു തോന്നിയില്ല. അല്പകാലത്തിനുമുമ്പ് അവജ്ഞാപുരസ്സരം താൻ വീക്ഷിച്ച ആ മഹിളാമണിയെ ശരണം പ്രാപിക്കത്തക്കഒരവസ്ഥ തന്നിക്കുവന്നുചേൎന്നതിനെ ഓൎത്തപ്പോൾ ജഗന്നിയന്താവിന്റെ അത്ഭുതകൎമ്മങ്ങളിൽ അദ്ദേഹത്തിനു് പൂൎവ്വാധികമായ ആദരം ജനിച്ചു. ലോകത്തിലെ ഏതു ശക്തിയോടും പടപൊരുതുനില്ക്കാനുള്ള സൈന്യബലവും സംപത്പ്രൌഢിയും ധിഷണാശക്തിയും പ്രാവീണ്യവും സിദ്ധിച്ചിരുന്ന ആ മഹതിയുടെ അനുഭവത്തെ ചിന്തിച്ചപ്പോൾ തനിക്കു നേരിട്ട ഈ ദുർദ്ദശ തുലോം തുച്ഛമെന്നു തന്നെ ഭദ്രസേനനുതോന്നി. കഴിയുമെങ്കിൽ ആ മഹതിയെ ഒരിക്കൽകൂടി താരാസംസ്ഥാനത്തിനധിഭൎത്രിയാക്കി അഭിഷേകം ചെയ്തു് കൃതാൎത്ഥനാവുകയും തന്റെ നേരെ ചക്രവൎത്തി ആചരിക്കാൻ ഉദ്ദേശിക്കുന്ന ദ്രോഹത്തെ പരാജയപ്പെടുത്തി നിഷ്ഠുരമായ പ്രതികാരം അനുഷ്ഠിക്കയും വേണമെന്ന് ആ സേനാനി ദൃഢനിശ്ചയം ചെയ്തു. ഈ വിധമുള്ള ചിന്താഗതിയോടുകൂടി അദ്ദേഹം ദേവസേനയോടു ഇങ്ങനെ അറിയിച്ചു.

“ദേവീ, അധഃപതിതയെന്നും അബലയെന്നും തീൎച്ചപ്പെടുത്തുവാനുള്ള കാലം ഇനിയും ആയിട്ടില്ല. ഓരോ കാലഘട്ടത്തിൽ ജീവികൾക്കു വിജയവും പരാജ

യവും ഉണ്ടാകുന്നതു് പ്രകൃതിനിയമമത്രെ. അതിനെ വിചാരിച്ചു ഖേദിക്കരുതു്. അവിടത്തെ പഴയ പദവി വീണ്ടെടുക്കാനുള്ള കാലം വൈകിയിരിക്കുന്നു. അതിനുള്ള അനുകൂലപരിതസ്ഥിതികളും അടുത്തുവരുന്നു. ഒന്നുകൂടി പരീക്ഷിക്കുവാൻ അവിടന്നു ധൈര്യപ്പെടുന്നപക്ഷം താരാസംസ്ഥാനത്തിലെ സിംഹാസനത്തിൽ അവിടത്തേക്കു് ഇനിയും ആരോഹണം ചെയ്യാം. അതിലേക്കു് വേണ്ട ശ്രമം ചെയ്യാൻ അവിടത്തെ ഭൃത്യനായ ഈ ഞാനുണ്ടു്."

ഭദ്രസേനന്റെ ഈ വാക്കുകൾ ദേവസേനയെ ഉൽകണ്ഠാകുലയാക്കി. അമരേന്ദ്രസിംഹന്റെ അതിവിശ്വസ്തനായ സേനാനി എന്നു പ്രസിദ്ധിനേടിയ ഒരുവന്റെ ഏതാദൃശമായ വാക്കുകളെ എങ്ങനെ വിശ്വസിക്കും? അഥവാ തന്റെ മനസ്ഥിതി അറിവാനായി ചക്രവർത്തിയുടെ ആജ്ഞാപ്രകാരം വന്നിരിക്കുന്ന ഒരു ചാരനല്ലെ ഭദ്രസേനൻ എന്നുംകൂടി അവൾക്കു സംശയം ജനിച്ചു. ഏതായാലും ഒന്നു പരീക്ഷിച്ചു നോക്കാമെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു് രാജ്ഞി വീണ്ടും ചോദിച്ചു.

"മാന്യരെ! താങ്കൾ ഇപ്പറയുന്നതു് രാജദ്രോഹമല്ലെങ്കിൽ പിന്നെയെന്താണു്."

ഭദ്ര:—"രാജദ്രോഹമോ? ഏതു രാജാവു്? അമരേന്ദ്രസിംഹനെ ഞാൻ അങ്ങനെ കരുതിയിട്ടില്ല. നന്ദിയില്ലാത്ത നീചൻ. ഏതെല്ലാം യുദ്ധഭൂമികളിൽവെച്ചു് ഞാൻ അയാളുടെ ജീവരക്ഷ ചെയ്തിരിക്കുന്നു? താരാദുർഗ്ഗത്തിന്റെ നിരോധം നടക്കുന്ന കാലത്തു ഞാനും അയാളും തോളോടു തോൾ ചേർന്നു നില്ക്കുകയായി

ങ്ങും കോട്ടയ്ക്കുള്ളിൽനിന്നും അയാളുടെ കണ്ഠപ്രദേശത്തെ ലാക്കാക്കി പ്രയോഗിക്കപ്പെട്ട എത്ര അസ്ത്രങ്ങളെയാണു ഞാൻ എന്റെ ഖഡ്ഗംകൊണ്ടു തട്ടിത്തെറിപ്പിച്ചതു്? എന്നിട്ടും ഒരമ്പു് ആ രാക്ഷസനെ മുറിവേല്പിച്ചു. അന്നവൻ മരിക്കട്ടെ എന്നു വിചാരിക്കേണ്ടതായിരുന്നു. അവനെ കൊല്ലാതെ കൊണ്ടു പോന്നതു് ഇപ്പോൾ എനിക്കു വിനയായി. ഞാൻ അപഹരണം നടത്തിയപോലും. അതിലേക്കു വധമാണുപോലും ശിക്ഷ. ഏതായാലും രമണകനഗരത്തിൽവച്ചു് എന്നെ ശിക്ഷിപ്പാൻ അയാൾക്കു ധൈര്യമില്ല. എന്റെ പാർശ്വത്തിലും വേണ്ടു സഹായികൾ എനിക്കുണ്ടു്. അതിനാൽ എവിടെയെങ്കിലും വെച്ചു് അയാൾ ഉദ്ദേശിച്ചിരിക്കുന്ന ശിക്ഷ ഉണ്ടാകും എന്നുള്ളതു തീർച്ചതന്നെ. അതിനു മുമ്പായി അയാളുടെ കഥകഴിക്കണമെന്നു ഞാൻ നിശ്ചയിച്ചിരിക്കയാണു്. ഈശ്വരൻ അനുഗ്രഹിക്കട്ടെ”

ദേവദസനാമഹാരാജ്ഞിക്കു് ഇപ്പോഴാണു് സംഗതി മുഴുവൻ മനസ്സിലായതു്. ഭദ്രസനന്റെ ആഗമനത്തിൽ ശങ്കയ്ക്കു യാതൊരവകാശവുമില്ലെന്നു് ആ സാധ്വി കണ്ടു. സമ്പത്സമൃദ്ധിയോടുകൂടി വിവിധകലകളുടെയും കേളീരംഗമായി മനോജ്ഞസൌധങ്ങളുടെ കേന്ദ്രസ്ഥാനമായി പ്രകൃതിസൌന്ദര്യത്താൽ അനുഗൃഹീതമായി വിശ്വമെങ്ങും വിഖ്യാതിപെററ താരാനഗരത്തിന്റെ സ്ഥിതിയെപ്പററിയുള്ള ചിന്ത അവളുടെ ഹൃദ

യത്തിൽ നിഴലിച്ചു. അതിൻെറയും ഒരു വിപുല സംസ്ഥാനത്തിൻെറയും അധിഭർത്രിയായി പ്രഥിത പ്രതാപയായി താൻ വാണിരുന്ന കാലത്തെ സംബന്ധിച്ച സ്മരണയും അവളുടെ അന്തരംഗത്തിൽ ഉണന്നു. ദേവസേനയുടെ ഹൃദയം ഒന്നു മേലോട്ടു കുതിച്ചു. ഇങ്ങിനിവരാതവണ്ണം അസ്തമിച്ചതായി അവൾ കരുതിയിരുന്ന ആ രാജശ്രീപദം തൻെറ ഹസ്തസമീപത്തോടണയുന്നതുപോലെ ആ മനസ്വിനിക്കു തോന്നി. അതിനെ കയ്ക്കലാക്കണമെന്നുള്ള ഒരത്യാശയും അവളുടെ ഹൃദയത്തിൽ അങ്കുരിച്ചു. അവൾ മെല്ലെ മൃദുസ്വരത്തിൽ ഭദ്രസേനനോടു ചോദിച്ചു.

"മാന്യരെ! താങ്കളുടെയിംഗിതം എങ്ങനെ സാധിക്കാമെന്നാണു് ഉറച്ചിരിക്കുന്നതു്? ഒരു സാർവഭൌമൻെറ ജീവഹാനി വരുത്തുക എന്ന അതിസാഹസമായ കൃത്യത്തെ നിർവഹിക്കുവാനാണു് താങ്കൾ ഉദ്ദേശിക്കുന്നതെന്നു ഓർക്കണം. ആ വഴിക്കുള്ള പരിശ്രമത്തെ വിഫലമാക്കുന്ന എന്തെല്ലാം പ്രതിബന്ധങ്ങൾ താങ്കൾക്കു നേരിടേണ്ടിവരുമെന്നുള്ളതും ഗാഢചിന്തയ്ക്കു വിഷയമാണു്. കാര്യം വിചാരിച്ചതുപോലെ സാധിച്ചില്ലെങ്കിൽ ഉണ്ടാകുന്ന ഭവിഷ്യൽഫലവും ആലോചിക്കണം."

ഭദ്ര:—"എനിക്കു വരാൻപോകുന്ന ഫലം ഇന്നതെന്നു് തീർച്ചപ്പെട്ടുകഴിഞ്ഞു. അതുകൊണ്ടു് പൌരുഷത്തോടുകൂടി ഒരു പരിശ്രമം നടത്തി ആ ഭാവി, എന്തായാലും, അനുഭവിച്ചുകൊള്ളാമെന്നു തന്നെയാണു് എൻെറ ദൃഢനിശ്ചയം. എന്നാൽ അവിടത്തേക്കു്

ഇക്കാൎയ്യത്തിലുള്ള ബന്ധത്തെ സംബന്ധിച്ചു് യാതൊന്നും ആൎക്കും അറിവാൻ സാധിക്കയില്ലെന്നു് ധൈൎയ്യമായി ഉറച്ചുകൊള്ളണം. ആ വഴിക്കു് യാതൊരു ഭയവും അവിടുത്തേക്കുണ്ടാകയും വേണ്ട. എന്റെ കൎമ്മപരിപാടി ഞാൻ രൂപീകരിച്ചു കഴിഞ്ഞു."

ദേവ:—"അതെന്തെന്നു വിസ്തരിച്ചു പറയണം."

ഭട:—"രമണകസാമ്രാജ്യത്തിനെതിരായി ഒരു നൂതന കലാപം അധികം താമസിയാതെ തന്നെ ഭാരതഖണ്ഡത്തിൽ ഉണ്ടാകും. അതിനുള്ള ബീജാവാപം ചെയ്തു കഴിഞ്ഞു. ആ കലാപത്തെ അമൎത്തുവാൻ അമരേന്ദ്രസിംഹന്റെ അങ്ങോട്ടുള്ള പ്രയാണവും നിശ്ചയമായി ഉണ്ടാകും. രാജദ്രോഹികളെന്നു വിളിക്കപ്പെടുന്നവരെ ശിക്ഷിക്കാൻ പററിയ രംഗവും അവിടമാണു്. നമ്മുടെ ഉദ്ദേശം സാധിക്കാൻ സമുചിതമായ സങ്കേതവും ആ പ്രദേശം തന്നെ. അതുകൊണ്ടു് ഞാൻ പറയുന്നതു് അവിടുന്നു് ശ്രദ്ധിച്ചു കേൾക്കണം. അനിരുദ്ധമഹാരാജാവിന്റെ സംസ്കാരഭൂമിയെ സന്ദൎശിക്കാനെന്നുള്ള ഭാവത്തിൽ ഒരു ചെറിയ അകമ്പടിയോടുകൂടി അവിടുന്നു് ഇവിടെ നിന്നും തിരിക്കണം. താരാനഗരത്തിൽ എത്തിയാൽ ഭൎത്താവിന്റെ ശവകുടീരത്തിലേക്കു് തീൎത്ഥയാത്ര ചെയ്വാനെന്നുള്ള വ്യപദേശത്തിൽ അവിടെ അല്പദിവസം താമസിക്കണം. ഞാൻ മുമ്പു പറഞ്ഞ കലാപകേന്ദ്രം കോസലമായി

രിക്കും. അമരേന്ദ്രന്റെ അങ്ങോട്ടുള്ള പ്രയാണം മിക്കവാറും താരാനഗരത്തിന്റെ സമീപപ്രദേശത്തു കൂടിയായിരിക്കും. "അമരകൂടം" എന്ന പട്ടണത്തിലായിരിക്കും മാഗ്ഗമദ്ധ്യേ അമരേന്ദ്രൻ പാളയമടിക്കുന്നതു്. നമ്മുടെ കമ്മപരിപാടിയുടെ പൂണ്ണവിവരം അവിടെവെച്ചു് ഞാൻ ദേവിയെ അറിയിക്കാം. അതിലേക്കു് വിശ്വസ്തന്മാരായ ദൂതന്മാർ എന്റെ അധീനത്തിലുണ്ടു്. നമ്മുടെ രഹസ്യത്തിൽ ഒരണുമാത്രംപോലും മററാരും അറിയാൻ ഇടയാവുകയില്ല. അമരകൂടത്തിൽ വെച്ചു് ചക്രവത്തിയെ വധിക്കാനുള്ള ഒരുക്കങ്ങളെല്ലാം ഞാൻ പൂത്തിയാക്കിക്കഴിഞ്ഞു. അതു സാധിച്ചാൽ അടുത്ത പരിപാടി അവിടുത്തെ കിരീടധാരണമാണു്. ദേവി ആ ശുഭമുഹൂത്തത്തെ പ്രതീക്ഷിച്ചുകൊണ്ടു് സമാധാനമായി താരാനഗരത്തിൽ ദിവസങ്ങൾ കഴിച്ചുകൂട്ടുകയേ വേണ്ടു. മറെറല്ലാം ഞാൻ ഏററു. ഒന്നുമാത്രം അവിടുന്നു ചെയ്യണം. ചക്രവത്തിയുടെ വധത്തിനു് ഞാൻ സമാധാനം പറയേണ്ടിവരും. അതിന്നിടവരുത്താതെ എന്നെ താരാസംസ്ഥാനത്തിലെ സൈന്യാധിപനായി നിയമിച്ചു കല്പനയുണ്ടാകണം. അവിടുത്തെ പൂവമിത്രമായ കോസലേന്ദ്രൻ നമ്മുടെ ഉദ്യമത്തിനു വേണ്ട ആനുകൂല്യങ്ങൾ ചെയ്യും."

ദേവ:—"മാന്യരെ, താങ്കളുടെ വാക്കുകേട്ടിട്ടു് ഇക്കാര്യത്തിൽ വേണ്ട മുൻകരുതലുകളെല്ലാം ചെയ്തിട്ടുണ്ടെന്നു തോന്നുന്നു."

ഭദ്രഃ—"ഇല്ലെങ്കിൽ ഞാൻ ഇത്ര ധൈര്യമായി പറയുമോ? കോസലത്തിലുണ്ടാകാൻ പോകുന്ന കലാപം തന്നെ എൻെറ പ്രേരണയുടെ ഫലമാണു്. കോസലേന്ദ്രൻ രമണകസാമ്രാജ്യത്തിനെതിരായി യുദ്ധപ്രഖ്യാപനം ചെയ്യാൻ നിശ്ചയിച്ചുകഴിഞ്ഞു. രണ്ടു ദിവസത്തിനുള്ളിൽ ഈ പ്രഖ്യാപനം ഉണ്ടാകും. മേലുണ്ടാകാൻ പോകുന്ന സമരത്തിൽ പ്രബലന്മാരായ പല രാജാക്കന്മാരും ചക്രവർത്തിയുടെനേരെ ആയുധം ഉയർത്തും. അവരുടെയെല്ലാം സംഘടനയെ നേരിടുവാൻ അമരേന്ദ്രസിംഹൻ ശക്തനാകുമെന്നു തോന്നുന്നില്ല. ഏതായാലും ചക്രവർത്തിയെ രമണകത്തിൽനിന്നും ഒന്നിളക്കി വിടുവാനായിട്ടാണു് നമ്മുടെ കൂട്ടരുടെ പ്രഥമസംരംഭം. അതിൻെറ ഫലം നമ്മുടെ ചിന്താഗതിക്കനുകൂലമായിത്തന്നെവരും."

ദേവ—അമരേന്ദ്രസിംഹൻെറ പടപുറപ്പാടിൽ താങ്കളുംകൂടി ഒന്നിച്ചുണ്ടായിരിക്കുമോ? അപരാധിയെന്നുള്ളനിലയിൽ താങ്കളെ തടങ്കലിൽ വയ്ക്കുകയില്ലേ?

ഭദ്ര—ഞാൻ അപരാധിയെന്നു് പരസ്യമായി ഇതുവരെ പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടില്ലല്ലോ. ചക്രവർത്തി തന്നെ അതു് ഒരു രഹസ്യമായി സൂക്ഷിച്ചിരിക്കയാണു്. രാജധാനിയിൽവെച്ചു് അതിനെപ്പററി യാതൊരു നടപടിയും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഉണ്ടാകുമായിരുന്നെങ്കിൽ ഇന്നുതന്നെ വേണ്ടിയിരുന്നു. ഇനി അതുസംബന്ധിച്ചു് എന്തെങ്കിലും ചെയ്യുന്നതു് യാത്രാമദ്ധ്യത്തിൽ വെച്ചുതന്നെ ആയിരിക്കാം

നാണിടയുള്ളതു്. എന്റെ മേൽ ആരോപിച്ചിട്ടുള്ള അപരാധത്തെപ്പററി വിചാരണ മിക്കവാറും അമരകൂടത്തിൽ വച്ചായിരിക്കും. അമരേന്ദ്രസിംഹൻ അവിടെ മൂന്നുനാലു ദിവസം പാളയമടിച്ചു പാക്കും.

ദേവ—എന്നാൽ ഞാൻ മുൻകൂട്ടിത്തന്നെ യാത്രയാകാം. താങ്കളുടെ സന്ദേശത്തെ പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ താരാനഗരത്തിൽ തന്നെ പാക്കും. ഗുർജ്ജരം- സൌരാഷ്ട്രം മുതലായ രാജ്യങ്ങളിലെ കിരീടപതികൾക്കു ഞാൻകാലേകൂട്ടി നിഗൂഢസന്ദേശങ്ങൾ അയച്ചുകൊള്ളാം. ആവശ്യമെന്നു തോന്നുന്ന സന്ദർഭത്തിൽ നമ്മെസഹായിക്കാൻ അവർ സന്നദ്ധരായിരിക്കും. ഞാൻ ഒന്നു ചോദിക്കട്ടെ സാമ്രാജ്യസേനയിൽ പെട്ട ഭടന്മാരോ ഉപസേനാനികളോ ആരെങ്കിലും ഇക്കാര്യത്തിൽ താങ്കളെ സഹായിക്കുമോ?"

ഭദ്ര—പട്ടാളത്തിലും എനിക്കു വേണ്ടസാഹായികളുണ്ടു്. കൂടുതൽ സഹായികളെ ഉണ്ടാക്കുവാനും ഞാൻ ഉപായങ്ങൾ കണ്ടിട്ടുണ്ടു്. സഫലമാകുന്നതിനുമുമ്പു് അക്കാര്യം വെളിയിൽ വിടുവാൻ നിവൃത്തിയില്ല. എല്ലാം വഴിയെ അറിയിച്ചു കൊള്ളാം."

ദേവ—"ശരി! എന്നാൽ അങ്ങനെതന്നെ. ഞാൻ നാളെ ഇവിടെ നിന്നും യാത്രയായികൊള്ളാം. നമ്മുടെ ആലോചനകൾക്കു സർവ്വവിജയങ്ങളും ജഗദീശ്വരൻ സാക്ഷമാരാകട്ടെ. എന്നാൽ വന്ദനം"

ഈ വാക്കുകളോടുകൂടി ദേവസേനൻ ഭദ്രസേനനെ യാത്രയാക്കി.

# ഒൻപതാമദ്ധ്യായം

അമരേന്ദ്രസിംഹന്റെ പിൻഗാമിയായ ഒരു ചക്രവൎത്തി അമരേന്ദ്രസിംഹനെപ്പററി ചാതുൎയ്യമേറിയ ഒരഭിപ്രായം പുറപ്പെടവിച്ചിട്ടുള്ളതു് താഴെ ചേൎക്കുന്നു. "അമരേന്ദ്രസിംഹന്റെ പ്രാവീണ്യം ഒരു സൈന്യത്തെ നയിക്കാനല്ലാതെ ഒരു സാമ്രാജ്യം ഭരിക്കാൻ പൎയ്യപ്തമല്ല." പ്രകൃതിയാലും പരിചയത്താലും തനിക്കു ഉത്തമമായിട്ടുള്ള അനിതരസാധാരണമായ ആ രണ്ടു നൈപുണിയെപ്പററി അഭിമാനംകൊണ്ടു അമരേന്ദ്രന് സമരാങ്കണത്തെ സ്വാഗതം ചെയ്യാൻ അചിരേണ വീണ്ടും അവസരം സംഗതമായി. മുന്നദ്ധ്യായത്തിൽ ഭദ്രസേനൻ പറഞ്ഞതുപോലെ ഭാരതത്തിലെ അധിരാജനായ കോസലേന്ദ്രൻ രമണകസാമ്രാജ്യത്തിനെതിരായി യുദ്ധപ്രഖ്യാപനം ചെയ്തു. അപ്രതീക്ഷിതമായ ഈ വൃത്താന്തം ഒരു അശനിപാതം എന്നവണ്ണം അമരേന്ദ്രന്റെ ചെവിയിൽ എത്തി. ധൃഷ്ടരന്മാരും സമരപ്രിയന്മാരുമായ തന്റെ ഭടന്മാരുടെ ക്ഷമയില്ലാത്ത ഊഷ്മളശീലത്തെ തൃപ്തിപ്പെടുത്തുവാൻ ചക്രവൎത്തി അവസരം നോക്കിയിരിക്കുമ്പോഴായിരുന്നു ഈ വൎത്തമാനം കേട്ടതു്. ധാർഷ്ട്യം നിറഞ്ഞ കോസലേന്ദ്രനെ ശിക്ഷിപ്പാനും ശൂരന്മാരായ തന്റെ ഭടന്മാരുടെ സമരകാംക്ഷയെ പൂരിപ്പിക്കുവാനുമുള്ള ഉചിതസന്ദർഭം സംഗതമായി എന്നുള്ള ആശ്വാസത്തോടെ അമരേന്ദ്രസിംഹൻ സംഖ്യയിലല്ലെങ്കിലും, യുദ്ധസാമൎത്ഥ്യത്തിൽ, ഭയങ്കരമായ ഒരു സൈന്യത്തോടുകൂടി അമരകൂടമെന്ന പട്ടണംവരെ

പ്രയാണം ചെയ്തു. തന്റെ സേനയുടെ വിശ്രമത്തിനായി ആ നഗരത്തിൽ പാളയമുറപ്പിക്കയും ഇങ്ങനെ അഞ്ചാറു നാൾ അവിടെ പാർക്കുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു.

ഭദ്രസേനൻ പതിവുപോലെ പ്രധാനസേനാനി എന്ന നിലയ്ക്കു ഈ യുദ്ധയാത്രയിലും ചക്രവർത്തിയെ അനുഗമിച്ചിരുന്നു. എന്നാൽ ഇത്തവണ അദ്ദേഹത്തിനു അമരേന്ദ്രസിംഹന്റെ സന്നിധിയിൽ മുൻപത്തെപോലുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടില്ല. എന്നുമാത്രമല്ല ഇത്തവണ ഭദ്രസേനനെപ്പററിയുള്ള അന്വേഷണംപോലും ചക്രവർത്തിക്കില്ലായിരുന്നു. അമരേന്ദ്രന്റെ ഈ ഭാവവൈപരീത്യം തന്റെ അത്യുത്കടമായ ഭാവിഫലത്തെ സൂചിപ്പിക്കുന്നതായി ഭദ്രസേനനു തോന്നി. ദുസ്സഹമായ ദുശ്ശങ്കമൂലം അദ്ദേഹത്തിന്റെ ഹൃദയം അതിവേഗത്തിൽ സ്പന്ദിച്ചു. അന്നത്തെ രാത്രിയിൽ അദ്ദേഹത്തിനു ഉറക്കം വന്നില്ല. ചിന്താപരവശനായി അദ്ദേഹം കിടക്കയിൽ അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടു വളരെ നേരം കഴിച്ചുകൂട്ടി. അപ്പോൾ തന്റെ കൂടാരത്തിന്റെ ദ്വാരപ്രദേശത്തു ആരോ നില്ക്കുന്നതായി അദ്ദേഹത്തിനു തോന്നി. കിടക്കയുടെ സമീപത്തു ഒരു വെള്ളിവിളക്കു കത്തുന്നുണ്ടായിരുന്നു. അദ്ദേഹം എഴുന്നേററു കിടക്കയിൽ ഇരുന്നു. കൂടാരത്തിന്റെ പ്രവേശനദ്വാരത്തിൽ നില്ക്കുന്ന ആൾ ആരെന്നു അറിവാൻ യവനികയാലുള്ള ആച്ഛാദനം നിമിത്തം അദ്ദേഹത്തിനു കഴിഞ്ഞില്ല. ശത്രുവാണെങ്കിൽ തടുക്കണമെന്നുള്ള വിചാരത്താൽ അദ്ദേ-

ഹം തന്റെ ഖഡ്ഗത്തെ കയ്ക്കലാക്കി. അപ്പോഴേയ്ക്കും വസ്ത്രവേശ്മത്തിന്റെ മറനീക്കി ഒരാൾ അദ്ദേഹത്തെ സമീപിച്ചു. അല്പം മുമ്പ് തന്റെ ഉള്ളിൽ ഉദിച്ച ദുശ്ശങ്കയെപ്പററി ഭദ്രസേനൻ ലജ്ജിതനായി; എന്തെന്നാൽ അദ്ദേഹം കണ്ടതു് തന്റെ വിശ്വസ്തചാരനായ ലക്ഷ്മണനെ ആയിരുന്നു. ചാരൻ മെല്ലെ ഭദ്രസേനന്റെ സമീപത്തണഞ്ഞു കൈകൂപ്പിനിന്നു. സേനാനി ചോദിച്ചു.

"ദേവസേനാമഹാരാജ്ഞിയെ കണ്ടോ?
വിശേഷങ്ങളെന്തെല്ലാമാണു കേൾക്കട്ടെ"

ലക്ഷ്മ:—"ദേവി താരാനഗരത്തിൽ തന്നെയുണ്ടു്. നഗരത്തിലെ ഭരണാധികാരിയായിരുന്ന സേനാനായകൻ മുമ്പു പാർത്തിരുന്ന ദുർഗ്ഗത്തിൽ തന്നെയാണു ദേവി പാർക്കുന്നതു്. മഹാരാജ്ഞി അവിടെ എത്തിയിട്ടുള്ള വിവരം അവിടത്തെ പൂർവമിത്രങ്ങൾ അറിഞ്ഞു് അവിടത്തെ കാണ്മാനായി നിത്യവും ആളുകൾ വരുന്നുണ്ടു്. താരാസംസ്ഥാനസൈന്യത്തിലെ പണ്ടത്തെ ചില സേനാനികളും അനേകം ഭടന്മാരും ദുർഗ്ഗത്തിനുള്ളിൽ എത്തി താമസിക്കുന്നുണ്ടു്. ദേവിക്കുവേണ്ടി പ്രാണനെ ത്യജിക്കാൻ ഇപ്പോഴും അവർ സന്നദ്ധന്മാരായി നിലകൊള്ളുന്നു. വീണ്ടും ദേവി കിരീടം ധരിച്ചു് സിംഹാസനാരൂഢയായി ഞങ്ങളെ ഭരിക്കണമെന്നാണു് അവിടത്തെ പ്രജകളുടെ ആഗ്രഹം. അതിലേക്കു് അവർ ദേവിയെ വളരെ നിർബന്ധിക്കുന്നുണ്ടു്. ദേവസേനാമഹാരാ

ഞ്ഞി അവരുടെ അപേക്ഷയെ നിസ്സംശയം കയ്യേലാ ള്ളാത്തതു് നമ്മുടെ പക്ഷത്തിൻെറ ദൌർബല്യത്തെ ഓൎത്തു മാത്രമാണു്. ചക്രവൎത്തി അമരകൂട ത്തിൽ എത്തിയിരിക്കുന്നതുകൊണ്ടു് ചിലസംഭവ ഗതികളുടെ ഫലമറിയാതെ ഒന്നും ചെയ്യാൻ നിവൃ ത്തിയില്ലാതെ കുഴങ്ങുന്നു. അനന്തരകരണീയത്തെ പററി അവിടുത്തോടു ചോദിച്ചു് അവിടുത്തെ അഭിപ്രായം ദേവിയെ അറിയിക്കണമെന്നാണു് എന്നോടു കല്പിച്ചിട്ടുള്ളതു്."

ഭേ:—"അപഹരണാപരാധത്തിനെന്തു ശിക്ഷയാണു തരുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നു് ഇനിയും വെളിപ്പെട്ടിട്ടില്ല. അമരേന്ദ്രസിംഹൻ എന്നെ കാണണമെന്നു് ആവശ്യപ്പെടുകയും ചെയ്തിട്ടില്ല. നിശ്ചയമായി ശിക്ഷ ഇന്നല്ലെങ്കിൽ നാളെ ഉണ്ടാവും എന്നുള്ള ലക്ഷണമാണു കാണുന്നതു്."

ലക്ഷ്മ:—"അതിനെ സംബന്ധിച്ച സൂക്ഷ്മവിവരങ്ങൾ ഞാൻ അറിഞ്ഞുകഴിഞ്ഞു. ഇന്നേക്കു നാലാം ദിവസം അവിടുത്തേക്കു വധശിക്ഷ നൽകുവാൻ ചക്രവൎത്തി കല്പന പുറപ്പെടുവിച്ചു കഴിഞ്ഞു. എന്നാൽ അതു ഗൂഢമായി വച്ചിരിക്കുന്നു എന്നേ യുള്ളു. അതുകൊണ്ടു് ജീവനെരക്ഷിക്കാനുള്ള മാൎഗ്ഗം എത്രയും വേഗത്തിൽ അന്വേഷിച്ചുകൊള്ളുകയേ വേണ്ടു."

ഭദ്രസേനന്റെ മുഖം അരുണമായി. അസാധാരണമായവലിപ്പമുള്ള അദ്ദേഹത്തിന്റെ നേത്രങ്ങൾ കലങ്ങി; അധരം വിറച്ചു; അല്പനേരം അദ്ദേഹം മിണ്ടാതിരുന്നു. അനന്തരം മനസ്സിൽ എന്തോ ഒന്നു നിശ്ചയിച്ച ഭാവത്തിൽ അദ്ദേഹം ലക്ഷ്മണനെ നോക്കി ഇങ്ങനെ പറഞ്ഞു.

"ദേവസേനാമഹാരാജ്ഞിക്കു സഹായത്തിനു് ഏതെല്ലാം രാജ്യങ്ങളിലെ കിരീടപതികൾ സന്നദ്ധന്മാരാണെന്നറിയാമോ?"

ലക്ഷ്മ:—"അറിയാം. കോസലേന്ദ്രൻ പ്രധാനമായിട്ടുതന്നെയുണ്ടെന്നു് അദ്ദേഹത്തിന്റെ യുദ്ധപ്രഖ്യാപനത്തിൽ നിന്നറിയാമല്ലോ. പിന്നെ സൌരാഷ്ട്രത്തിലെ മഹാരാജാവും മാളവരാജാവും വംഗേശൻ പഞ്ചനദമണ്ഡലത്തിലെ ചില പ്രഭുക്കന്മാർ, മററനവധി യോദ്ധാക്കൾ എന്നിങ്ങനെ അതിവിപുലമായ ഒരു സൈന്യത്തെ സജ്ജീകരിക്കാൻ ശേഷിയുള്ള വീരന്മാർ ഇപ്പോൾ അഹമഹമികയാ പ്രസ്ഥാനത്തിനൊരുങ്ങി നില്പുണ്ടു്. അവരെല്ലാവരും അമരേന്ദ്രന്റെ നേരെ സമരപ്രഖ്യാപനം ചെയ്വാൻ ദേവിയോടപേക്ഷിച്ചുകൊണ്ടു് ദൂതന്മാരെ അയച്ചിട്ടുണ്ടു്. അവിടത്തെ മറുപടി മാത്രം പ്രതീക്ഷിച്ചുകൊണ്ടാണു് ഇപ്പോൾ ദേവി മിണ്ടാതിരിക്കുന്നതു്. ആയ്യായിരത്തോളം വരുന്ന യോധന്മാർ രാജ്ഞിയുടെ ആജ്ഞയനുസരിച്ചു പ്രവൎത്തിക്കാൻ സന്നദ്ധരായി ഇപ്പോൾ തന്നെ താരാദുൎഗ്ഗത്തിലും പരിസരപ്രദേശങ്ങളിലും കാത്തുകിടപ്പുണ്ടു്. മാള

വത്തിൽ നിന്നും നാലായിരം പേരടങ്ങിയ ഒരശ്വ സൈന്യം ദേവിയുടെ സഹായത്തിനായി പുറപ്പെട്ടിട്ടുണ്ടെന്നു കാണിച്ചു് ഒരു ലേഖനവും കൊണ്ടു് അവിടത്തെ രാജാവിന്റെ ഒരു ദൂതൻ ഇന്നു പ്രഭാതത്തിൽ തന്നെ താരാദുർഗ്ഗത്തിൽ എത്തി ദേവിയെ കാണുകയുണ്ടായി. സൌരാഷ്ട്രത്തിൽ നിന്നും ഒരു വലിയ കാലാൾപ്പട പുറപ്പെട്ടിട്ടുള്ളതായി അവിടെ നിന്നും സന്ദേശം ലഭിച്ചു കഴിഞ്ഞിരിക്കുന്നു. പഞ്ചാനദത്തിലെ പ്രഭുക്കൾ രണ്ടായിരം സമരഹസ്തികളെ കൊടുത്തുകൊള്ളാമെന്നു സമ്മതിച്ചിട്ടുണ്ടു്. ഇതുകൂടാതെ പ്രത്യേകം യോദ്ധാക്കളായി മൂവായിരത്തിൽ പരം ആളുകൾ യുദ്ധം ആരംഭിക്കുമ്പോൾ ദേവിയുടെ പക്ഷത്തു ചേരുവാൻ തയ്യാറായി നില്ക്കുന്നു. ദേവിയെ മഹാരാജ്ഞിയായി അഭിഷേകം ചെയ്യുമ്പോൾ ഇരിക്കുന്നതിനു് ഒരു സ്വർണ്ണ സിംഹാസനം വംഗരാജാവു പണിചെയ്യിക്കുന്ന വിവരവും ഒരു തിരുവെഴുത്തു മുഖേന അദ്ദേഹം ദേവിയെ അറിയിച്ചിരിക്കുന്നു. ഇങ്ങനെയെല്ലാമാണു് ഇപ്പോഴത്തെ അവസ്ഥ.''

ദേ:—“ശരി, ഏതായാലും നമുക്കു വലിയ ഒരു മനഃസ്വാസ്ഥ്യത്തെ പ്രദാനം ചെയ്യുന്ന പരിതഃസ്ഥിതിയാണു് ഇപ്പോൾ വന്നുചേർന്നിരിക്കുന്നതു്. നീ ഇപ്പോൾതന്നെ പുറപ്പെടണം. വേഗത്തിൽ ദേവസേനാദേവിയുടെ സന്നിധാനത്തിൽ എത്തി ഇവടത്തെ വിശേഷം അറിയിക്കണം. ഉടൻതന്നെ ദുർഗ്ഗ

ത്തിൻെറ കേടപാടുകൾ പോക്കി ബലപ്പെടുത്തു വാൻ ദേവിയോടപേക്ഷിക്കണം. സഹായസേന എവിടെ നിന്നെല്ലാം ലഭിക്കുമോ അവിടെ നിന്നെല്ലാം വരുത്തി ദുർഗ്ഗത്തിൽ ശേഖരിച്ചുകൊള്ളു വാനും ഞാൻ പറഞ്ഞതായി ദേവിയെ അറിയിക്കു മല്ലോ. അമരേന്ദ്രസിംഹനോട് ഒരു യുദ്ധത്തിൻെറ ആവശ്യം ഇനി ഉണ്ടാകുമെന്നു തോന്നുന്നില്ല എങ്കിലും അപ്രതീക്ഷിതമായി അതിലേക്കു ഒരു സന്ദർഭം വന്നുപോകുന്നപക്ഷം നാം തയ്യാറായി രിക്കണമല്ലോ എന്നു വിചാരിച്ചാണു ഞാൻ പറ യുന്നതു്. താരാമണ്ഡഭൂമിയുടെ പടിഞ്ഞാറെ അതി ർത്തിയിൽ ബലമേറിയ ഒരു സൈന്യത്തെ കാവൽ നിറുത്തുവാനും വേണ്ട ഏർപ്പാടുചെയ്യണം. സാമ്രാജ്യ സൈന്യം പെട്ടെന്നു് അങ്ങോട്ടു പ്രയാണം ചെയ്യുന്ന പക്ഷം അതിനെ സംസ്ഥാനത്തിൽ കടക്കുവാൻ അനുവദിക്കാതെ തടുത്തു നിറുത്തേണ്ടതു് അത്യാവശ്യ കാര്യമാണു്. ഞാൻ കഴിയുന്നതും വേഗത്തിൽ ദേ വിയുടെ സന്നിധിയിൽ എത്തി മുഖം കാണിച്ചു കൊള്ളാമെന്നും അവിടുത്തെ അറിയിക്കണം. എ ന്നാൽ ഇനി നിനക്കു പോകാം."

ലക്ഷ്മണൻ തൻെറ സ്വാമിയെ താണു തൊഴുതുകൊ ണ്ടു് വേഗത്തിൽ കൂടാരം വിട്ടിറങ്ങി. പാളയസ്ഥലത്തു നിന്നും രണ്ടു നാഴിക ദൂരത്തുള്ള ഒരു ഗൃഹത്തിൽ അയാൾ തൻെറ കുതിരയെ കെട്ടിയിരുന്നു. രമണകസൈന്യത്തിനു യാതൊരു ശങ്കയും തോന്നാതിരിക്കാനാണു് കുതിരയെ

പാളയത്തിനടുത്തെങ്ങും കൊണ്ടുവരാഞ്ഞതു്. വിശ്വസ്തനായ ആ ചാരൻ ശീഘ്രഗതിയിൽ നടന്നു് ഉദ്ദിഷ്ടസ്ഥലത്തെത്തി കുതിരപ്പുറത്തു കയറി അയാളുടെ സഹചാരികളായ മററു നാലു ചാരന്മാരോടൊന്നിച്ചു് ആ രാത്രിയിൽ തന്നെ താരാമഗ്ഗത്തിലേക്കു് ഓടിച്ചുപോയി.

ഭദ്രസേനനാകട്ടെ അന്നു രാത്രിയിൽ നിദ്ര ഉണ്ടായതേയില്ല. താൻ ഇനി എന്താണു ചെയ്യേണ്ടതെന്നുള്ള ചിന്ത അദ്ദേഹത്തിന്റെ മസ്തിഷ്കത്തെ വ്രണപ്പെടുത്തി. സൈന്യത്തിലെ പ്രധാന ഉദ്യോഗസ്ഥന്മാരുടെ പിൻതുണ അദ്ദേഹത്തിന്റെ ഉദ്ദേശസാദ്ധ്യത്തിനു് അത്യന്താപേക്ഷിതമായിരുന്നു. ആ സഹായം പെട്ടെന്നു തന്നെ വേണ്ടിയിരുന്നുതാനും. അതിനുള്ള ഉപായത്തെ സംബന്ധിച്ചായിരുന്നു ആപന്നനായ ആ സേനാനിയുടെ ആലോചന. ജീവരക്ഷയ്ക്കുവേണ്ട പല മാർഗ്ഗങ്ങളും ഭദ്രസേനന്റെ അന്തരംഗത്തിൽ രൂപീകരിക്കപ്പെട്ടു. എന്നാൽ അവയിലൊന്നും തന്നെ അദ്ദേഹത്തിനു സംതൃപ്തിയെ ജനിപ്പിച്ചില്ല. ഒടുവിൽ ഒരു തന്ത്രം വിജയകരമെന്നു തോന്നുമാറു് അദ്ദേഹത്തിന്റെ ഹൃദയതന്ത്രിയിൽ ഘട്ടനം ചെയ്തു. അതു് ആ സേനാനിക്കു് വലിയ ആശ്വാസത്തെയും പ്രദാനം ചെയ്തു. ആഹ്ലാദഭരിതനായി അദ്ദേഹം കിടക്കയിൽ നിന്നും ചാടി എഴുന്നേററു് കൂടാരത്തിൽ അല്പനേരം അങ്ങോട്ടുമിങ്ങോട്ടും നടന്നു. അതിനുശേഷം പെട്ടെന്നു പുറത്തു കടന്നു.

# പത്താമദ്ധ്യായം

ഏകദേശം അരനാഴിക കഴിഞ്ഞു് ഭദ്രസേനൻ വീണ്ടും കൂടാരത്തിൽ മടങ്ങിയെത്തി മേശ തുറന്നു് തൂലികയും മഷിയും സാമ്രാജ്യമുദ്രയോടുകൂടിയ മേൽത്തരം കടലാസും എടുത്തു് കസാലമേൽ ഇരുന്നു് താഴെ പറയും പ്രകാരം എഴുതാൻ തുടങ്ങി:

“രമണക സാമ്രാജ്യത്തിന്റെ ഏകഛത്രാധിപതിയായി ത്രിഭുവൻവിക്രമൻ അധിരാജേന്ദ്ര ശ്രീ അമരേന്ദ്രസിംഹനായുള്ള നാം ഇതിനാൽ ആജ്ഞാപിക്കുന്നതെന്തെന്നാൽ സാമ്രാജ്യത്തിലെ രാജനീതിയെ അതിലംഘിച്ചു് അതിഗൌരവാവഹമായി അക്ഷന്തവ്യമായുള്ള ധനാപഹരണം നടത്തിയതിനു് നമ്മുടെ സേനയിലെ മുഖ്യസേനാനികളെങ്കിലും അപരാധികളായ താഴെ പേരെഴുതിയിരിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഇന്നു തുടങ്ങി നാലാം ദിവസം പ്രഭാതത്തിൽ പത്തുനാഴിക പുലരുമ്പോൾ നമ്മുടെ പള്ളിക്കൂടാരത്തിന്റെ പുരോഭാഗത്തിലുള്ള അങ്കണത്തിൽവച്ചു് നാം കാൺകെ ശിരച്ഛേദം ചെയ്തു വധിക്കുന്നതാണു്.”

ഇങ്ങനെ എഴുതിയശേഷം അതിനടിയിലായി ഭദ്രസേനൻ തുടങ്ങിയ ഇരുപതു പ്രധാന സേനാനികളുടെ പേരുകളും കുറിക്കപ്പെട്ടു. ഈ പേരുകളുടെ താഴെയായി അമരേന്ദ്രസിംഹന്റെ തൃക്കൈയ്യെടയാളവും ഈഷത്ഭേദ കൂടാതെ ഭദ്രസേനൻ ലേഖനം ചെയ്തു. ആ തിരുവടയാളം അമരേന്ദ്രസിംഹൻ കണ്ടാൽ അതു താൻ തുല്യം ചാർത്തി

യതല്ലെന്നു പറവാൻ അദ്ദേഹത്തിനുപോലും കഴിയാത്ത വണ്ണം അത്ര തന്മയത്വം അതിൽ പ്രകടമായിരുന്നു. ഇപ്രകാരം കണ്ണുകളെയൊപ്പിട്ടു ഈ കല്പനയെ മടക്കി കീശയ്ക്കുള്ളിലാക്കിയശേഷം ഭദ്രസേനൻ തന്റെ ശയ്യയെ അഭയം പ്രാപിച്ചു. മനസ്സമാധാനത്തിനു് ഒരു മാർഗ്ഗം ലഭിച്ചതിനാൽ വലിയ വേവലാധി കൂടാതെ അദ്ദേഹം നിദ്രയിൽ ആണ്ടു.

മനുഷ്യന്റെ ആശകൾക്കും ആവശ്യങ്ങൾക്കും അന്തമില്ല. സ്വാർത്ഥമല്ലെങ്കിൽ മനുഷ്യനു് ജീവിതംകൊണ്ടു് എന്തെങ്കിലും പ്രയോജനമുള്ളതായി തോന്നുമോ എന്നു സംശയമാണു്. എന്റെ സുഖം എന്റെ കളത്രം എന്റെ സന്താനങ്ങൾ എന്റെ അർത്ഥം എന്നിങ്ങനെ അഹംബുദ്ധിയെ ആദരിക്കുന്ന ഭാവമല്ലാതെ സാരഹീനനായ അവനില്ല. ലോകത്തെ കിടുകിടെ വിറപ്പിച്ച മഹാവീരന്മാരുടെ ദയനീയമായ അന്ത്യദശയ്ക്കു ദൃക്സാക്ഷിയായിത്തീർന്നിട്ടും അവൻ അതിൽനിന്നും ഒരു പാഠം പഠിക്കുന്നില്ല. അവന്റെ പ്രവൃത്തി പിന്നെയും അഹങ്കാരാന്ധകാരനിബിഡമാകുന്നു. ഭൂതദയ അവന്റെ ഹൃദയത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്യപ്പെടുന്നു. അവൻ എല്ലാവിധ നീചപ്രവൃത്തികളേയും ക്രൂരകർമ്മങ്ങളേയും അനുഷ്ഠിച്ചു് പണവും പദവിയും കയ്ക്കലാക്കാൻ മടിക്കുന്നില്ല. അവന്റെ ദൃഷ്ടികൾ അവനിലല്ലാതെ മറെറാന്നിലും പതിയുന്നതുമില്ല.

മനുഷ്യന്റെ വികൃതികൾ എന്തായിരിക്കട്ടെ അവന്റെ അനുഭവം സന്താപദമോ സന്തോഷദമോ ആയിരി

കളെ അതിലൊന്നിലും യാതൊരു ഭാവഭേദവും കൂടാതെ കർമ്മസാക്ഷിയായ ദിനമണി ഉദയാദ്രിയുടെ ശിഖരത്തെ അലംകരിച്ചു. ഭദ്രസേനൻ യാതൊരു മനക്ലേശവും കൂടാതെ ഉണർന്നു. പ്രാതഃകർമ്മങ്ങളെല്ലാം കഴിഞ്ഞു് അദ്ദേഹം ഉപസേനാനിയായ ഇന്ദ്രദത്തന്റെ കൂടാരത്തിൽ കടന്നു. ഇന്ദ്രദത്തൻ നിഷ്ക്രിയനായി തന്റെ മഞ്ചത്തിൽ തന്നെ ഇരിക്കയായിരുന്നു. ഭദ്രസേനനെ കണ്ടക്ഷണത്തിൽ അദ്ദേഹം എഴുന്നേറ്റു് ആദരിച്ചിരുത്തി കുശലപ്രശ്നം ചെയ്തു. അനന്തരം കോസലത്തിലേക്കുള്ള പ്രയാണത്തെ സംബന്ധിച്ചുള്ള സംഭാഷണം ആരംഭിച്ചു.

"ഇനി എന്നാണു് ഇവിടെനിന്നും പട നീങ്ങുന്നതു്?" എന്നു് ഇന്ദ്രദത്തൻ ചോദിച്ചു.

ഭദ്ര:—"അതറിയാൻ ആരെല്ലാം ജീവിച്ചിരിക്കും എന്നു നിശ്ചയിക്കാൻ നിവൃത്തിയില്ല."

ഇന്ദ്ര:—(ആശ്ചര്യഭാവത്തിൽ) "അങ്ങു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല."

ഭദ്ര:—"അർത്ഥം മനസ്സിലാകാൻ എന്തുള്ളൂ. മനുഷ്യൻ മരിക്കുന്നതെപ്പോഴാണെന്നു് ആർക്കെങ്കിലും നിശ്ചയിക്കാൻ നിവൃത്തിയുണ്ടോ?"

ഇന്ദ്ര:—"മരണം എപ്പോഴാണെന്നു് ആർക്കും അറിവാൻ കഴിവില്ല. എങ്കിലും ഈ സന്ദർഭത്തിൽ ഇതു പറവാനുള്ള കാരണമെന്തെന്നു ഞാൻ ചോദിക്കുന്നുള്ളൂ."

ഭദ്ര:—"ചങ്ങാതീ, നമ്മിൽനിന്നും കൂടുതലായി യാതൊരു മേന്മയും ഇല്ലെങ്കിലും സാമ്രാജ്യമകുടം ചൂടുന്നു എന്നുള്ള കാരണത്തിന്മേൽമാത്രം അധൃഷ്യനെന്നു നടിക്കുന്ന ഒരുവന്റെ തൂലികാഗ്രത്തിൽ ചലിക്കുന്ന നമ്മുടെ ജീവനു് എത്രമാത്രം സ്ഥിരതയുണ്ടെന്നു് ഞാൻ പറയാതെതന്നെ താങ്കൾക്കു് ഊഹിക്കരുതോ? ദുർജ്ജയന്മാരായി രണശൂരന്മാരായി ഭയങ്കരന്മാരായുള്ള ശത്രുക്കളുടെ മദ്ധ്യത്തിൽ പ്രാണഭീതി കൂടാതെ പാഞ്ഞുചെന്നു് പടപൊരുതി വിജയപരമ്പരയെ സമാർജ്ജിക്കുന്നതു് നമ്മെപ്പോലുള്ള ഭാഗ്യഹീനന്മാർ. ആ വിജയങ്ങളിൽനിന്നും ഉദ്ഭൂതമാകുന്ന പ്രതാപവും യശസ്സും സമ്പത്തും അനുഭവിക്കുന്നതു് സമരത്തിനു സാക്ഷിയായി മാത്രം നില്ക്കുന്ന മറെറാരുവൻ. ഈ വസ്തുത ഓർത്തുനോക്കുമ്പോൾ നമ്മുടെ അവസ്ഥ എത്ര ദയനീയം? അതു മാത്രമോ, നമ്മുടെ വിലയേറിയ ജീവനെ ഇഷ്ടംപോലെ കൈകാര്യം ചെയ്വാനുള്ള സ്വാതന്ത്ര്യവും അവനിൽ നിക്ഷിപ്തമായിരിക്കുന്നു. അങ്ങനെയിരിക്കെ ഏതു നിമിഷത്തിലും അതിന്റെ നാശം സംഭവിക്കാവുന്നതാണു്."

ഇന്ദ്ര:—"മാന്യരെ, താങ്കളുടെ വാക്കുകൾ എന്റെ ഹൃദയത്തിൽ വല്ലാത്ത ഒരു ഭീതിയെ ഉളവാക്കിയിരിക്കുന്നു ഗൌരവമേറിയ എന്തോ സംഗതികൾ നടക്കുന്നുണ്ടെന്നാണു് ഇതിൽനിന്നു് ഊഹിക്കേണ്ടി

യിരിക്കുന്നതു്. ദയവുചെയ്തു് കാര്യങ്ങൾ സ്പഷ്ടമായി പറയണമെന്നു ഞാൻ പ്രാത്ഥിക്കുന്നു. യാഥാത്ഥ്യം ഒളിവിൽ വച്ചുകൊണ്ടു് ഈ സൂചനകൾ മാത്രം പുറപ്പെടുവിക്കുന്നതുകൊണ്ടു് ഭീതി വദ്ധിക്കുന്നതല്ലാതെ മറെറാരു ഫലവും ഉണ്ടാകുന്നില്ല. അതുകൊണ്ടു് എല്ലാം തുറന്നുപറയണേ."

ഭദ്രസേനൻ കഞ്ചുകത്തിൻെറ കീശയ്ക്കുള്ളിൽനിന്നും രാജകീയമുദ്രയോടുകൂടിയ കടലാസെടുത്തു് ഇന്ദ്രദത്തൻെറ മുമ്പിൽവെച്ചു് ഇങ്ങനെ പറഞ്ഞു.

"ഇതു വായിച്ചുകൊള്ളൂ. എന്നാൽ ഒന്നുംതന്നെ ഞാൻ വിവരിച്ചു പറയേണ്ട ആവശ്യം വരികയില്ലല്ലോ."

ഇന്ദ്രദത്തൻ ആ കടലാസിൽ അല്പനേരം കണ്ണോടിച്ചു. അതു വായിച്ചുതീൎന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം വിവണ്ണമായി. വിറയ്ക്കുന്ന അവയവങ്ങളോടുകൂടിഅദ്ദേഹം ഭദ്രസേനൻെറ മുഖത്തുനോക്കി ഇങ്ങനെ പറഞ്ഞു.

"എന്തു്, നാമെല്ലാവരും അപഹരണം നടത്തിയവരെന്നോ? നീചൻ, അയാൾ ഇതു് എങ്ങനെ മനസ്സിലാക്കി. ഈ വ്യാജം അയാളോടാരു പറഞ്ഞു.? ഒരു കാര്യത്തിൻെറ പരമാത്ഥമറിയാതെ അതിനെ സംബന്ധിച്ചു് എന്തെങ്കിലും തീൎച്ച ചെയ്യുന്നതു് എവിടത്തെ നീതിയാണു്? ഇതാണോ രാജനീതി? ഈ സംഗതി ഉഗ്രസേനൻ മുതലായവരെയും അറിയിക്കണം. നിരപരാധികളായ നമ്മെ ഇങ്ങനെ ശിക്ഷിക്കുവാൻ അനുവദിച്ചുകൂടാ. നമുക്കെന്തെങ്കിലും രക്ഷാമാൎഗ്ഗം അന്വേഷിക്കണം. മിണ്ടാതിരിക്കാൻ ഇനി നിവൃത്തിയില്ല."

ഭഗ—"ചങ്ങാതീ, വെറും നീചമായ ഒരു സ്ഥിതിയിൽ നിന്നും ക്രമേണ ഉയൎന്നു് ഭാഗ്യത്തിന്റെ ഏതോ ഒരു ചെപ്പടിവിദ്യകൊണ്ടു് ചക്രവൎത്തിപദം ലഭിച്ച ഈ നീചനെ നാം എന്തിനു ബഹുമാനിക്കുന്നു. ഇവൻ രാജകുലത്തിൽ ഉൽഭവിച്ചവനോ? ഒരു കൃഷീവലന്റെ മകൻ. വിദ്യാലയത്തിന്റെ സമീപസ്ഥലത്തെ പോലും തീണ്ടിയിട്ടില്ലാത്ത അക്ഷരഹീനൻ. ഇവനോടു നമുക്കെന്തു ബന്ധം? നട്ടെല്ലില്ലാത്ത കുറെ വങ്കപ്രഭുക്കളുടങ്ങിയ ഒരു സഭ ഇവനെ ചക്രവൎത്തിപദത്തിലേക്കു തിരഞ്ഞെടുത്തു. അതുകൊണ്ടു് ഇവനു രാജത്വം എങ്ങനെ ലഭിക്കും. എത്ര നിരപരാധികളെയാണിവൻ വധിച്ചിരിക്കുന്നതു്. അവന്റെ കൎമ്മത്തിനു സദൃശമായ ഒരു ഫലം തന്നെ അവനും അനുഭവിക്കണം. അതുകൊണ്ടു് സ്നേഹിതാ! നമുക്കിപ്പോൾ തന്നെ നമ്മുടെ മററു കൂട്ടുകാരോടും കൂടി ആലോചിച്ചു് ഇവിടെ വച്ചുതന്നെ ആ രാക്ഷസന്റെ കഥ കഴിക്കണം"

ഇന്ദ്ര—"അതല്ലാതെ നമ്മുടെ ജീവരക്ഷയ്ക്കു മററു മാൎഗ്ഗമില്ല. രക്തം കുടിച്ചു രുചിപററിയ ഈ ഘാതകൻ ഒന്നു നിശ്ചയിച്ചാൽ പിന്നെ അതിനിളക്കമില്ല. അതുകൊണ്ടു് അയാളുടെ പക്കൽ നിന്നും ഒരു ദാക്ഷിണ്യം ഇനി നാം പ്രതീക്ഷിക്കേണ്ടതില്ല. അതിനാൽ നമ്മുടെ മനോരഥം പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ഇനി കാലവിളംബം വേണ്ട. നമുക്കു പോകാം."

ഭദ്രസേനൻ വ്യാജമായി നിർമ്മിച്ച പട്ടികയിൽ പെട്ട സേനാനികളെല്ലാം ഈ വർത്തമാനം ക്ഷണത്തിൽ അറിഞ്ഞു. പ്രാണനെ സ്പർശിക്കുന്ന ആ വിഷയത്തിൽ എല്ലാവരുടെയും മനസ്സ് ഏകീകരിച്ചു. അമരേന്ദ്രസിംഹനെ അമരകൂടത്തിൽവെച്ചു വധിക്കുവാൻ തന്നെ അവരെല്ലാവരും നിശ്ചയവുംചെയ്തു. ചക്രവർത്തിയുടെ തിരുമേനി കാവലിനു സ്വാതന്ത്ര്യമുണ്ടായിരുന്ന ഈ ഉദ്യോഗസ്ഥന്മാർക്ക് അവരുടെ അഭിലാഷം സാധിക്കാൻ ഏതും വിഷമമുണ്ടായില്ല. അമരകൂടത്തിൽനിന്നും പ്രയാണം തുടരുവാൻ നിശ്ചയിച്ചിരുന്നതിൻെറ തലേദിവസം രാത്രിയിൽ ഭദ്രസേനൻ തുടങ്ങിയ ഇരുപതുസേനാനികളും കൂടി ചേർന്ന് പൊടുന്നനവെ അമരേന്ദ്രനെ എതിർത്തു. അവരുടെ നിശിതായുധങ്ങളെല്ലാം ഒരേ സമയത്തിൽ ചക്രവർത്തിയുടെ ശരീരത്തിൽ പ്രയോഗിക്കപ്പെട്ടു. വിഫലമായ ഒരു സമ്മർദ്ദത്തിനുശേഷം അദ്ദേഹം ഹതനായി ഭൂമിയിൽ പതിച്ചു. അമരേന്ദ്രൻെറ മരണം സൈന്യത്തെയോ മഹാസഭയെയോ വ്യാകുലപ്പെടുത്തിയില്ല. അദ്ദേഹത്തിൻെറ ഭരണം അത്യുഗ്രവും രൂക്ഷവും ഭീകരവുമായിരുന്നു. എങ്കിലും പല യുദ്ധാങ്കണങ്ങളിലും രമണകസാമ്രാജ്യത്തിൻെറ അഭിമാനം വീണ്ടെടുത്ത യുദ്ധവീരൻ എന്ന നിലയിൽ അദ്ദേഹം പ്രജകളാൽ സ്മർത്തവ്യനായ ഒരു വ്യക്തിയത്രെ.

അമരേന്ദ്രസിംഹൻ വധിക്കപ്പെട്ടു എന്നുള്ള വൃത്താന്തം കാട്ടുതീപോലെ നാടെങ്ങും പരന്നു. താരാദുർഗ്ഗത്തിൽ പാർത്തിരുന്ന ദേവസേനാമഹാരാജ്ഞിയുടെ സമീ

പദത്തക്ക് ഇതു സംബന്ധിച്ച സന്ദേശവും വഹിച്ചു കൊണ്ടു് അമരകൂടത്തിൽനിന്നും ഒരു ദൂതൻ അതിവേഗത്തിൽ കുതിരയോടിച്ചു പോയി. തങ്ങൾക്കു നിരന്തരമായ ഭീതിയെ ജനിപ്പിച്ചുകൊണ്ടിരുന്ന കണ്ടകൻ വധിക്കപ്പെട്ടതിൽ കോസലം തുടങ്ങിയ രാജ്യങ്ങളിലെ കിരീടപതികൾ അത്യന്തം ആശ്വസ്തരായി. എല്ലാവരും ഒരുമിച്ചുചേന്നു് ഒരു മഹാസൈന്യത്തോടുകൂടി താരാനഗരത്തിൽ എത്തി ദേവസേനാമഹാരാജ്ഞിയെ പണ്ടത്തെപ്പോലെ സംസ്ഥാനത്തിനധിഭർത്രിയായി അഭിഷേകം ചെയ്തു. നിഷ്ഠുരനായ അമരേന്ദ്രനാൽ യുദ്ധാനന്തരം നശിപ്പിക്കപ്പെട്ട ശില്പസുന്ദരങ്ങളായ മന്ദിരങ്ങളും മററു സ്ഥാപനങ്ങളും ഈ രാജാക്കന്മാരുടെ നിരന്തര പരിശ്രമത്താൽ തന്നെ പുനരുദ്ധരിക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ രമണകചക്രവത്തിയുടെ ആക്രമണത്തിനുമുമ്പുള്ള സകലവിധരാമണീയകവും വീണ്ടും ആ വിശിഷ്ടനഗരത്തിനു പ്രദാനം ചെയ്യപ്പെട്ടു. ഇതെല്ലാം ഭദ്രസേനൻെറ നിരന്തരപ്രേരണയുടെ ഫലമാണെന്നുള്ള വസ്തുത വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. മുദിതയായ ദേവസേന വിശ്വസ്തനായ ഭദ്രസേനനെ തൻെറ സവ്വസൈന്യാധിപനായി നിയമിച്ചു. മുൻപുള്ളതിലും ശതഗുണം പ്രവൃദ്ധമായ പ്രതാപത്തോടുകൂടി ഭാഗ്യവതിയായ ആ മഹാരാജ്ഞി തൻെറ സംസ്ഥാനത്തെ കാത്തു.

0 27 ശുഭം.

# KOTTAYAM PUBLIC LIBRARY

M900 **KOTTAYAM**

Cl. No. RAM-D Acc. No. 12856

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 7 APR 2016 | | |
| 1 FEB 2020 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

M900
RAM-D

12856.

രാമകൃഷ്ണപിള്ള. ജി.

ദേവസേനാ.

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

M900

Call No. RAM-D Acc. No. 12856.

Author രാമകൃഷ്ണപിള്ള. ജി.

Title ദേവസേനാ

gpura.org